# TAB

# Trichur Archdiocesan Bulletin

2021 ആഗസ്റ്റ് വാല്യം: 88 ലക്കം: 08

Estd. 1887
ARCHDIOCESE OF TRICHUR




ധനവാനും ലാസറും (ലൂക്കാ 16: 19 -31)



ആദരാഞ്ജലികൾ

**പെ. ബഹു. മോൺ. കാക്കശ്ശേരി ജോസഫ്**

ജനനം : 22.11.1928

തിരുപ്പട്ടം : 21.12.1955

മരണം : 20.07.2021




Trichur Archdiocesan Bulletin TAB

ESTD: 1934

**ആഗസ്റ്റ് 2021**

ലക്കം:8 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 20 |
| നാളാഗമം | 24 |
| നാമകരണ നടപടികൾ | 30 |
| വൈദികർ | 34 |
| ആദരാഞ്ജലികൾ | 37 |
| സന്യസ്തർ | 39 |
| സാമ്പത്തിക കാര്യാലയം | 44 |
| മതബോധനം | 51 |
| സ്ഥാപനങ്ങൾ | 56 |
| സംഘടനകൾ | 71 |

# സർക്കുലർ

**മാർ ആൻഡ്രൂസ് താഴത്ത്**

1294/2021 / 22.07.2021 C- 12

## ഗ്രാന്റ് പാരൻസ് ഡേ

**ജൂലൈ, 25**

പ്രിയ ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, സഹോദരി സഹോദരാരന്മാരെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കളും അതിനാൽത്തന്നെ യേശുവിന്റെ അപ്പൂപ്പനും അമ്മൂമ്മയുമായ വിശുദ്ധ ജോവാക്കിമിന്റെയും വിശുദ്ധ അന്നായുടെയും തിരുനാളിനോടനുബന്ധിച്ച് 2021 ജൂലായ് 25–ാം തീയതി 'ഫസ്റ്റ് വേൾഡ് ഗ്രാൻഡ് പാരൻസ് ഡേ' ആയി ആചരിക്കുവാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണ്. ഇനി മുതൽ എല്ലാ വർഷവും ജൂലായ് മാസത്തിലെ നാലാമത്തെ ഞായറാഴ്ച പ്രായമായവരെയും അപ്പൂപ്പൻ–അമ്മൂമ്മമാരെയും പ്രത്യേകം ആദരിക്കുന്ന ദിനമായി ആചരിക്കണമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം നൽകിയിരിക്കുന്നു.

2021 മെയ് 31–ന് പരി. കന്യകാമറിയത്തിന്റെ സന്ദർശനതിരുനാൾ ദിനത്തിലാണ് 'ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' (മത്താ.28: 20) എന്ന തിരുവചനം

ഉദ്ധരിച്ചുകൊണ്ട് മാർപ്പാപ്പ ഈ സന്ദേശം നൽകിയിരിക്കുന്നത്. ജീവിതത്തിന്റെ പതിനൊന്നാം മണിക്കൂറിൽ ആണെങ്കിലും (മത്താ.20: 1–16) പ്രവർത്തനമേഖലയിൽ നിന്ന് വിരമിക്കാതെ കുടുംബത്തെയും സമൂഹത്തെയും കെട്ടിപ്പടുക്കുന്നതിന് ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനാകുമെന്ന് 78–ാം വയസ്സിൽ മാർപ്പാപ്പയായ തന്റെ അനുഭവം അനുസ്മരിച്ചുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നു.

പ്രായമായ ജോവാക്കിം–അന്ന; സഖറിയ–എലിസബത്ത് ദമ്പതിമാർക്ക് ദൈവം മാലാഖയിലൂടെ സമീപസ്ഥനായി ശക്തിപകർന്ന സംഭവം സഭാപാരമ്പര്യത്തിലുണ്ട്. പരിശുദ്ധാത്മകൃപയിൽ ദൈവത്തിന് ഒന്നും അസാധ്യമല്ല എന്നുള്ള മറിയത്തിന്റെ അനുഭവം (ലൂക്കാ, 1: 37) പ്രായത്തിന്റെ സഹനങ്ങളും ദുഃഖങ്ങളുമെല്ലാം രക്ഷയ്ക്ക് കാരണമാകുമെന്നുള്ള പ്രത്യാശയോടെ ജീവിക്കാൻ നമുക്ക് ശക്തി പകരണം. അതുകൊണ്ട് ജോയേൽ പ്രവാചകൻ പറഞ്ഞതുപോലെ (ജോയേൽ 3: 1) സ്വപ്നങ്ങൾ കാണുവാനും അനുഭവത്തിന്റെ ഓർമ്മയിൽ വരുംതലമുറകളെ ശക്തിപ്പെടുത്തുവാനും അതിനായി പ്രാർത്ഥിക്കുവാനും മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. 2015–ൽ കുടുംബത്തെപ്പറ്റിയുള്ള മെത്രാൻമാരുടെ സിനഡിലും 'സ്നേഹത്തിന്റെ സന്തോഷമെന്ന' പ്രബോധനത്തിലും സൂചിപ്പിച്ചതുപോലെ പേരക്കുട്ടികളുടെ ക്രൈസ്തവ പരിശീലനത്തിൽ അപ്പൂപ്പൻ–അമ്മൂമ്മമാർക്ക് വലിയ പങ്കുണ്ടെന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാൻ കുടുംബങ്ങൾ സജ്ജമാകണം.

'ഗ്രാൻഡ് പാരൻസ് ഡേ'യോടനുബന്ധിച്ച് ജൂലായ് 25–ാം തിയതി, അപ്പൂപ്പൻ–അമ്മൂമ്മമാരെയും പ്രായമായവരെയും നേരിട്ടു സന്ദർശിച്ചോ വീഡിയോകോൾ വഴിയോ ആദരിക്കുവാനും ബഹുമാനിക്കുവാനും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ഇടവകകളിലെ അപ്പൂപ്പൻ–അമ്മൂമ്മമാരെയും പ്രായമായവരെയും ആദരിക്കുന്നതിനായി അതിരൂപത ഫാമിലി അപ്പസ്റ്റൊലെറ്റിന്റെ നേതൃത്വത്തിൽ അന്നേദിവസം വൈകീട്ട് 7 മുതൽ 8.30 വരെ Zoom Platform–ൽ ഒരു മീറ്റിംങ്ങ് സംഘടിപ്പിച്ചിട്ടുണ്ട്. ഇടവകകളിലെ അപ്പൂപ്പൻ–അമ്മൂമ്മമാരെയും പ്രായമായവരെയും ഇതിൽ പങ്കെടുപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈ 'ഗ്രാൻഡ് പാരൻസ് ഡേ' ദിനത്തിൽ പരിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളുകയും കുമ്പസാരം, വിശുദ്ധകുർബാന, പരിശുദ്ധ പിതാവിനുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന എന്നിവ നടത്തുകയും, പ്രായമായവരെയും അപ്പൂപ്പൻ–അമ്മൂമ്മമാരെയും ആദരിക്കുകയും ചെയ്യുന്നവർക്ക് പരിശുദ്ധ സിംഹാസനം ദണ്ഡവിമോചനം കൽപ്പിച്ചരുളിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ ദിവസം നേരിട്ട് വി.

കുർബ്ബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഓൺലൈനായി വി. കുർബ്ബാനയിൽ സംബന്ധിക്കുകയെങ്കിലും ചെയ്താൽ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

ജൂലായ് 25–ാം തിയതി വിശുദ്ധ യാക്കോബ് ശ്ലീഹായുടെ തിരുനാളാണ്. നമുക്ക് പിതൃതുല്യനായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ ദിനമായ അന്ന് മീഡിയ കത്തോലിക്കയിലൂടെയും ഷെക്കെയ്ന ടിവിയിലൂടെയും രാവിലെ 7 മണിക്കുള്ള വി. കുർബാനയോടുകൂടി നമ്മൾ അഭിവന്ദ്യപിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനും സഭയ്ക്കും വേണ്ടി പ്രാർത്ഥിക്കുമല്ലോ.

ഇന്നേദിവസം (ജൂലായ് 25) ജനങ്ങളെ അറിയിക്കുന്നതിനായി മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഒരു സർക്കുലർ നൽകിയിട്ടുണ്ട്. അതിലെ പ്രധാന ആശയങ്ങൾ താഴെപ്പറയുന്നവയാണ്:

1) 2021 ആഗസ്റ്റ് 16 മുതൽ ആഗസ്റ്റ് 27 വരെ സീറോ–മലബാർ മെത്രാന്മാരുടെ സിനഡ് Online–ആയി നടക്കുകയാണ്. അതിന്റെ വിജയത്തിനായി ജൂലായ് 27 മുതൽ ആഗസ്റ്റ് 27 വരെ നീണ്ടുനിൽക്കുന്ന ഒരു മാസത്തെ പ്രാർത്ഥനാചരണം നടത്തുകയും സാധിക്കുന്നവർ വെള്ളിയാഴ്ചകളിൽ ഉപവാസം എടുത്ത് പ്രാർത്ഥിക്കുകയും ചെയ്യുക.

2) നവീകരിക്കപ്പെട്ട കുർബാന ക്രമത്തിന് പരിശുദ്ധ സിംഹാസനം അംഗീകാരം നൽകുകയും 2021 ജൂലായ് 3–ലെ തിരുവെഴുത്ത് വഴി ഫ്രാൻസിസ് മാർപ്പാപ്പ സീറോ–മലബാർ സഭയുടെ വിശുദ്ധ കുർബാന ഒരേ രീതിയിൽ എല്ലായിടത്തും അർപ്പിക്കണമെന്നുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

3) സിനഡ് നിശ്ചയിക്കുന്ന ദിവസം മുതൽ നവീകരിച്ച കുർബാനക്രമം മാർപ്പാപ്പ നിർദ്ദേശിച്ചതുപോലെ നടപ്പിൽ വരുന്നതാണ്.

സി. ബി. സി. ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസും ഈശോസഭയുടെ ദക്ഷിണേന്ത്യൻ തലവനും ആഹ്വാനം ചെയ്തതുപോലെ, പാവപ്പെട്ടവരുടെയും ചൂഷിതരുടെയും ഉന്നമനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ജയിലിൽ ജീവിതത്തിനിടയ്ക്ക് നിര്യാതനായ ഫാ. സ്റ്റാൻസ്വാമിയുടെ ഓർമ്മയാചരണത്തിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ച് 2021 ജൂലായ് 28ന് വൈകിട്ട് 6 മുതൽ 6:45 വരെ സാധിക്കുന്ന രീതിയിൽ

നമ്മുടെ അതിരൂപതയിൽ അനുസ്മരണം നടത്തുന്നത് ഉചിതമാണ്.

ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുവാൻ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ നിയമിച്ചിട്ടുള്ള വിവരം മുമ്പത്തെ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. കമ്മീഷനു മുമ്പാകെ സമർപ്പിക്കേണ്ട നിവേദനങ്ങളുടെ മോഡലുകൾ ഓൺലൈൻ ആയി ആവശ്യമുള്ളവർക്ക് ലഭിക്കുന്നതാണ് (CONTACT: PAROC - FR. PRADEEP MAPRANATHUKARAN-9633423726).

ഇന്ന് നമ്മുടെ സഭ പല തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണല്ലോ. സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയെന്നത് നമ്മുടെയെല്ലാവരുടെയും കടമയാണ്. മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലറിൽ സൂചിപ്പിച്ചരിക്കുന്നതുപ്പോലെ സഭയിൽ ഐക്യവും സമാധാനവും പ്രവർത്തനവിജയവും ഉണ്ടാകുവാൻ പ്രത്യേകമായി പ്രാർത്ഥിക്കാം. പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷിക്കുവാൻ ഒരുങ്ങുന്ന നമുക്ക് അതിരൂപതയുടെ മധ്യസ്ഥയായ പരി. അമ്മയുടെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം. നമ്മുടെ രക്ഷകനായ കർത്താവായ ഈശോമിശിഹായുടെ അനുഗ്രഹവും സംരക്ഷണവും നിങ്ങൾക്കുണ്ടാകട്ടെയെന്ന പ്രാർത്ഥനയോടെ,

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ജൂലായ 25-ന് ജനങ്ങളുടെ അറിവിലേക്ക് ഓൺലൈൻ വഴി നൽകേണ്ടതാണ്. +AT

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1293/2021 C- 11
22.07.2021

### ദീപിക പ്രചാരണ തീവ്രയജ്ഞം

യേശുവിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കേരളസമൂഹത്തിന്റെ സാംസ്കാരികപുരോഗതിക്കും മതസൗഹാർദ്ദത്തിനും നീതിപൂർവ്വകമായ സഹവർത്തിത്വത്തിനും വിദ്യയും വിജ്ഞാനവും എല്ലായിടത്തും എത്തിക്കാനും ദീപിക ദിനപത്രം നൽകിയ സംഭാവനകൾ നിസ്തുലമാണ്. സാമൂഹ്യനീതിയുടെ പോരാളിയായും ശബ്ദമില്ലാത്തവരുടെ ശബ്ദമായും ദീപിക നിലകൊള്ളുന്നതിനാൽ, മലയാളിസമൂഹത്തിന് മാറ്റിനിറുത്താനാകാത്ത ദിനപത്രമാണ് ദീപിക. കത്തോലിക്കാസമുദായത്തിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണ് ദീപിക ദിനപത്രം എന്നതിൽ നമുക്ക് അഭിമാനിക്കാം.

മറ്റു സമുദായങ്ങളോട് ശത്രുതയോ അനീതിയോ പുലർത്താതെ സമാധാനത്തിൽ ജീവിക്കുന്നവരാണ് ക്രൈസ്തവർ. കഠിനാധ്വാനം വഴി ആർജിച്ച വിഭവശേഷിയും നന്മകളും മറ്റുള്ളവരുമായി പങ്കുവയ്

ക്കാൻ നമ്മൾ എപ്പോഴും മുന്നിട്ടിറങ്ങിയിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ഏറ്റവുമധികം സംഭാവന ചെയ്തു കഴിയുന്നവരാണ് ക്രൈസ്തവർ. വിദ്യാഭ്യാസത്തിലും സംവിധാനങ്ങളിലും നമ്മൾ ഒട്ടും പിന്നിലല്ല. എന്നിട്ടും ആയുധം നഷ്ടപ്പെട്ട യോദ്ധാവിനെപ്പോലെ അബദ്ധപ്രചരണങ്ങൾക്കു നടുവിൽ കത്തോലിക്കാ സമുദായത്തിന് നിൽക്കേണ്ടിവരുന്നു. നമുക്കുവേണ്ടി സം സാരിക്കാൻ ശക്തമായൊരു മാധ്യമത്തെ ഇനിയും നമ്മൾ വളർത്താത്ത തുകൊണ്ടാണ് ഈ ദുർഗതി എന്ന് തിരിച്ചറിയണം. പൊതുമാധ്യമങ്ങൾ സത്യം പറയാൻ വിസമ്മതിക്കുകയും സഭാവിരുദ്ധശക്തികൾ സഭയെ താറടിക്കാൻ മത്സരിക്കുകയും ചെയ്യുമ്പോൾ, ക്രൈസ്തവസമുദായത്തിന്റെ നിലപാടുകളും അവകാശങ്ങളും സത്യാവസ്ഥയും നമ്മുടെ സമുദായാംഗങ്ങളെയും പൊതുസമൂഹത്തെയും അറിയിക്കുന്ന, സമുദായത്തിന്റെ നാവും പരിചയുമായി നിലകൊള്ളുന്ന ദിനപത്രം ദീപിക മാത്രമേ ഉള്ളൂ. സമുദായത്തിന്റെ അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ദീപികയുടെ ഇടപെടൽ പലപ്പോഴും കാരണമായിട്ടുണ്ട്.

പത്രവ്യവസായം നടത്തി സാമ്പത്തികനേട്ടമുണ്ടാക്കാനല്ല, അവികലമായ പത്രധർമ്മം നിർവ്വഹിക്കാനാണ് കഴിഞ്ഞ 134 വർഷം ദീപിക പ്രവർത്തിച്ചത്. അതിനാൽ ദീപികയ്ക്ക് കടുത്ത സാമ്പത്തിക പരാധീനതകൾ ഉണ്ടായി. ആ സാഹചര്യത്തിൽ, നമ്മൾ ദീപികയ്ക്കൊപ്പം നിൽക്കാതിരുന്നതുകൊണ്ട് പത്രം മറ്റുചിലരുടെ നിയന്ത്രണത്തിലായിപ്പോയി. പിന്നീട് ഏറെ ക്ലേശങ്ങൾ സഹിച്ചാണ് ദീപികയുടെ ഉടമസ്ഥാവകാശം കത്തോലിക്കാസമുദായത്തിനു നേടിയെടുക്കാനായത്. ദീപിക ഇനിയും നഷ്ടപ്പെടാതിരിക്കണമെങ്കിൽ, ദീപികയെ സ്വന്തമായി കരുതി പരിപോഷിപ്പിക്കണം. നമ്മൾ എന്നും ദീപികയോടൊപ്പമുണ്ടാകണം. അല്ലെങ്കിൽ, ഈ നാവ് നിലച്ചുപോകും. അതോടൊപ്പം നമ്മുടെ സമുദായവും തളരും. നമ്മൾ ഒറ്റക്കെട്ടായി ദീപികയ്ക്കുവേണ്ടി കൈകോർത്താലേ നാളെയും നമുക്കുവേണ്ടി ദീപിക ശബ്ദിക്കുകയുള്ളൂ.

ദീപികയെ വളർത്താനും ശക്തിപ്പെടുത്താനും വേണ്ടി, പത്രത്തിന്റെ തൃശൂർ യൂണിറ്റിന്റെ നടത്തിപ്പ് 2019 നവംബർ 1 മുതൽ തൃശൂർ, പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം രൂപതകൾ അടങ്ങുന്ന തൃശൂർ മെത്രാപ്പോലീത്തൻ പ്രവിശ്യ ഏറ്റെടുത്തു. ഈ നീക്കം ഫലപ്രദമാകണമെങ്കിൽ, അതിരൂപതയിലെ എല്ലാവരും ദീപികയ്ക്കായി കൈകോർക്കണം. പുതിയ കാൽവയ്പുവഴി ഒട്ടേറെ മേന്മകൾ പത്രത്തിന് കൈവന്നിട്ടുണ്ട്. എങ്കിലും, കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതി ദുരന്തങ്ങളും

നിലയ്ക്കാതെ തുടരുന്ന കോവിഡ് മഹാമാരിയും ദീപികയെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അതിനാൽ ദീപികയ്ക്കുവേണ്ടി താഴെപ്പറയുന്ന സത്വരനടപടികൾ സ്വീകരിക്കണമെന്നു നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

1. നമ്മുടെ അതിരൂപതയിൽ ഈ വർഷം ആഗസ്റ്റ് മാസത്തിൽ ദീപിക പ്രചാരണ തീവ്രയജ്ഞം നടത്തുന്നു. എല്ലാ കുടുംബങ്ങളും ദീപിക പത്രത്തിന്റെ വരിക്കാരാകാനുള്ള അവസരമാണ് ഇത്. ഇതിനുള്ള കർമ്മപരിപാടികൾ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിലാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. അവർ നിങ്ങളെ സമീപിക്കുമ്പോൾ ആത്മാർത്ഥമായി സഹകരിക്കുമല്ലോ.
2. ദീപികയെ അറിയാനും പ്രചരിപ്പിക്കാനും ശക്തിപ്പെടുത്താനുമായി നമ്മുടെ അതിരൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും 2021 ആഗസ്റ്റ് 8 അല്ലെങ്കിൽ ആ മാസത്തിലെ ഒരു ഞായർ 'ദീപിക ഞായർ' ആയി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇടവകകളിലും സ്ഥാപനങ്ങളിലും ദീപികയെക്കുറിച്ചുള്ള അറിവും അവബോധവും നൽകാൻ ഈ ദിനം ഉപയോഗപ്പെടുത്തണം.
3. അറിവിനോടൊപ്പം മൂല്യങ്ങളും പകരുന്നതിന് വിദ്യാർത്ഥികൾ ഉള്ള കുടുംബങ്ങളിൽ ദീപികപത്രവും വരുത്തുന്നതിന് മാതാപിതാക്കന്മാർ പ്രത്യേകം മുൻകൈയെടുക്കണം. (സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടി സാമ്പത്തികശേഷിയുള്ളവർ സ്പോൺസർമാരാകണം).
4. അധ്യാപകർ, സർക്കാർ ജീവനക്കാർ, ബിസിനസ്സുകാർ, ഇടവകയിലെ നേതൃത്വനിരിയിലുള്ള കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബകൂട്ടായ്മ, ഭക്തസംഘടന ഭാരവാഹികൾ, വിശ്വാസപരിശീലകർ, സാമ്പത്തികശേഷിയുള്ളവർ എന്നിവർ തങ്ങളുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ദീപിക വരുത്തുന്നതിന്, നിർബന്ധിക്കാതെത്തന്നെ, മുന്നോട്ടുവരണം.
5. പരസ്യവരുമാനത്തിലൂടെ മാത്രമേ പത്രത്തെ നഷ്ടം കൂടാതെ മുന്നോട്ടു കൊണ്ടുപോകാനാകൂ. നമ്മുടെ സമുദായാംഗങ്ങളുടെ ജന്മദിനം, വിവാഹം, ജൂബിലി, ചരമം, ചരമദിനാചരണം, തൊഴിലന്വേഷണം മുതലായവ സംബന്ധിച്ച വ്യക്തിപരമായ പരസ്യങ്ങൾ ദീപിക പത്രത്തിനു നൽകി സാമ്പത്തികമായി പിന്തുണയ്ക്കണം. വാണിജ്യപരസ്യങ്ങളും ദീപികയ്ക്ക് ലഭിക്കാൻ വഴിയൊരുക്കണം.

6. പള്ളികളും സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും പരസ്യങ്ങൾ നൽകി ദീപികയെ സഹായിക്കണം. ദീപികയ്ക്ക് നൽകിയതിനുശേഷമേ ഇതര മാധ്യമങ്ങൾക്ക് നൽകാവൂ.

7. ദീപികയെ ശക്തിപ്പെടുത്താൻ രൂപം കൊണ്ടിട്ടുള്ളതാണ് ദീപിക ഫ്രണ്ട്സ് ക്ലബ്. നമ്മുടെ അതിരൂപതയിലെ കുടുംബകൂട്ടായ്മകൾത്തന്നെയാണ് ദീപിക ഫ്രണ്ട്സ് ക്ലബായി പ്രവർത്തിക്കുന്നത്. കുടുംബകൂട്ടായ്മകളുടെ കേന്ദ്രസമിതിയാണ് ഇടവകതലത്തിലും ഫൊറോനതലത്തിലും അതിരൂപതാതലത്തിലും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ ഭാരവാഹികൾ.

8. ദീപികയുടെ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഓരോ ഇടവകയിലും ദീപിക പ്രൊമോട്ടർ ഉണ്ടായിരിക്കണം. ദീപികയുടെ വരിക്കാരെ കണ്ടെത്തുക, പത്രവിതരണം  കുറ്റമറ്റരീതിയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക, ദീപികയിലേക്ക് ഇടവകാതിർത്തിയിൽനിന്നുള്ള വാർത്തകളും പരസ്യങ്ങളും ശേഖരിക്കുക എന്നിവയ്ക്ക് ദീപികയുടെ പ്രൊമോട്ടറുടെ സേവനം ഉണ്ടായിരിക്കും.

9. ഇടവകയിലെ  ദീപിക തീവ്രപ്രചാരണയജ്ഞത്തെയും ദീപിക പ്രൊമോട്ടറെയും കുറിച്ച് ഇടവകജനത്തെ മുഴുവൻ അറിയിക്കുന്നതിനും ഈ യജ്ഞം വിജയകരമാക്കുന്നതിനും ബഹു. വികാരിമാർ ഊർജിതമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രചാരണത്തിന്റെ ഈ ഘട്ടത്തിൽ ഓരോ കുടുംബകൂട്ടായ്മയിലും പുതിയതായി 10 വരിക്കാരെങ്കിലും ഉണ്ടാകുന്നുവെന്ന് ബഹു. വികാരിയും കുടുംബകൂട്ടായ്മ ഭാരവാഹികളും ഉറപ്പുവരുത്തണം.

10. വീടുകളിൽ നിന്നുള്ള പേഴ്സണൽ പരസ്യങ്ങൾ ദീപികയ്ക്കു ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങളും ഇടവകയിൽ ഏർപ്പെടുത്തേണ്ടതാണ്.

വിശദമായ പ്രവർത്തനപരിപാടികൾ കുടുംബകൂട്ടായ്മ കേന്ദ്രസമിതിവഴി ലഭിക്കുന്നതായിരിക്കും. എല്ലാ കുടുംബങ്ങളിലും ദീപിക പത്രം വരുത്താനുള്ള ശ്രമം ഒരുകാരണവശാലും മറ്റു പത്രങ്ങൾക്കെതിരായ പ്രവർത്തനമല്ല. അവ വാങ്ങുന്നതിനോ വായിക്കുന്നതിനോ യാതൊരു എതിർപ്പോ വിലക്കോ ഇതുവഴി ഉദ്ദേശിക്കുന്നില്ല. നമ്മുടെ സമുദായം നടത്തുന്ന  പത്രമെന്നനിലയിൽ,  സമുദായത്തിലെ എല്ലാ കുടുംബങ്ങളും ദീപികയുടെ വരിക്കാരാകുന്നത് സമുദായത്തോടുള്ള നമ്മുടെ കടമയാണ്.

സഭയുടെ സംരക്ഷകനായി വണങ്ങുന്ന വി. യൗസേപ്പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ട ഈ വർഷത്തിൽ, സഭാസംരക്ഷണത്തിന്റെ ജിഹ്വയായ ദീപികയുടെ വളർച്ചയ്ക്കായുള്ള പരിശ്രമത്തിൽ പങ്കാളികളാകുന്ന എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും 2021 ആഗസ്റ്റ് 1 ന് ജനങ്ങളുടെ അറിവിലേക്ക് നൽകേണ്ടതാണ്.

+AT

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1269/2021 / 19.07.2021 C- 10

## വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29

ഈശോമിശിഹായിൽ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരി സഹോദരന്മാരെ,

"നിങ്ങളുടെ വിശ്വാസത്തെ സുകൃതം കൊണ്ടും, സുകൃതത്തെ ജ്ഞാനം കൊണ്ടും, ജ്ഞാന ത്തെ ആത്മ സംയമനം കൊണ്ടും, ആത്മസംയമനത്തെ ക്ഷമ കൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദര സ്നേഹം കൊണ്ടും, സഹോദരസ്നേഹ ത്തെ ഉപവികൊണ്ടും സമ്പൂർണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ" (2 പത്രോ. 1:5–7) എന്ന തിരുവചനം ജീവിതം കൊണ്ട് അന്വർ ത്ഥമാക്കി മാതൃക നൽകിയ വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ദിനം– 2021 ആഗസ്റ്റ് 29 – അടുത്തു വരികയാണ്. പതിവ് ആഘോഷങ്ങളൊ ന്നുമില്ലാതെ കഴിഞ്ഞ വർഷത്തെപോലെ നവനാൾ ദിന ങ്ങളിലെയും തിരുനാൾ ദിവസത്തെയും തിരുകർമ്മങ്ങ ളിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നമുക്ക് പങ്കെടുക്കാൻ സാധിക്കുക.

ഒരു വലിയ മാനസാന്തരത്തിലേക്കും അഗാധമായ ആത്മാർപ്പണത്തിലേക്കും വി. എവുപ്രാസ്യമ്മ നമ്മെ ക്ഷ ണിക്കുന്നു. ഈ ലോകത്തിലെ സകല മനുഷ്യർക്കുവേ ണ്ടിയും സ്വന്തം ജീവരക്തം വിടുതൽ വിലയായി നൽകിയ രക്ഷകനായ യേശുവിനോട് ചേർന്നു നിൽക്കാൻ കാലാകാ ലങ്ങളിൽ ദൈവം വിശുദ്ധരെ ഉണർത്തുന്നുവെന്ന് ചരിത്രം തെളിയിക്കു ന്നു. 20–ാം നൂറ്റാണ്ടിൽ ഒരു ദഹനബലിയായി തീർന്ന വി. എവുപ്രാസ്യ മ്മ, പൗരോഹിത്യ–സമർപ്പിത ജീവിതം വലിയ വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ആ വെല്ലു വിളി സധൈര്യം ഏറ്റെടുക്കാനുള്ള പ്രചോദനമായി മാറട്ടെ എന്ന് പ്രാർത്ഥിക്കാം.

കോളറ പടർന്ന് പിടിച്ച് ഒരു മഹാമാരിയിൽ ജീവിതങ്ങൾ കൊഴി ഞ്ഞു വീണുകൊണ്ടിരുന്ന 19–ാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ, രോഗ ത്തെ ഭയപ്പെടാതെ അവരെ ശുശ്രൂഷിക്കുവാൻ എവുപ്രാസ്യമ്മ ധൈര്യം കാണിച്ചുവെന്നത് ശ്രദ്ധേയമാണ്. ഈ ലോകജനതയെ മുഴുവൻ വിഴുങ്ങുന്ന കോവിഡ് മഹാമാരി വിട്ടുപോകാൻ വി. എവുപ്രാസ്യമ്മയോടു ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം. കോവിഡ് 19 മൂന്നാം തരംഗത്തെക്കുറി ച്ചുള്ള ഭയാശങ്ക മാനവരാശിയുടെ മനസിനെ മദിച്ചുകൊണ്ടിരിക്കുമ്പോൾ അനുതാപമൂറുന്ന ഹൃദയത്തോടെ ദൈവവചനത്തിന് കാതോർക്കാൻ വിശുദ്ധയുടെ മാതൃക നമ്മെ സഹായിക്കട്ടെ.

പ്രാർത്ഥിക്കുന്ന അമ്മയായും, സഞ്ചരിക്കുന്ന സക്രാരിയായും, സക്രാരിയുടെ കാവൽക്കാരിയായും, ദിവ്യകാരുണ്യ എവുപ്രാസ്യയായും മാറിയ ഒല്ലൂരിലെ വി. എവുപ്രാസ്യമ്മ, ദിവ്യബലിയിലും മറ്റു തിരുകർമ്മ ങ്ങളിലും പങ്കെടുക്കാൻ തടസങ്ങളനുഭവപ്പെടുന്ന ഈ കോവിഡ് കാല ഘട്ടത്തിൽ, സ്വന്തഭവനത്തെ ദേവാലയമാക്കാനും ജപമാലമണികളുടെ ആവർത്തന ശക്തികൊണ്ട് സ്വന്തഭവനത്തിന് സംരക്ഷണകോട്ട തീർ ക്കുവാനും പ്രചോദനം നൽകട്ടെ.

വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ദിനത്തിൽ വിശ്വാസികൾ ക്ക് ഒല്ലൂരുള്ള അമ്മയുടെ കബറിടത്തിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പരിമിതികളുള്ള ഈ വർഷവും, ആഗസ്റ്റ് 20–ാം തിയതി ആരംഭിക്കുന്ന എവുപ്രാസ്യമ്മയുടെ നവനാൾ–തിരുനാൾ ദിനങ്ങളിലെ വി. കുർബാനയും നൊവേനയും ഞായറാഴ്ച ദിവസം രാവിലെ 7–നും മറ്റു ദിവസങ്ങളിൽ രാവിലെ 6.45–നും ഷെക്കെയ്ന ടിവിയിലും, മീഡിയ കത്തോലിക്ക, സി.എം.സി. വിഷൻ എന്നീ യുട്യൂബ് ചാനലുകൾ വഴിയും ലഭ്യമാക്കുന്നുണ്ട്.

തിരുനാളിനൊരുങ്ങുമ്പോൾ വി. എവുപ്രാസ്യമ്മയുടെ ശക്തമായ മദ്ധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2021 ആഗസ്റ്റ് 8–ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1254/2021 C- 9
15.07.2021

## ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനും അതിരൂപത പ്രവർത്തനങ്ങളും

മിശിഹായിൽ സ്നേഹമുള്ളവരെ,

രാഷ്ട്രനിർമ്മിതിക്ക് ഏറെ സംഭാവനകൾ ചെയ്ത സമുദായമാണ് ക്രൈസ്തവരുടേതെന്ന് ചരിത്രപരമായി അംഗീകരിക്കപ്പെട്ട വസ്തുതയാണല്ലൊ. വിദ്യാഭ്യാസ-ആതുരശുശ്രൂഷ-സാംസ്ക്കാരിക-സാമ്പത്തിക-ഭരണരംഗങ്ങളിൽ നിസ്തുല സംഭാവനകൾ നല്കിവന്ന നമ്മുടെ സമുദായം ഇന്ന് ഈ മേഖലകളിൽ ഏറെ പിന്നോക്കം പോകുന്നുവെന്ന് സമീപകാല പഠനങ്ങൾ തെളിയിക്കുന്നു. ഗതകാല പ്രതാപത്തിന്റെ ഓർമ്മയിൽ അഭിരമിക്കുന്ന നമ്മിൽ പലരും നമ്മുടെ സമുദായത്തിന്റെ അടിസ്ഥാനങ്ങൾ തകരുന്നത് തിരിച്ചറിയുന്നില്ലയെന്നത് ദുഖകരമായ യാഥാർത്ഥ്യമാണ്. രാഷ്ട്രീയ മേഖലയിലെ പ്രാതിനിധ്യവും തൊഴിൽമേഖലയിലെ പ്രത്യേകിച്ച് ഗവൺമെന്റ് മേഖലയിലെ പങ്കാളിത്തവും സമാനതകളില്ലാതെ കുറയുന്നു. ആളോഹരി കടത്തിൽ നമ്മുടെ സമുദായം മുന്നിലാണെന്നു മാത്രമല്ല, കൈവശ

മുള്ള ഭൂസ്വത്തിൽ കാര്യമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് നമ്മുടെ യുവതലമുറ പിൻതള്ളപ്പെടുന്നു. സാംസ്ക്കാരിക രംഗത്ത് നമ്മുടെ സംഭാവനകൾ തമസ്ക്കരിക്കപ്പെടുന്ന സാഹചര്യവുമുണ്ട്. ന്യൂനപക്ഷ അവകാശങ്ങളുടെ വിതരണത്തിലെ അസന്തുലിതാവസ്ഥ സമീപകാലവിധിയിലൂടെ ബഹു. ഹൈക്കോടതി തന്നെ ചൂണ്ടിക്കാണിച്ചതാണല്ലോ. സമുദാ യമെന്ന നിലയിൽ നമ്മുടെ അസ്തിത്വത്തെത്തന്നെ ദുർബലപ്പെടുത്തു കയും വളർച്ചയെ മുരടിപ്പിക്കുകയും ചെയ്യുന്ന ഈ സാഹചര്യങ്ങളെ മാറ്റിയെടുക്കാൻ പരിശ്രമിക്കുകയെന്നത്, നമ്മോടും ഭാവി തലമുറയോടും സഭയോടും നാം നിർവ്വഹിക്കേണ്ട ഉത്തരവാദിത്വമാണ്.

നമ്മുടെ സമുദായം നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ, അഭിവന്ദ്യപിതാക്കന്മാരും സമുദായ നേതാക്കളും വളരെ വർഷങ്ങളായി പരിശ്രമിക്കുന്നുണ്ടായിരുന്നു. ഈ അഭ്യർത്ഥനകളെ പരിഗണിച്ച്, ക്രൈസ്തവ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ, കേരള സർക്കാർ, ജസ്റ്റിസ് ജെ. ബി. കോശി അദ്ധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ച വിവരം മാധ്യമങ്ങളിലൂടെയും നമ്മുടെ അതിരൂപതയിലെ വിവിധ ചർച്ചാവേദികളിലൂടെയും നിങ്ങൾ അറിഞ്ഞുകാണുമല്ലോ. നമുക്ക് ഏറെ പ്രതീക്ഷ നല്കുന്ന തീരുമാനമാണിത്. ക്രിസ്തീയ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ–സാമ്പത്തിക മേഖലകളിലെ പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവയാണ് കമ്മീഷന്റെ പഠനവിഷയം. നമ്മുടെ പിന്നോക്കാവസ്ഥ ഭരണഘടനാപരമായി പരിഹരിക്കാനുള്ള ചരിത്രപരമായ അവസരമാണ് നമുക്കിപ്പോൾ ലഭിച്ചിരിക്കുന്നതെന്ന് ഏവരേയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭാവി തലമുറക്കായി ഒരുമിച്ചു പ്രവർത്തിക്കാൻ ലഭിച്ച ഈ അവസരം ഉത്തരവാദിത്വത്തോടെ നമുക്ക് വിനിയോഗിക്കാം. അതിനാൽ, ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ വിഭ്യാഭ്യാസ–സാമ്പത്തിക–സാമുദായിക മേഖലകളിലെ നമ്മുടെ സമുദായത്തിന്റെ പിന്നോക്കാവസ്ഥയും നേരിടുന്ന വെല്ലുവിളികളും പരിഹരിക്കാനും, ദുർബലവിഭാഗങ്ങളുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാനും, എല്ലാവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള താഴെപ്പറയുന്ന ക്രമീകരണങ്ങളുമായി എല്ലാവരും സഹകരിക്കുമല്ലോ.

**അതിരൂപതതല ഒരുക്കങ്ങൾ**

കമ്മീഷനു മുമ്പിൽ സമുദായത്തിന്റെ ആവശ്യങ്ങൾ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നതിന്റെ ഭാഗമായി, കേരളത്തിലെ വിവിധ രൂപതകൾ സാമൂഹിക–സാമ്പത്തിക

സ്ഥിതി പഠനം നടത്തുന്നുണ്ട്. നമ്മുടെ അതിരൂപതയിലെ പറോക് ഗവേഷണ കേന്ദ്രമാണ് കേരളസഭയിൽ വിവിധ രൂപതകളെ ഈ പഠനത്തിന് സഹായിക്കുന്നത് എന്നത് ഏറെ അഭിമാനകരമാണ്. നമ്മുടെ അതിരൂപതയിലും ഈ പഠനം പൂർത്തിയായി വരുന്നു. വിവിധ മേഖലകളിലെ വിദഗ്ദർ കമ്മീഷനുമുമ്പിൽ നമ്മുടെ അതിരൂപത സമർപ്പിക്കേണ്ട വസ്തുതകളും നിർദ്ദേശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. അതിരൂപതയിലെ വിവിധ തലങ്ങളിൽ നിന്ന് നിവേദനങ്ങൾ സമർപ്പിക്കാനാവശ്യമായ സഹായവും പിൻതുണയും നല്കുന്നതിനായി അതിരൂപതയിൽ ഒരു ഓഫീസും ക്രമീകരിച്ചിട്ടുണ്ട്.

**ആരെല്ലാം ഈ ദൗത്യത്തിൽ പങ്കാളികളാകണം**

ഭാവി തലമുറക്കുവേണ്ടി കേരളസഭ ഒന്നിച്ചു നിറവേറ്റുന്ന ഈ ദൗത്യത്തിൽ അതിരൂപതയിലെ എല്ലാവരും പങ്കുകാരാകണമെന്ന് ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. എല്ലാ അതിരൂപതാംഗങ്ങളും വ്യക്തിപരമായും കുടുംബമായും നമ്മുടെ ആവശ്യങ്ങൾ കമ്മീഷനെ അറിയിക്കുമല്ലോ. കൂടാതെ, പള്ളിയോഗങ്ങൾ, കുടുംബകൂട്ടായ്മകൾ, സംഘടനകൾ, മതബോധനയൂണിറ്റ്, പാക്ട്, സമർപ്പിത സമൂഹങ്ങൾ, പാസ്റ്ററൽ കൗൺസിൽ, വൈദിക സമൂഹം തുടങ്ങിയവർ അവരവരുടെ കൂട്ടായ്മകളിൽ നിന്നും  സാധിക്കുന്നത്ര നിവേദനങ്ങൾ സമർപ്പിക്കേണ്ടതാണ്. ഇടവകതലത്തിൽ ബഹു. വികാരിമാരും കൈക്കാരൻമാരും, ഫൊറോനതലത്തിൽ ബഹു. ഫൊറോന വികാരിമാരും അതിരൂപതാതലത്തിൽ ബഹു. മോൺ. തോമസ് കാക്കശ്ശേരിയച്ചന്റെ നേതൃത്വത്തിലുള്ള സമിതിയും ഓഫീസും നേതൃത്വം നല്കേണ്ടതാണ്. അതിരൂപതയുടെ കൂട്ടായ ശബ്ദം ഉയർത്താൻ നമുക്ക് ഒരുമിക്കാം.

**എങ്ങിനെയാണ് നിവേദനങ്ങൾ അയക്കേണ്ടത്**

1. christianminoritycommission@gmail.com എന്ന കമ്മീഷന്റെ ഇമെയിൽ വിലാസത്തിൽ അയക്കാവുന്നതാണ്. നിവേദനങ്ങളുടെ പകർപ്പ് jjbcctcr@gmail.com എന്ന വിലാസത്തിൽ അതിരൂപതകേന്ദ്രത്തിലേക്ക് അയക്കുക.
2. സെക്രട്ടറി, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ, രണ്ടാം നില, ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്, പനമ്പിള്ളി നഗർ, കൊച്ചി – 682036 എന്ന വിലാസത്തിൽ നിവേദനങ്ങളുടെ 3 കോപ്പികൾ തപാൽ വഴി അയക്കാവുന്നതാണ്. നിവേദനങ്ങളുടെ കോപ്പി അതിരൂപതതല ഓഫീസിലേക്കും അയക്കുമല്ലോ.
3. നിവേദനങ്ങൾ തയ്യാറാക്കി അതിരൂപത കേന്ദ്രത്തിൽ എത്തിക്കുക. സംഘടനകളുടെ/കുടുംബകൂട്ടായ്മകളുടെ/ഇടവകകളുടെ നിവേദ

നങ്ങൾ ഫൊറോനതലത്തിൽ ശേഖരിച്ച് ആർച്ച് ബിഷപ്സ് ഹൗസിൽ ഏല്പ്പിക്കാവുന്നതാണ്. അതിരൂപതയിൽനിന്ന് ഒരുമിച്ച് കമ്മീഷൻ ഓഫീസിൽ ഏല്പ്പിക്കുന്നതാണ്.

നിവേദനങ്ങളുടെ മാതൃകകൾ അതിരൂപത ഓഫീസിൽനിന്നും ലഭ്യമാണ്. ആവശ്യമായ വിശദീകരണങ്ങളും ബോധവൽക്കരണങ്ങളും നടത്താൻ അതിരൂപത ടീം സജ്ജമാണ്. നിവേദനങ്ങൾ ജൂലൈ 30ന് മുമ്പ് കമ്മീഷൻ ഓഫീസിൽ സമർപ്പിക്കാൻ/അതിരൂപത കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലൊ.

സ്നേഹമുള്ളവരേ, നമ്മുടെ സമുദായത്തിന്റെ ഉന്നതിക്കും നിലനിൽപ്പിനും വേണ്ടിയുള്ള പരിശ്രമങ്ങളിൽ നമുക്ക് നമ്മുടേതായ പങ്കുവഹിക്കാം. നമ്മുടെ വരും തലമുറകളെ മുന്നിൽകണ്ടുകൊണ്ട് സർക്കാരിലേക്ക് സമുദായത്തിന്റെ ആവശ്യങ്ങൾ തെളിവുകളുടെ പിൻബലത്തോടെ നിവേദനങ്ങളായി അർപ്പിക്കേണ്ടത് വരുംതലമുറയോ ടുള്ള നമ്മുടെ കടമയാണ്. പിന്നോക്കാവസ്ഥയിൽ നിന്ന് കരേറുവാൻ സർക്കാർ സഹായം ലഭിക്കുവാൻ പൗരന്മാരെന്ന നിലയിൽ നമുക്ക് അവകാശമുണ്ടല്ലോ. എന്നാൽ, അതിനായി നാമെല്ലവരുടെയും നിവേദനങ്ങളും കൂട്ടായ പ്രവർത്തനങ്ങളും ആവശ്യമാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വവും പിൻതുണയും നല്കുന്ന എല്ലാവരേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട് നിറുത്തുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ജൂലായ് 18–ന് ജനങ്ങളുടെ അറിവിലേക്ക് ഓൺലൈൻ വഴി നൽകേണ്ടതാണ്. +AT

# കച്ചേരി വാർത്തകൾ

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

ആഗസ്റ്റ് 1 : **കൈത്താ നാലാം ഞായർ**
പതിനഞ്ചു നോമ്പാരംഭം
4 : വി. ജോൺ മരിയ വിയാനി
6 : ആദ്യവെള്ളി
നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
7 : വി. ഡൊമിനിക് (8 ഞായർ)
8 : **കൈത്താ അഞ്ചാം ഞായർ**
10 : വി. ലോറൻസ്
11 : വി. ക്ലാര
13 : വി. ശ്മോനിയും ഏഴു മക്കളും
14 : വി. മാക്സ്മില്യൻ കോൾബേ
15 : **കൈത്താ ആറാം ഞായർ**
പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യദിനം
20 : വി. ശിമയോൻ ബർസബായും സഹരക്ത സാക്ഷികളും
21 : വി. പത്താം പിയൂസ്
22 : **കൈത്താ ഏഴാം ഞായർ**
24 : വി. ബർത്തലോമിയോ ശ്ലീഹാ
28 : വി. അഗസ്റ്റിൻ
വി. എവുപ്രാസ്യ (29 ഞായർ)
29 : **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ**

### 2. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ :

ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പി

ക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനും മുമ്പായി ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാനവിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടി കൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

**3. വിയാനി ഡേ**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4ന് ആഘോഷിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു. അന്നേദിവസം വി. കുർബാന മധ്യേ എല്ലാ വൈദികർക്കും വേണ്ടിയും

പ്രത്യേകിച്ച് പൗരോഹിത്യ സുവർണ്ണ–രജത ജൂബിലി ആഘോഷിക്കുന്ന വദീകർക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ.

**4. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2021 ആഗസ്റ്റ് 2–ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും 2021 ജൂലൈ മാസത്തെ ബുള്ളറ്റിനിൽ സാമ്പത്തികകാര്യാലയ വാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തെരട്ട് കൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെ വരേണ്ടതാണ്.
2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക്(രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്–ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ– (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.
3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടു സംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭാപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം $1/_2$%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ്

ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. (ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, സമർപ്പിതർ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നൽകുന്ന കണക്കുകൾ കൃത്യമാണോ എന്ന് ഉറപ്പു വരുത്തണം). വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**5. വൈദികനിയമനം:**

1. ഫാ. സിന്റോ പൊറുത്തൂർ – സഹായി പറോക്ക് കൂടി; സാധുത 2021 ജൂൺ 18 മുതൽ.
2. ഡീ. സേവ്യർ തോമസ് കിടങ്ങൻ – ഡീക്കൻ മിനിസ്ട്രി ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടൂർ & സെന്റ് തോമസ് ചർച്ച്, പടവരാട്; സാധുത 2021 ജൂലൈ 15 മുതൽ ആഗസ്റ്റ് 31 വരെ.
3. ഫാ. തോമസ് പൂപ്പാടി– അസി. മാനേജർ സെന്റ് മേരീസ് ഐ.ടി. ഐ. & തൊഴിലഭ്യസനപീഠം, മാനേജർ പി. എസ്. സി. കോച്ചിംഗ് സെന്റർ ഒഴിവായി; സാധുത 2021 ജൂലൈ 1 മുതൽ.
4. ഫാ. വർഗ്ഗീസ് എടക്കളത്തൂർ – അസി. മാനേജർ സെന്റ് മേരീസ് ഐ. ടി. ഐ. & തൊഴിലഭ്യസനപീഠം, മാനേജർ പി. എസ്. സി. കോച്ചിംഗ് സെന്റർ കൂടി; സാധുത 2021 ജൂലൈ 1 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# നാളാഗമം

**ജൂൺ 2021**

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വർഗ്ഗീസ് തരകനച്ചൻ പുതുക്കാട് ഫൊറോനയിൽ വച്ച് ഫൊറോന യിലെ വിവിധ ഇടവകകളിൽ നിന്നു ള്ളവർക്ക് നല്കുന്ന സഹായ ധന ത്തിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. കെ.സി.ബി.സി.യുടെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സിൻസൻ എടക്കളത്തൂർ അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരു കർമ്മങ്ങൾക്ക് മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്രിമേഷൻ സെന്ററിൽ സഹകാർമ്മികനായി. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ സ്റ്റാഫ് ഓൺലൈൻ മീറ്റിംങ്ങിൽ പിതാവ് അഭിസംബോധന ചെയ്തു സംസാരിച്ചു.
2. അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി.യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. പോൾ പുലിക്കോട്ടിൽ അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മ ങ്ങൾക്ക് മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകി. അഭിവന്ദ്യ

പിതാക്കന്മാർ വൈകീട്ട് തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യപിതാക്കന്മാർ കെ.സി.ബി.സി.യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് മറ്റം ഇടവകയിൽ വച്ച് കണ്ടാണിശ്ശേരി ഇടവകാംഗമായ ഫാ. പോൾ പുലിക്കോട്ടിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യപിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. വൈകിട്ട് ഡി.ബി.സി.എൽ.സി.യിൽ വച്ച് പരിശുദ്ധ കുർബ്ബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി.
4. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് മേരീസ് കോളേജിലെ കോൺവെന്റ് ചാപ്പലിൽ വി. ബലി അർപ്പിക്കുകയും വൈകിട്ട് ഓൺലൈൻ പ്രാർത്ഥനയിൽ സംബന്ധിക്കുകയും ചെയ്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് എ.കെ.സി.സി., സി.എൽ.സി., കെ.സി.വൈ.എം, പ്രവർത്തകരോടൊപ്പം വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. വൈകിട്ട് ഇ.ഡബ്ള്യു.എസ്. സംബന്ധിച്ച വെബിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചക്കഴിഞ്ഞ് മുല്ലശ്ശേരി ഇടവകാംഗമായ ഫാ. സിൻസൻ എടക്കളത്തൂരിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യപിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അതിരൂപത കെ.സി.വൈ.എമ്മും അതിരൂപത സി.എൽ.സി.യും സംഘടിപ്പിച്ച വിവിധ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് ഇ.ഡബ്ള്യു.എസ്. വെബിനാറിൽ മോഡറേറ്ററായി. അഭിവന്ദ്യപിതാക്കന്മാർ ഡി.ബി.സി.എൽ.സി.യിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന എഫ്.സി.സി. സിസ്റ്റേഴ്സിന് യാത്രയയപ്പ് നൽകുന്നതുമായി ബന്ധപ്പെട്ടും പുതിയതായി ഈ ശുശ്രൂഷ ഏറ്റെടുത്ത സി. എച്ച്. എഫ് സിസ്റ്റേഴ്സിന് സ്വാഗതം നൽകുന്നതുമായും ബന്ധപ്പെട്ടും നടത്തിയ സമ്മേളനത്തിൽ പങ്കെടുത്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകിട്ട് PAROC ന്റെ നേതൃത്വത്തിൽ Judgement നെ കുറിച്ച് നടന്ന സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറക്കൽ പള്ളിയിൽ വി. ബലി അർപ്പിക്കുകയും പുനർനിർമ്മാണത്തിലിരിക്കുന്ന പള്ളിയുടെ കട്ടിളവയ്പ്പ് ശുശ്രൂഷക്ക് നേതൃത്വം നൽകുകയും ചെയ്തു.
7. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ബെൽജിയത്തെ ലൂവൈൻ

സർവകലാശാലയുടെ ഒരു ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

8. അഭിവന്ദ്യ താഴത്ത് പിതാവ് ദീപികയുടെ Apex മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് അതിരൂപതയുടെ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി രൂപം കൊടുത്ത ഹെൽപ്പ് ഡെസ്ക്കിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു.

9. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് ഫാ. ജോൺ കവലക്കാട്ട് ജൂനിയർ അച്ചന്റെ അന്തരിച്ച അമ്മക്ക് വേണ്ടി മാളയിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് പെരിഞ്ചേരി തിരുഹൃദയ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. കണ്ടശ്ശാംകടവ് ഇടവകാംഗമായ ഫാ. സജു വടക്കേത്തലയുടെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് തെക്കൻ താണിശ്ശേരി ഇടവകാംഗമായ ഫാ. ജോസ് കാച്ചപ്പിള്ളിയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജൂബിലി മിഷ്യൻ ആശുപത്രിയിൽ ഒരു മീറ്റംഗിൽ സംബന്ധിച്ചു. വൈകിട്ട് പാക്ട് സംഘടിപ്പിക്കുന്ന യുവദമ്പതികൾക്ക് വേണ്ടിയുള്ള ഓൺലൈൻ പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി.ബി.സി.എൽ.സി. യിൽ വിശുദ്ധ ബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് ഈ വർഷം ഷംഷബാദ് രൂപതയിലെ പാർവതിപുരത്തും ചാന്ദയിലും മിഷ്യൻ ദൗത്യം തുടങ്ങുന്ന ബഹു. അച്ചന്മാർക്ക് വേണ്ടി പ്രാർത്ഥിക്കാനും ആശംസകൾ നേരാനും കൂടിയ തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ ഓൺലൈൻ മീറ്റിംങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറ്റുപ്പുഴ O.Carm പ്രോവിൻഷ്യൽ ഹൗസിൽ ബ്രദേഴ്സിന് ഡീക്കൻ പട്ടവും സബ്–ഡീക്കൻ പട്ടവും നൽകി. വൈകിട്ട് പാക്ട് സംഘടിപ്പിക്കുന്ന യുവദമ്പതികൾക്ക് വേണ്ടിയുള്ള ഓൺലൈൻ പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു.

12. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും മറ്റം മതബോധന യൂണിറ്റ് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും സെന്റ് തോമസ് കോളേജിന്റെ ഒരു വെബിനാറിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് പാക്ട് സംഘടിപ്പിക്കുന്ന യുവദമ്പതികൾക്ക് വേണ്ടിയുള്ള ഓൺലൈൻ പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു.

13. അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് കത്തോലിക്കസഭ പത്രത്തിന്റെ

എഡിറ്റോറിയൽ മീറ്റിംങ്ങിലും സംബന്ധിച്ചു. വൈകിട്ട് സെന്റ് തോമസ് കോളേജിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്നവരുടെ ഇന്റർവ്യൂ നടത്തി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചതിരിഞ്ഞ് കെ.സി.ബി.സി. ഇസ്ലാം–ക്രിസ്ത്യൻ ഡയലോഗ് എന്ന വിഷയത്തെ കുറിച്ച് സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്തു. ഇടവക പി.ആർ.ഒ.മാരുടെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
15. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്നവരുടെ ഇന്റർവ്യൂ നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സമരിറ്റൻ സിസ്റ്റേഴ്സിന്റെ ലേഡീസ് സെന്റർ കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും സെന്റ് തോമസ് കോളേജ് *റിസേർച്ച്, കൺസൽട്ടൻസി ആന്റ് സ്റ്റാർട്ട് അപ്പ്* എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു. വൈകിട്ട് ഡോക്ട്രിനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.
16. അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. ജിമ്മി എടക്കളത്തൂരിന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മർത്ത സിസ്റ്റേഴ്സിന്റെ ലൂർദ്ദ് നാഥാ പ്രോവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിക്കുകയും ബഹു. ജിമ്മി എടക്കളത്തൂർ അച്ചന്റെ അന്തരിച്ച അമ്മക്ക് വേണ്ടി അരിമ്പൂരിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. വൈകിട്ട് എൽ.ആർ.സി.യുടെ ചരിത്ര വെബിനാറിൽ പങ്കെടുത്തു.
17. അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഫാമിലി അപ്പോസ്റ്റലേറ്റ് ബധിരർക്കും ഊമർക്കും വേണ്ടി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ പങ്കെടുത്തു.
18. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ നവജ്യോതി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും അധ്യാപകർക്കും അനധ്യാപകർക്കും വേണ്ടി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. വൈകിട്ട് ഫാമിലി അപ്പോസ്റ്റലേറ്റ് ബധിരർക്കും ഊമർക്കും വേണ്ടി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ റിസോഴ്സ് പേഴ്സണിന്റെ

സഹായത്തോടെ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ വിശുദ്ധ ബലി യർപ്പിച്ചു. എം.എം.ബി. സന്യാസസഭാംഗമായ ബ്രദർ എൽസെയ റിന്റെ മൃതസംസ്ക്കാര ശുശ്രുഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഫാമിലി അപ്പോസ്റ്റലേറ്റ് നവദ മ്പതികൾക്ക് വേണ്ടി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംങ്ങിൽ മോഡ റേറ്ററായി.

20. അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാ കോൺഗ്രസിന്റെ മീറ്റിം ഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ലൂർദ്ദ്പുര ത്തുള്ള എസ്.എൻ.ഡി.എസ്. കോൺവെന്റിൽ വി. ബലി അർപ്പി ക്കുകയും പറോക്ക് ഓൺലൈൻ സർവ്വേ മീറ്റിംങ്ങിൽ പങ്കെ ടുക്കുകയും ചെയ്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ യുടെ എജ്യുക്കേഷൻ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് കെ.സി.വൈ.എമ്മം. സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥ നായ വി. തോമസ് മൂറിന്റെ തിരുനാളിനോടനുബന്ധിച്ച് പാസ്റ്റർ സെന്റ റിൽ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. അന്നേദിവസം PAROC Academic Board of Studies ന്റെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് സിനഡ് ഏകോപന കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഹോളിഫാമിലി സന്യാസസമൂഹാംഗമായ സി. ക്രിസാന്തയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. ജൂബിലി മിഷൻ ആശുപത്രി യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് പാക്ട് മീറ്റിംങ്ങിൽ സംബന്ധിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് കോശി കമ്മീഷനെക്കുറിച്ചുള്ള ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പഴ്സണൽ ബോർഡ് മീറ്റിംങ്ങിൽ പങ്കെടുത്തു. വൈകിട്ട് ഗുഡ്നസ്സ് ടിവിക്ക് വേണ്ടി ദുക്റാന തിരുനാളിനോടനുബന്ധിച്ച് സന്ദേശം റക്കോർഡ് ചെയ്യുകയും കോശി കമ്മീഷനെ പറ്റിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് മെത്രാന്മാരുടെ സ്ഥിരം സിനഡിൽ പങ്കെ ടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് ബ്രദർ ഡീനിന്റെ അന്തരിച്ച അപ്പന് വേണ്ടി മുണ്ടൂരിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അന്തരിച്ച ബഹു. സി. ക്രൂസിഫിക്സ്

എഫ്.സി.സി.യുടെ മമ്മിയൂർ സ്ക്കൂൾ കോൺവെന്റ് ചാപ്പലിൽ ഉച്ച കഴിഞ്ഞ് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുലക്കാട്ടുക്കര പളളിയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും വൈകിട്ട് കെ.സി.ബി.സി. ഓൺലൈൻ ഡോക്ട്രിനൽ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് സെന്റ് ജോസഫ്സ് കോൺവെന്റ് ഓഫ് മൗണ്ട് കാൽവരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും സ്നേഹപുരം ഇടവകയിലെ എ.സി.സി. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സ് എടുക്കുയും ചെയ്തു. വൈകീട്ട് ഫാമിലി അപ്പോസ്റ്റലേറ്റ് സംഘടിപ്പിച്ച ട്രിനിറ്റി കപ്പിൾ ഓൺലൈൻ മീറ്റിംങ്ങിലും ഡോക്ട്രിനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിലും സംബന്ധിക്കുകയും ചെയ്തു.


27. അഭിവന്ദ്യ താഴത്ത് പിതാവ് കെ.സി.ബി.സി. യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് അതിരൂപത മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക പ്രിൻസിപ്പൽമാർക്ക് വേണ്ടി നടത്തിയ വെബിനാറിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് സേക്രഡ് ഹാർട്ട് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. അന്നേദിവസം തന്നെ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് PAROC ന്റെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാതാ സെമിനാരിയിൽ നടക്കാനിരിക്കുന്ന സിബോസിയത്തെ കുറിച്ചുളള മീറ്റിംങ്ങിലും എൽ.ആർ.സി.യുടെ ചരിത്ര ഗവേഷക ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംങ്ങിലും പങ്കെടുത്തു.

29. അഭിവന്ദ്യ പിതാക്കന്മാർ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു. വൈകിട്ട് അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ ഓൺലൈനായി പങ്കെടുത്തു.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

സ്വർഗ്ഗാരോപണതിരുനാളിന് ഒരുങ്ങുകയാണ് നാം. ഒപ്പം ഭാരതത്തിന്റെ സ്വാതന്ത്ര്യദിനാചരണത്തിനും. ദൈവജനനിയായ പരിശുദ്ധകന്യകാമറിയം അവളുടെ ഭൗതികജീവിത പരിസമാപ്തിയിൽ ആത്മശരീര സമന്വി തയായി സ്വർഗ്ഗീയമഹത്വത്തിലേക്ക് എടുക്കപ്പെട്ടു. അവിടെ അവൾ തന്റെ പുത്രന്റെ പുനരുത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേരുകയും അവിടുത്തെ ശരീരത്തിന്റെ എല്ലാ അംഗങ്ങളുടെയും പുനരുത്ഥാനം മുൻകൂട്ടി അനുഭവിക്കുകയും ചെയ്യുന്നു. അതിനാൽ പരി. അമ്മയുടെ സ്വർഗ്ഗാരോപണം നമ്മുടെ ഓരോരുത്തരുടെയും സ്വർഗ്ഗാരോപണത്തിന്റെ മാതൃക യും പ്രതീകവുമായി തീരുന്നു. ഈ സത്യം മനസ്സിലാക്കി മറിയത്തിന്റെ വത്സലപുത്രനായി മാറിയ പുണ്യാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.



മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി കീർത്തിക്കുക ഊക്കനച്ചന് വാക്കുകൾക്കതീതമായിരുന്നു. സ്വർഗ്ഗാരോപണത്തിന്റെ നേർസാക്ഷിയാകും വിധമുള്ള ധ്യാനമനനങ്ങളെ അദ്ദേഹത്തിന്റെ ഡയറിയിൽ ദർശിക്കാവുന്നതാണ്: '...മനോഹ


രമായി അലങ്കരിച്ച രഥം വരുന്നു. അതിൽ രാജാവിന്റെ, തന്റെ മകന്റെ, വലതുഭാഗത്ത് രാജ്ഞി സിംഹാസനസ്ഥയായി രിക്കുന്നു. പ. അമ്മ യുടെ സ്തുതി കൾ ആലപിച്ചുകൊണ്ട് ഞാനും ആഘോഷയാത്രയോട് ചേരുന്നു. എന്റെ അധരങ്ങൾ പരിശുദ്ധ കന്യകയുടെ സ്തോത്രങ്ങൾ പ്രഘോഷി ക്കുന്നു. സ്വർഗ്ഗീയ ജെറുസലേം സ്തോത്രഗീതങ്ങളാൽ മുഖരിതമായി. എന്റെ ആത്മാവേ, ഇതെല്ലാം നിന്റെ അമ്മയുടെ ബഹുമാനത്തിന് വേണ്ടി യാണ്. 'തുടർന്ന് പിതാവായ ദൈവം പരിശുദ്ധ കന്യകയെ സ്വർഗ്ഗത്തി ലേക്ക് ഉയർത്തിയതിന് ഊക്കനച്ചൻ പറയുന്ന കാരണങ്ങൾ ഇവയാണ്: 'ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല എന്ന് നമ്മെ പഠിപ്പിക്കാൻ; താൻ ബഹുമാനിക്കാൻ ആഗ്രഹിക്കുന്നവരെ ദൈവം എങ്ങനെയെല്ലാം അനുഗ്രഹിക്കുന്നുവെന്ന് നമുക്ക് മനസ്സിലാ ക്കിതരുവാൻ; നമ്മുടെ ഉപരി നന്മയ്ക്കുവേണ്ടി. കാരണം നമ്മുടെ ആവ ശ്യങ്ങൾ എന്തെല്ലാ മാണെന്ന് എല്ലാവരെക്കാളുമധികമായി അമ്മയ്ക്ക റിയാം, അതിനാൽ അമ്മ നമുക്ക് നന്മവരുത്തും.'

തന്റെ ജീവിതത്തിൽ ഇതനുഭവിച്ചറിഞ്ഞ ഊക്കനച്ചൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയെക്കാളും മുൻപ് ഇങ്ങനെ ഉദ്ഘോ ഷിച്ചു: 'അമ്മേ, ഞാൻ പൂർണമായും അങ്ങയുടേതാണ്' അങ്ങനെ അമ്മ വഴി ഈശോയ്ക്ക് തന്നെത്തന്നെ സമർപ്പിച്ചു കൊണ്ടാണ് സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കുവാൻ ഈ ധന്യാത്മാവിന് സാധിച്ചത്. ഈ സ്വാതന്ത്ര്യം എല്ലാവർക്കും ലഭിക്കണമെങ്കിൽ അമ്മയുടെ മാധ്യസ്ഥം തേടിയാൽ മതിയെന്ന് അറിഞ്ഞത് കൊണ്ടാണ് മലബാറിലെ പുലയരുടെ അടിമത്തം അവസാനിപ്പിക്കാനും, അജ്ഞത യുടെയും അന്ധവിശ്വാസ ത്തിന്റെയും ബന്ധനങ്ങളിൽനിന്ന് ഭാരതത്തെ മോചിപ്പിക്കാനും തന്റെ പ്രാർത്ഥനയും പ്രവർത്തനങ്ങളും വഴി അദ്ദേഹം പരിശ്രമിച്ചത്.

ആധുനിക ലോകത്തിന് ഇന്ന് മാതാവിന്റെ സ്വർഗ്ഗാരോപണം വലിയ പ്രത്യാശയാണ് നൽകുന്നത്. കോവിഡ് 19 എന്ന വൈറസിന്റെ ബന്ധനത്തിലാണ് ഭൂവാസികളിന്ന്. ഊക്കനച്ചനെപോലെ, അസാധ്യ കാര്യങ്ങളുടെ തമ്പുരാനിൽ ആശ്രയിച്ചാൽ, ദൈവമഹത്വം വെളിപ്പെടും എന്ന് വിശ്വസിച്ചാൽ, എല്ലാം നമ്മുടെ നന്മയ്ക്കായി ഒരുക്കിക്കൊണ്ടിരി ക്കുന്നവനാണ് ദൈവം എന്നു ഏറ്റുപറഞ്ഞാൽ, പരിശുദ്ധ അമ്മയെ പോലെ സർവ്വവിധ കളങ്കങ്ങളുടെയും ബന്ധനത്തിൽ നിന്നും ഒഴിഞ്ഞു മാറിയാൽ, രക്ഷയുടെ വെള്ളിവെളിച്ചം എന്ന സ്വാതന്ത്ര്യം നമുക്കും കരഗതമാകും.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ വിശദീകരിക്കുവാൻ പഴയകാലചരിത്രത്തിൽ നിന്ന് രണ്ടുകാര്യങ്ങൾ അന്തോണിയച്ചൻ സൂചിപ്പിക്കുന്നു. നൈരാശ്യത്തെ മനുഷ്യൻ മറികടക്കുന്ന രംഗങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രകാശത്തിലേക്കും പ്രതീക്ഷയിലേക്കും സ്വർഗ്ഗാരോപണം വിരൽ ചൂണ്ടുന്നു എന്ന് അച്ചൻ വ്യാഖ്യാനിക്കുന്നു. ഒരിക്കൽ ഒരു തടവുകാരനെ ഇരുട്ടുപാറാവിൽ ബന്ധിച്ചു. ആ ജയിലിന്റെ ചുമരിൽ ഒരു ചെറിയ വിള്ളലിൽ നിന്ന് പ്രകാശക്കതിരു അകത്തേക്കു വന്നിരുന്നു. അയാൾ അതിന്റെ അടുക്കൽ എല്ലാസമയവും ചെന്നിരുന്ന് നിരാശയെ മറി കടന്നു. രണ്ടാമത്തെ ഉദാഹരണം കൊളമ്പസ് നടത്തിയ

കപ്പൽ യാത്രയിൽ നിന്നാണ്. ദീർഘയാത്ര നടത്തിയിട്ടും ലക്ഷ്യം കാണാതെ വന്നപ്പോൾ സഹയാത്രികർ നിരാശരായി കലഹിച്ചുതുടങ്ങി. കപ്പൽ പോന്ന വഴിയിൽ കൊളമ്പസ് ഇലകൾ വിതറി. ഇലകൾ കണ്ട കൂട്ടാളികൾ കരയടുത്തുവെന്നു കരുതി സന്തോഷവാന്മാരായി. മരണം അടുത്തപ്പോൾ തന്റെ ആഗ്രഹം പൂർത്തിയാക്കുവാൻ പോകുന്നുവെന്നുകരുതി പരിശുദ്ധ അമ്മ സന്തോഷിച്ചുഎന്ന് അച്ചൻ എഴുതുന്നു. തന്റെ ജീവിത ലക്ഷ്യം പൂർത്തിയാക്കിയ മറിയത്തിന്റെ സന്തോഷമാണ് അച്ചൻ സ്വർഗ്ഗാരോപണദിനത്തിൽ നമുക്ക് ധ്യാനവിഷയമായി നൽകുന്നത്.

സഭയുടെ വിജയത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും അച്ചൻ നൽകുന്ന സന്ദേശം ചിന്തിക്കുന്നത് കൈത്താക്കാലത്ത് അനുയോജ്യമാണല്ലോ.  കത്തോലിക്കാസഭ പോലെ മാറ്റമില്ലാതെ മറ്റൊരു പ്രസ്ഥാനവും നിലനിന്നിട്ടില്ല എന്ന് അഭിമാനത്തോടെ അച്ചൻ പ്രഖ്യാപിക്കുന്നു. റോമാക്കാർ പുച്ഛത്തോടെ കണ്ടിരുന്ന മുക്കുവർ (ശ്ലീഹന്മാർ), റോമാക്കാരുടെ വിശ്വാസവും മതവും തെറ്റാണെന്നും അവർ ക്രൂശിച്ച ക്രിസ്തുവാണ് സത്യദൈവമെന്നും പഠിപ്പിച്ചു. അതിനാലാണ് മതമർദ്ദനങ്ങൾ ഉണ്ടായത്.  ക്രിസ്തുവിനെ ഇല്ലാതാക്കാമെന്ന് വിചാരിച്ച് അവിടുത്തെ ക്രൂശിൽ തറച്ചപ്പോൾ അവിടുന്ന് അവസാനിക്കുകയല്ല, ഏവരേയും തന്നിലേക്ക് ആകർഷിക്കുകയാണ് ചെയ്തത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജർമ്മൻ നേതാവായിരുന്ന ബിസ്മാർക്ക് കത്തോലിക്കാസഭയെ നിലംപരിശാക്കുമെന്നു പറഞ്ഞെങ്കിലും അദ്ദേഹമാണ് ഇല്ലാതായത്. 20 വർഷത്തിനുള്ളിൽ സഭയെ നശിപ്പിക്കുമെന്ന് പറഞ്ഞ വോൾട്ടയർ മരണാസന്നനായപ്പോൾ ഒരു വൈദികനെ കിട്ടാൻ ആഗ്രഹിച്ചതും കൂട്ടുകാർ അത് നിഷേധിച്ചതും അന്തോണിയച്ചൻ ഓർമ്മിക്കുന്നു. ഇതിൽ നിന്നെല്ലാം നാം പഠിക്കേണ്ട വസ്തുത അച്ചൻ വ്യക്തമാക്കുന്നു. ക്രിസ്തു സഭയോടുകൂടിയുണ്ടാകും. സഹായകൻ ലോകാന്ത്യംവരെ അവളോടൊത്തു വസിക്കും  .

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജിതിൻ നെല്ലങ്കര | 15 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വല്ലൂരാൻ | 17 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 31 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. സെബി വെളിയൻ | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനിയർ | 21 |
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ജോൺസൻ ഊക്കൻ | 29 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26–08–1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17–08–1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15–08–1917 |
| മോൺ. ജോൺ പാലോക്കാരൻ | 19–08–1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15–08–1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17–08–1954 |
| ഫാ. ജേക്കബ് പനക്കൽ | 04–08–1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07–08–1955 |
| ഫാ. ജോർജ്ജ് പാനികുളം | 14–08–1957 |

| | |
|---|---|
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21–08–1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03–08–1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27–08–1968 |
| ഫാ. ജോസഫ് തറയിൽ | 11–08–1969 |
| ഫാ. ജേക്കബ് ആളൂർ | 11–08–1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25–08–1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26–08–1978 |
| ഫാ. ജോസഫ് പുളിക്കൻ | 09–08–1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12–08–1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30–08–1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08–08–2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13–08–2005 |
| ഫാ. പോൾ അരിക്കാട്ട് | 16–08–2005 |
| ഫാ. ആന്റണി പൊറത്തൂർ | 04–08–2007 |
| ഫാ. ബാബു ചേലപ്പാടൻ | 12–08–2017 |

## ആദരാഞ്ജലികൾ

# പെ. ബഹു. മോൺ. ജോസഫ് കാക്കശ്ശേരി (93)



തൃശൂർ അതിരൂപതയിയുടെ പ്രിയങ്കരനായ വികാരി ജനറാൾ, പ്രഗത്ഭനായ ഇടവക വികാരി, ഭരണതന്ത്രജ്ഞൻ, സാമൂഹ്യ പ്രവർത്തകൻ, സംഘാടകൻ, ശക്തനായ സ്ഥാപനാധികാരി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ പെ. ബഹു. മോൺ. ജോസഫ് കാക്കശ്ശേരി 2021 ജൂലൈ മാസം 20–ാം തീയതി പുലർച്ചെ 1 മണിക്ക് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത ആളൂർ ഇടവകയിലെ പരേതരായ തോമസ്+ കുഞ്ഞായി ദമ്പതികളുടെ മകനായി 1928 നവംബർ 22 ന് ജനിച്ചു. ആളൂർ, മറ്റം, എൽത്തുരുത്ത്, സെന്റ് തോമസ കോളേജ് എന്നിവിടങ്ങളിലെ പഠനത്തിനുശേഷം തൃശൂർ രൂപതയ്ക്കുവേണ്ടി 1948ൽ വൈദികപരിശീലനം ആരംഭിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, റോമിലെ പ്രൊപ്പഗാന്ത ഫീദെ സെമിനാരി എവിടങ്ങളിലെ വൈദികപരിശീലനത്തിനുശേഷം 1955 ഡിസംബർ 21ന് കർദ്ദിനാൾ ക്ലെമന്റ് മിക്കാരയിൽ നിന്ന് റോമിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി മൈനർ സെമിനാരി വൈസ് റെക്ടർ ആയി സേവനം ആരംഭിച്ച അദ്ദേഹം അവിട്ടത്തൂർ, പെരിഞ്ചേരി, പാലക്കൽ, ലൂർദ്ദ് കത്തീഡ്രൽ, പുത്തൻപള്ളി, ഒല്ലൂർ, പാവറട്ടി എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. എം.എം.ബി., സി.എസ്.എം. എന്നീ സന്യാസസമൂഹങ്ങളുടെയും അവിണിശ്ശേരി ബാലസദൻ, സോഷ്യൽ ആക്ഷൻ, സേവ് എ ഫാമിലി, സെന്റ് മേരീസ് ഓർഫനേജ്, ഐ.ടി.സി., ജൂബിലി മിഷൻ ആശുപത്രി, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, പാവറട്ടി സാൻജോസ് ആശുപത്രി, ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി എന്നിവയുടെയും ഡയറക്ടകറായി തന്റെ മികവ് തെളിയിച്ചിട്ടുണ്ട്. മതബോധനം, സി.എൽ.സി., പ്രൊപഗേഷൻ ഓഫ് ഫെയ്ത്ത്, തിരുബാലസഖ്യം എന്നിവയുടെ അസി. ഡയറക്ടറായും ലേ ലീഡർഷ്പ്, ലീജിയൻ ഓഫ് മേരി എന്നിവയുടെ സ്പിരിച്ചൽ ഡയറക്ടറായും സേവനം ചെയ്തു. ആലോചനസമിതി, വൈദികസമിതി, പാസ്റ്ററൽ കൗൺസിൽ, കൺസ്ട്രക്ഷൻ കമ്മറ്റി എന്നിവയിൽ

അംഗമായിരുന്നു. അതിരൂപതയിൽ വൈസ് ചാൻസലർ, അസി. പ്രൊക്യുറേറ്റർ, അഡ്മിനിസ്ട്രേറ്റർ, വികാരി ജനറാൾ എന്നീ തസ്തിക കളിലും ബഹു. അച്ചൻ തന്റെ സേവനങ്ങളിലൂടെ വ്യക്തിമുദ്ര പതിപ്പി ച്ചിട്ടുണ്ട്.

ബഹു. അച്ചൻ പല നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. സെന്റ് തോമസ് കോളേജ്, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, ജൂബിലി മിഷൻ ആശുപത്രി എന്നിവ എടുത്തു പറയേണ്ടതാണ്. ത്യാഗരാജാർ പോളിടെക്നിക്, ജ്യോതി എഞ്ചിനിയറിംങ് കോളേജ്, സോഷ്യൽ വെൽഫെയർ സെന്റർ എന്നിവ അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി യുടെ ഉത്തമോദ്ദാഹരണങ്ങളാണ്. 2003ൽ റോമിൽ നിന്നും മാർപ്പാപ്പ യുടെ പ്രത്യേക ബഹുമതിയായ മോൺസിഞ്ഞോർ പദവി സ്വീകരിച്ച അച്ചൻ 2009 ഫെബ്രുവരി 5 മുതൽ വിശ്രമജീവിതം നയിച്ചു വരികയായി രുന്നു.

2021 ജൂലൈ 20ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ ജൂബിലി മിഷ്യൻ ആശുപത്രി ചാപ്പലിലും തുടർന്ന് 1:30 മുതൽ 2:30 വരെ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിലും ജോസഫച്ചന്റെ മൃതദേഹം പൊതുദർശനത്തിന് വച്ചു. ഉച്ചകഴിഞ്ഞ് 2:30–ന് സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിലെ വി. ബലിക്കുശേഷം മൃതദേഹം ആളൂരിലുള്ള സഹോദര പുത്രൻ തോമസിന്റെ വസതിയിലേക്ക് കൊണ്ടുപോയി. 21 ന് വീട്ടിൽ നിന്ന് ആരംഭിച്ച മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗത്തിന് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവാണ് കാർമ്മികത്വം വഹിച്ചത്. വി. ബലിക്കും മൃതസംസ്കാര ശുശ്രൂഷയുടെ മറ്റുകർമ്മങ്ങൾക്കും മുഖ്യ കാർമികത്വം വഹിച്ചത് അഭിവ ന്ദ്യ മാർ ആൻഡ്രൂസ് പിതാവാണ്. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, തൃശ്ശൂർ അതിരൂപത വികാരി ജനറാൾ പെ. ബഹു. മോൺ. തോമാസ് കാക്കശ്ശേരി, ഇടവകാംഗവും പാലക്കാട് രൂപത വികാരിജനറാളുമായ പെ. ബഹു. ജിജോ ചാലക്കൽ എന്നിവർ സഹകാർമ്മികരായി. മാർ ടോണി നീലങ്കാവിൽ വി. ബലി മധ്യേ അനുശോചനസന്ദേശം നൽകി. നാലാം ഭാഗത്തിന് മാർ ആൻഡ്രൂ സ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ജാതിമതഭേദമെന്യേ എല്ലാവർക്കും ക്രിസ്തുവിനെ സാക്ഷ്യം നൽകുക എന്ന ആപ്തവാക്യവുമായി ക്രിസ്തുവിന്റെ മുന്തിരിതോ ട്ടത്തിൽ അഹോരാത്രം കഠിനാധ്വാനം ചെയ്ത് നിത്യസമ്മാനത്തിനായി യാത്രയായ കാക്കശ്ശേരി മോൺ. ജോസഫ് അച്ചന് തൃശ്ശൂർ അതിരൂപത യുടെ ആദരാഞ്ജലികൾ!



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ജൂൺ 2021

**1. സി.എം.സി.**

പറപ്പൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വച്ച് 6 Candidates ആസ്പിരൻസിയിലേക്ക് പ്രവേശിച്ചു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് CMC Management ന്റെ കീഴിലുള്ള Aided Schools ലെ പ്രധാന അധ്യാപകർക്കായി ഒരു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു. ക്രൈസ്റ്റ് കിംഗ് കോൺവെന്റ് പാവറട്ടി, ശാന്തി ധാം, സെന്റ് മേരീസ് ഒല്ലൂർ, സേക്രഡ് ഹാർട്ട് തൃശ്ശൂർ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി. 12ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 4 അർത്ഥിനികൾ candidacy യിലേക്ക് പ്രവേശിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, വികർ പ്രൊവിൻഷ്യൽ സി.ക്രിസ്ലിൻ ഇവരുടെ നേതൃത്വത്തിൽ നടത്തിയ Online വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ എല്ലാ പ്രൊവിൻസ്തല വൊക്കേഷൻ പ്രൊമോട്ടേഴ്സും പങ്കെടുത്തു. 20ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ ആഘോഷമായ 13 മണിക്കൂർ ആരാധനയിൽ ലോകം മുഴുവനും വേണ്ടിയും വളരെ പ്രത്യേകമായി കോവിഡ്

രോഗികൾക്കുവേണ്ടിയും പ്രാർത്ഥി ച്ചു. 26 ന് തൃശ്ശൂർ ശാന്തിധാമിൽ വെച്ച്, ആലുവ ജനറലേറ്റിൽ നിന്ന് സംഘടിപ്പിച്ച നാല് ദിവസത്തെ Online റൂബി ജൂബിലി കോഴ്സിൽ 13 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. ജോയ് മൂക്കൻ ഇവർക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ച് സ്നേഹസമ്മാനം നല്കുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും സമൂഹാംഗങ്ങളും ഇവരെ അനുമോദിച്ചു. St Euphrasia Shrine Secretary, St Euphrasia Pilgrim Centre Director എന്നീ ഉത്തരവാദിത്വങ്ങളിൽ നിന്ന് സി.റാണി ജോർജ് വിരമിക്കുകയും പകരം സി. ലിസി ജോൺ ഈ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്തു.

**2. എഫ്.സി.സി**

ജൂൺ 1–ാം തീയതി ആലുവ പോർസ്യുങ്കുളായിൽ അടുത്ത ഒരുവർഷത്തേക്ക് മധ്യസ്ഥപ്രാർത്ഥനയ്ക്കായി സി. ആശപോളും രണ്ടുമാസത്തെ പ്രാർത്ഥനയ്ക്കായി സി. സരിത പുലിക്കോട്ടിലും പോയി. പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും ജൂൺ 5–ാം തീയതി പരിഹാരദിനം ആചരിച്ചു. കോവിഡ് ഹോം കെയർ പദ്ധതിയുടെ ഭാഗമായി ഡോ. സി. റോസ് ജോസഫ്, ഡോ. സി. മെർളി മാടക്കായ് എന്നിവരുടെ നേതൃത്വത്തിൽ സേവന സന്നദ്ധരായ സിസ്റ്റേഴ്സും, നേഴ്സുമാരും ചേർന്ന് പി.പി.ഇ കിറ്റ് ധരിച്ച് ജനമൈത്രി പോലീസ്, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ ചാവക്കാട് കടപ്പുറം പഞ്ചായത്ത്, പൊന്നാനി നായാടി കോളനി എന്നിവിടങ്ങളിൽ വീടുകളിൽ കഴിയുന്ന കൊറോണ രോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നും കൗൺസിലിംഗും നിർദ്ദേശങ്ങളും നൽകി അവരെ ശക്തിപ്പെടുത്തുകയും, വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ ചികിത്സ കേന്ദ്രങ്ങളിലേക്ക് മാറ്റുകയും ചെയ്തു. അതോടൊപ്പം കണ്ടാണശ്ശേരി, പൂക്കോട്, എടക്കഴിയൂർ, ചിമ്മിനിഡാമിനടുത്തുള്ള നാടമ്പാടം, ചീനിക്കുന്ന് എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും, പ്രോവിൻസിലെ മറ്റ് ഭവനങ്ങളിൽ നിന്ന് ശേഖരിച്ച കാർഷിക വിഭവങ്ങളും പലവ്യഞ്ജനങ്ങ ളുമടങ്ങുന്ന ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. പ്രൊവിൻഷ്യൽ സിനാക്സിസ് പ്രഥമ സെഷന് ഒരുക്കമായി ജൂൺ 12–ാം തീയതി സുപ്പീരിയർ ജനറൽ ബ. സി. ആൻ ജോസഫ് പ്രൊവിൻഷ്യൽ സിനാക്സിസ് അംഗങ്ങൾക്കായി Google Meet വഴി ക്ലാസ്സെടുത്തു. ജൂൺ 16, 17 തീയതികളിൽ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് (2 pm മുതൽ 4 pm വരെ) നടന്ന മീറ്റിംഗിൽ Aided & Unaided വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ, എന്നിവർ സംബന്ധിച്ചു. ‘‘ആടും കൂടും’’ തുടർപദ്ധതിയുടെ രണ്ടാം ഭാഗമായി

തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് അതിരൂപത ചാൻസലർ ബഹു. ഫാ. ഡൊമിനിക് തലക്കോടൻ, പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി എന്നിവർ ചേർന്ന് 12 കുടുംബങ്ങൾക്കായി ആടും കൂടും വിതരണം ചെയ്തു. ജൂൺ 19–ാം തീയതി മുതൽ 23 –ാം തീയതി വരെ ബ്രഹ്മകുളം ഹോളിഫാമിലി കോൺവെന്റിൽ വെച്ച് നടന്ന ദൈവവിളി ക്യാമ്പിൽ 13 പേർ പങ്കെടുത്തു. സോഷ്യൽ സർവ്വീസ് വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ലോക്കൽ സുപ്പീരിയേഴ്സിനും, ലോക്കൽ സോഷ്യൽ പ്രൊമോട്ടേഴ്സിനും, സോഷ്യൽ, ASSSET എന്നീ കമ്മറ്റി അംഗങ്ങൾക്കുമായി Google Meet വഴി ജൂൺ 26–ാം തീയതി നടത്തിയ മീറ്റിംഗിൽ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ പ്രതിഫലം കൂടാതെ ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്ന Mr. Joy motivation class നൽകി. ജൂൺ 28,29,30 തീയതികളിൽ Google Meet വഴി റവ. ഫാ. ചാക്കോ ചിറമ്മൽ (Principal, MEd College Mullurkkara) നയിച്ച സെമിനാറിൽ വിദ്യാഭ്യാസ പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.

**3. എസ്.എ.ബി.എസ്.**

സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 96 –ാം ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് ജൂൺ രണ്ടാം തീയ്യതി ചങ്ങനാശ്ശേരിയിലുള്ള വന്ദ്യപിതാവിന്റെ കബറിടപള്ളിയിൽനിന്നും ചങ്ങനാശ്ശേരി അതിരൂപതയുടെ ചാനൽ വഴി സംപ്രേഷണം ചെയ്ത വി.കുർബാനയിലും മദ്ധ്യസ്ഥപ്രാർത്ഥനയിലും പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. ജൂൺ രണ്ടിന് പോസ്റ്റുലൻസ് കോതമംഗലം കോഴിപ്പിള്ളിയിൽ കാനോനിക നോവിഷ്യേറ്റിൽ പ്രവേശിച്ചു. ജൂൺ മൂന്നിന് വി. കുർബാനയുടെ തിരുന്നാൾ (Congregation Day) ആഘോഷിച്ചു. വി. കുർബാന മദ്ധ്യേ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. ജൂൺ മൂന്നിന് ബഹു. പ്രൊവിൻഷ്യാളമ്മ ആസ്പിരൻസിനെ പ്രത്യേക പ്രാർത്ഥനകളോടെ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു. ജൂൺ 6ന് അതിരൂപതയുടെ പറോക്ക്: അജപാലന ഗവേഷണകേന്ദ്രം സംഘടിപ്പിച്ച 'ന്യൂനപക്ഷ അവകാശങ്ങൾ : സമകാലിക കോടതിവിധിയും അനുരണനങ്ങളും' എന്ന Zoom Meeting ൽ പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു. അന്താരാഷ്ട്ര ബാലവേലവിരുദ്ധ ദിനമായ ജൂൺ 12 ന് Child Line Thrissur സംഘടിപ്പിച്ച Child Labour Act എന്ന വിഷയത്തെക്കുറിച്ചുള്ള Google Meet ൽ എല്ലാ Local Superiors സംബന്ധിച്ചു. 19 –ാം തിയ്യതി വൊക്കേഷൻ പ്രൊമോട്ടേഴ്സിനായി KCMS നടത്തിയ Zoom Meeting ൽ പ്രോവിൻസിലെ എല്ലാ വൊക്കേഷൻ പ്രൊമോട്ടേഴ്സും സംബന്ധി

ച്ചു. 26 ന് സുപ്പീരിയേഴ്സ് കോൺഫറൻസ് Google Meet വഴി നടത്തി. നാട്ടിലും മിഷനിലും വിദേശത്തുമുള്ള എല്ലാ സുപ്പീരിയേഴ്സും ഈ കോൺഫറൻസിൽ സംബന്ധിച്ചു. 27 ന് പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 'സീനിയേഴ്സ് ഡേ' ആഘോഷിച്ചു. 27-ാം തിയ്യതി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നയിച്ച ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ-സമകാലിക മത - സാമൂഹിക- രാഷ്ട്രീയ പശ്ചാത്തലത്തിൽ എന്ന വിഷയത്തെക്കുറിച്ചുള്ള വെബിനാറിൽ എല്ലാ ഭവന സമൂഹങ്ങളും സംബന്ധിച്ചു. 28 ന് Syro Malabar Major Archiepiscopal Commission for Institutes of Consecrated Life and Societies of Apostolic Life മേജർ സുപ്പീരിയേഴ്സിനായി സംഘടിപ്പിച്ച Zoom Meeting ൽ ബഹു. പ്രൊവിൻഷ്യാളമ്മയും വികർ പ്രൊവിൻഷ്യലും സംബന്ധിച്ചു.

## ആദരാഞ്ജലികൾ



**01.06.2021 - എഫ്.സി.സി.** പെരിഞ്ചേരി ക്രൈസ്റ്റ് കിംഗ് ഭവനാംഗമായ ബ. സി. ക്ലിയോഫാസ് നിര്യാതയായി. ജൂൺ 2ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**02.06.2021 - സി.എം.സി.** ചൂണ്ടൽ മരീന ഹോം മഠാംഗമായ സി. അഡൾഫ നിര്യാതയായി. തൃശ്ശൂർ അതിരൂതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ



**02.06.2021 – സി.എം.സി.** കൊട്ടേക്കാട് അസംപ്ഷൻ മഠാംഗമായ സി.മേരി അമല നിര്യാതയായി. തൃശ്ശൂർ അതിരൂതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**25.06.2021 – എഫ്.സി.സി.** മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഭവനാംഗമായ ബ. സി. ക്രൂസിഫിക്സ് നിര്യാതയായി. 26–ാം തീയതി തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2021 ആഗസ്റ്റ് 2 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫെറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. 2021 ജൂലായ് മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 44) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തെരട്ടു കൊണ്ടുവരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും 2021 ജൂലായ് മാസത്തെ ബുള്ളറ്റിനിൽ (പേജ് 17, 18) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**2. കുർബ്ബാന കണക്ക്**

അതിരൂപത കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തിരുക്കർമ്മധർമ്മ വിവരത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യകൾ മാത്രമേ ഏൽക്കുന്നവർ സ്വീകരിക്കാവൂ. തിരുക്കർമ്മധർമ്മം സ്വീകരിക്കുമ്പോൾ രസീതികൾ നൽകേണ്ടതാണ്. തിരുക്കർമ്മ ധർമ്മ വിവരത്തിൽ പറഞ്ഞിരിക്കുന്ന ഏതൊക്കെ ഇനത്തിന് എത്രയൊക്കെ ധർമ്മങ്ങൾ സ്വീകരിക്കു

മെന്ന് രസീതിയിൽ വിശദമായും വ്യക്തമായും എഴുതണം. ഏൽപ്പി ക്കുന്ന എല്ലാ തിരുക്കർമ്മധർമ്മങ്ങൾക്കും ഇപ്രകാരമുള്ള രസീതി ലഭി ക്കാനുള്ള വിശ്വാസികളുടെ അവകാശം നിഷേധിക്കാൻ പാടില്ല. സ്വീകരിച്ച തിരുക്കർമ്മധർമ്മങ്ങളുടെ കൃത്യമായ കണക്കുകൾ സൂക്ഷി ക്കേണ്ടതാണ്. കുർബ്ബാന കണക്കുകൾ ഇടവകയുടെ Main Day Book ൽ ചേർക്കേണ്ടതാണ്. കൂടുതൽ സൗകര്യാർത്ഥം വേറെ Cash Book, Ledger, Bank A/C Book എന്നിവ സൂക്ഷിക്കാവുന്നതാണ് .

വൈദികർ കുർബ്ബാന കണക്ക് കൃത്യമായി എഴുതി സൂക്ഷി ക്കണം. നൂറിൽ കൂടുതൽ കുർബ്ബാനധർമ്മം കൈവശം സൂക്ഷിക്കാൻ പാടില്ല. അധികം വരുന്ന കുർബ്ബാനധർമ്മങ്ങളും മറ്റ് തിരുക്കർമ്മ ധർമ്മ ങ്ങളും എത്രയും വേഗം അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പി ക്കേണ്ടതാണ്. വൈദികർ അവ പരസ്പരം കൈമാറാൻ പാടില്ല (Ref. no. അതിരൂപത നിയമാവലി Art. 288, 355)

### 3. ഫൈനാൻസ് ഓഫീസ് – പണമിടപാട്

Covid- 19 ന്റെ പശ്ചാതലത്തിൽ ആവുന്നത്ര മനുഷ്യർ തമ്മി ലുള്ള ഇടപ്പെടലുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പള്ളികളിൽ നിന്നുള്ള തെരട്ട് ഫീ, കുർബ്ബാന പണം, മറ്റ് ഫീസുകൾ തുടങ്ങിയ വിഹിതങ്ങൾ ആവുന്നത്ര ചെക്ക് മുഖേന ഫൈനാൻസ് ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു. പള്ളികൾ അവർക്കു കിട്ടുന്ന പണം ബാങ്കിൽ നിക്ഷേപ്പിച്ച് അതിൽ നിന്നുള്ള ചെക്ക് ആണ് കൊണ്ടു വരുവാൻ നിർദ്ദേശിക്കുന്നത്. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### 4. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ – സംഘടനകൾ

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നു ണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2020 ഒക്ടോബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളു ടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയി ക്കപ്പെട്ട അച്ചൻമ്മാരെ ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും സെപ്റ്റംബർ മാസത്തെ ബുള്ളറ്റിനിൽ പ്രസി ദ്ധീകരിക്കുന്നതാണ്.

1. **ഫാ. മാത്യു ചാക്കേരി (9495465401), ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**
    1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
    2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
    3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
    4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്
    5. കെ.സി.എസ്. എൽ
    6. മാതൃവേദി
2. **ഫാ. ജിക്സൺ താഴത്ത് (9048374050), ശ്രീ. ജോസ്. വി. വടക്കേത്തല (9495888206)**
    1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ
    2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട് ,ലിലിയൻ ഫോണ്ടസ്
    3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
    4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ(എസ്.എസ്.ജെ. ഡബ്ല്യൂ)
    5. ഹോളി ചൈൽഡ് ഹുഡ്
    6. ഫ്രാൻസിസ്കൻ അസോസിയേഷൻ
    7. കുടുംബസമ്മേളനം
    8. ചൈതന്യക്ലീനിക്
    9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്., മൂളയം
    10. ഡാമിയൻ എസ്റ്റേറ്റ് മൂളയം
    11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം
3. **ഫാ. പോൾസൺ തട്ടിൽ (9446533069), ശ്രീ. ഇ. കെ. ഫ്രാൻസിസ് (2695065)**
    1. ബൈബിൾ അപ്പസ്തോലേറ്റ്
    2. തൊഴിൽ അഭ്യസന പീഠം
    3. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
    4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
    5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
    6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ

7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

4. **ഫാ. ജോജു ആളൂർ (9446620881), ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് അക്കാദമി
8. കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ

5. **ഫാ. ജോർജ്ജ് ചെറുവത്തൂർ (9447468387), ശ്രീ. ആന്റോ നെല്ലിശ്ശേരി (8547411138)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം , തിരുവില്വാമല

6. **ഫാ. വർഗ്ഗീസ് തരകൻ (9447350189), ശ്രീ. ആന്റണി തോമസ് എം. (9447739870)**

1. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് പോൾ പീസ് ഹോം. പെരിങ്ങണ്ടൂർ

4. കലാസദൻ
5. കാത്തലിക് നഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ
7. പാസ്റ്ററൽ സെന്റർ
8. സാവിയോ ഹോം , മനക്കൊടി
9. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ
10. ടിംഹാൻസ്, പെരിങ്ങണ്ടൂർ
11. കത്തോലിക്കാസഭ മാഗസിൻ

7. **ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് (9446723006), ശ്രീ എം.ഡി. ആന്റോ (98952427067)**
    1. വിശ്വാസ പരിശീലനം
    2. വിശ്വാസ പരിശീലനം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
    3. വിശ്വാസ പരിശീലനം – ബുക്ക് സ്റ്റാൾ
    4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി
    5. ഡി.ബി.സി.എൽ.സി
    6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്
    7. എക്സൽ അക്കാദമി
    8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
    9. കാത്തലിക് ഇൻഫർമേഷൻ സെന്റർ
    10. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
    11. സി.എൽ.സി
    12. അൾത്താര സംഘം

8. **ഫാ. ജോഷി ആളൂർ (9495337733), ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**
    1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
    2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
    3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
    4. ടി.ടി.ഐ. കുരിയച്ചിറ
    5. ഐ.സി.എസ്. ഇ. സ്കൂൾ കുരിയച്ചിറ
    6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

**9. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926), തോമസ്സ് അഗസ്റ്റിൻ (9947470256)**

1. കെ.സി.വൈ.എം. & കത്തോലിക്ക കോൺഗ്രസ് & യൂത്ത് മിനിസ്ട്രി
2. ലേ ലീഡർഷിപ്പ്
3. ലീജിയൻ ഓഫ് മേരി
4. സോഷ്യൽ ആക്ഷൻ
5. സോഷ്യൽ വെൽഫെയർ സെന്റർ
6. സോഷ്യൽ ഹൗസിംഗ് സെന്റർ
7. സേവ് എ. ഫാമിലി പ്ലാൻ
8. സ്ലം സർവ്വീസ്
9. സാന്ത്വനം

**10. ഫാ. ഫിനോഷ് കീറ്റിക്ക (9995879235), ശ്രീ. സി.പി. ജോസ് (9249898575)**

1. മേരിമാത മേജർ സെമിനാരി
2. ഹോം ഓഫ് ലവ് , മുളയം
3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
4. കരുണട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്
5. സെന്റ് മേരീസ് മൈനർ സെമിനാരി
6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി
7. പ്രീസ്റ്റ് വെൽഫയർ ഫണ്ട്
8. PAROC

**5. മരണമടഞ്ഞ വൈദീകരുടെ മരണപത്രപ്രകാരം ലഭിച്ച സംഭാവനകൾ**

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നമ്മിൽ നിന്നും വേർപിരിഞ്ഞു പോയ വൈദികരിൽ താഴെപറയുന്നവർ മരണ പത്രത്തിൽ എഴുതി വെച്ച പ്രകാരം വൈദിക ക്ഷേമനിധിയിലേയ്ക്ക് നൽകിയ സംഭാവന കൾ.

1. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി – 87697/–
2. ഫാ. ജോൺ ചെമ്മണ്ണൂർ – 390772/–

6. **ഇവാഞ്ചലൈസേഷൻ കമ്മിഷൻ – വിശാഖപട്ടണം മിഷൻ പ്രദേശത്തേയ്ക്ക് സംഭാവന നൽകിയവർ**

1. ഫാ. ഡേവീസ് കണ്ണമ്പുഴ – 150000/–
2. ഫാ. ജെയ്സൺ ചിറ്റിലപ്പിള്ളി – 50000/–
3. അഭ്യുദയകാംക്ഷി – 20000/–
4. ജോവി ചീരോത്തി, ചാലക്കുടി –100000/–
5. ലൂർദ്ദ് മാതാ പ്രൊവിൻഷ്യൽ ഹൗസ് (മർത്താ സിസ്റ്റേഴ്സ്) – 5000/–
6. സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് കോലഴി – 30000/–

7. **മരിയാപുരം ഇടവക** – എല്ലാ മാസവും 25000/ – രൂപ വീതം ഒരു വർഷം ഒരു മിഷ്യൻ സെന്ററിനെ സ്പോൺസർ ചെയ്യ്തിരിക്കുന്നു.

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹമുള്ള കുട്ടികളേ,

ഓഗസ്റ്റ് മാസം ഭാരതത്തെ സംബന്ധിച്ച് സ്വാതന്ത്ര്യസ്മരണ പുതുക്കുന്ന മാസമാണ്. കത്തോലിക്കാവിശ്വാസികളായ നമ്മെ സംബന്ധിച്ച് മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുന്ന മാസം കൂടിയാണ് ഓഗസ്റ്റ്. ഇതു കൂടാതെ നമുക്ക് ഏറെ പരിചിതരായ ഏതാനും വിശുദ്ധരുടെ തിരുനാൾ ആഘോഷിക്കുന്ന മാസമാണിത്. വിശുദ്ധ ജോൺ മരിയ വിയാനി (ഓഗസ്റ്റ് 4), വിശുദ്ധ ഡൊമിനിക് (ഓഗസ്റ്റ് 8), വിശുദ്ധ ക്ലാര (ഓഗസ്റ്റ് 11), വിശുദ്ധ ജോൺ ബെർക്കുമൻസ് (ഓഗസ്റ്റ് 13), വിശുദ്ധ അഗസ്റ്റിൻ (ഓഗസ്റ്റ് 28), തൃശ്ശൂർക്കാരിയായ വിശുദ്ധ എവുപ്രാസ്യ (ഓഗസ്റ്റ്29) തുടങ്ങിയവർ അവരിൽ ചിലരാണ്. തങ്ങളുടെ സ്വാതന്ത്ര്യം ക്രിസ്തുവിനു വേണ്ടി ജീവിക്കുന്നതാണെന്ന് ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തിയവരാണ് ഓരോ വിശുദ്ധരും. ഒരർത്ഥത്തിൽ വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതുപോലെ 'എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടമാണെന്ന്' (ഫിലിപ്പി: 1:21) ജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയവർ.

യേശുക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്നതിനേക്കാൾ അകന്നു നിൽക്കുന്നതാണ് സുരക്ഷിതത്വം നൽകുക എന്നത് ഇന്നത്തെ ലോകത്തിന്റെ കാഴ്ച്ചപ്പാടാണ്. ഇത്തരം കാഴ്ച്ചപ്പാട് ലോകം പഠിപ്പിക്കുമ്പോഴും ക്രിസ്തുവിനോടു കൂടെ നിന്ന് ലോകം വെച്ചുനീട്ടുന്ന സുരക്ഷിതത്വവും ലൗകീകതയിലൂന്നിയ സ്വാതന്ത്ര്യവും ദൈവവചനമായ സത്യത്തിനുവേണ്ടി നിരാകരിച്ചവരാണ് വിശുദ്ധർ. 'സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിലും വലിയ സ്നേഹമില്ലെന്ന്'(യോഹന്നാൻ: 15:13) നമ്മെ ഓർമ്മപ്പെടുത്തിയ വിശുദ്ധ മാക്സിമില്യൻ കോൾബെയും, ആടുകളുടെ മണമുള്ള ഇടയനാകണമെന്ന് സ്വജീവിതം കൊണ്ട് ഓർമ്മിപ്പിച്ച ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയും, 'നിത്യ സനാതന സത്യമേ നിന്നെയറിയാൻ ഞാൻ എത്ര വൈകി' എന്ന് പറഞ്ഞ് ലൗകിക ജീവിതവഴിയിൽ നിന്ന് പിന്തിരിഞ്ഞു നടന്ന വിശുദ്ധ അഗസ്റ്റിനും. ദിവ്യകാരുണ്യ കേന്ദ്രീകൃത ആത്മീയതയ്ക്ക് പ്രാധാന്യം വരുന്ന

തിനുതകുന്ന തീരുമാനങ്ങളെടുത്ത് 'ദിവ്യകാരുണ്യത്തിന്റെ പാപ്പ' എന്ന വിശേഷണത്തിന് ഉടമയായ വിശുദ്ധ പത്താം പിയൂസ് പാപ്പായും (ഓഗസ്റ്റ് 21), 'പ്രാർത്ഥിക്കുന്ന അമ്മ' എന്ന് അറിയപ്പെടുന്ന നമ്മുടെ സ്വന്തം വിശുദ്ധ എവുപ്രാസ്യമ്മയും, ക്രൈസ്തവ സ്വാതന്ത്ര്യത്തെ ദൈവത്തിന് പ്രീതികരമായ വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള വിവിധ മാതൃകകളാണ്. എല്ലാറ്റിനുമുപരി എന്റെ സ്വാതന്ത്ര്യം സ്വർഗ്ഗം നേടുന്നതിനുള്ള സ്വാതന്ത്ര്യമാണെന്നും എന്റെ എല്ലാ പ്രവർത്തനങ്ങളും സ്വർഗ്ഗോന്മുഖമാകണമെന്നും സ്വർഗ്ഗാരോപിതയായ പരിശുദ്ധ കന്യകാമറിയം നമ്മെ ഓർമ്മപ്പെടുത്തുന്നു.

സ്നേഹമുള്ള കുട്ടികളേ, ഓൺലൈനായി പഠനവും വിശ്വാസവും മുന്നോട്ടു കൊണ്ടുപോകേണ്ടി വരുന്ന ഈ കാലഘട്ടത്തിൽ തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിനോട് ചേർന്നുനിന്ന വിശുദ്ധരെക്കുറിച്ചുള്ള വായന നിങ്ങളുടെ വിശ്വാസ ജീവിതത്തിന് ഒരു മാർഗ്ഗദർശിയായിരിക്കും. അതുകൊണ്ട്, ഈ മാസം വിശ്വാസപരിശീലനത്തിന്റെ ഭാഗമായി തങ്ങളുടെ സ്വാതന്ത്ര്യത്തെ സ്വർഗ്ഗപ്രാപ്തിക്കായി ഉപയോഗിച്ച വിശുദ്ധരെ കുറിച്ച് വായിക്കുവാൻ നിങ്ങൾ പരിശ്രമിക്കണം. വിശുദ്ധരെക്കുറിച്ചുള്ള പുസ്തകങ്ങൾ സംഘടിപ്പിക്കുന്നതിന് നിങ്ങളുടെ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സഹായം തേടുമല്ലോ? അങ്ങനെ വിശുദ്ധരുടെ മാതൃകകളെ ജീവിതത്തിൽ പകർത്തുവാനും നിങ്ങളോരോരുത്തരും പരിശ്രമിക്കണം. ഈ ലോകത്തിൽ ക്രിസ്തുവിനിഷ്ടപ്പെട്ട രീതിയിൽ പ്രത്യുത്തരിച്ചവരാണ് ഓരോ വിശുദ്ധരും. അവരുടെ വിശുദ്ധ മാതൃകകൾ നിങ്ങൾക്കു വഴികാട്ടിയായിരിക്കട്ടെ. ഏവർക്കും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

*പരിശുദ്ധ കന്യാമറിയത്തിന്റ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു.*

സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പിന്തുടരാം. കോവിഡ് 19 രോഗത്തിൽ നിന്നും ലോകത്തെ മുഴുവൻ സംരക്ഷിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നിലകൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യമ്മയുടെയും മാധ്യസ്ഥ്യം അപേക്ഷിക്കാം.

## 1. Merit Day & ACC Convocation

ആഗസ്റ്റ് 15 നു നടത്താറുള്ള മെറിറ്റ് ഡേയും എ.സി.സി. കോൺവൊക്കേഷനും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കേണ്ടിവന്നിരിക്കുകയാണ്. സഹകരിക്കുമല്ലോ.

## 2. ACC യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

**ആഗസ്റ്റ് 2 മുതൽ 21 വരെ**

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സ്റ്റുഡന്റ്സ് ലിസ്റ്റിലെ XII Pass ൽ നിന്നും എ.സി.സി. പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം എഡിറ്റ് ചെയ്ത് ACC I ലേക്ക് മാറ്റുക. കൂടാതെ സെക്കന്റ് ഇയറിലും തേർഡ് ഇയറിലും ഏതെങ്കിലും കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ അവരെ Deactivate ചെയ്യുക, എല്ലാ വിദ്യാർത്ഥികളുടേയും ഫോട്ടോ ഉണ്ടെന്ന് ഉറപ്പാക്കുക, Previous Year Mark Entry സേവ് ചെയ്യുക)
2. എല്ലാ അപ്ഡേഷനുകൾക്കുംശേഷം ACC Management ൽ നിന്നും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് (രജി. ഫീസ് ഒരു കുട്ടിക്ക് 100 രൂപ) പ്രിന്റ് എടുത്ത് ആഗസ്റ്റ് 1 മുതൽ 21 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കാവുന്നതാണ്. ഫോമുകളിൽ വികാരി, പ്രിൻസിപ്പൽ, രക്ഷിതാവ്, വിദ്യാർത്ഥി എന്നി

വരുടെ ഒപ്പും യൂണിറ്റിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്. **ഹാൾ ടിക്കറ്റിന്റെ ഭാഗത്തുള്ള സീൽ യൂണിവേഴ്സിറ്റിയിൽ നിന്ന് വയ്ക്കാനുള്ളതാണ്.**

3. ഫോമിൽ വികാരിയച്ചന്റെ പേരും, പ്രിൻസിപ്പാളിന്റെ പേരും ശരിയല്ലേയെന്ന് നോക്കുകയും അല്ലെങ്കിൽ സോഫ്റ്റ് വെയറിൽ കറക്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. അതിനുശേഷമാണ് പ്രിന്റ് എടുക്കേണ്ടത്.

**3. യൂണിറ്റ് വിസിറ്റ്**

ഈ വർഷം യൂണിറ്റ് വിസിറ്റ് ആഗസ്റ്റ്, സെപ്റ്റംബർ മാസത്തിൽ നടത്താമെന്നാണ് കരുതുന്നത്. ആഗസ്റ്റ് മാസത്തിൽ സാധിച്ചില്ലെങ്കിൽ സെപ്റ്റംബർ മാസത്തിൽ നടത്തുന്നതാണ്. ഇനിയും യൂണിറ്റിൽ നിന്ന് യുണിറ്റ് വിസിറ്റ് മെമ്പറുടെ പേര് തന്നിട്ടില്ലെങ്കിൽ എത്രയും വേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്. സോഫ്റ്റ് വെയറിലും അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ചെയ്യേണ്ടവിധം General Settings-Authority Management-Unit Visit 2021-22- ADD

**4. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**5. മുടങ്ങാതെ വന്ന അധ്യാപകർക്ക് അവാർഡ്**

(10, 15, 25, 35, 45 വർഷങ്ങൾ) മുടങ്ങാതെ വന്നിട്ടുള്ള അധ്യാപകരുണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങളും ഫോട്ടോയും സഹിതം ആഗസ്റ്റ് 31 നുള്ളിൽ ബഹു.യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്നകത്തോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ E-mail (catechismtrichur @gmail.com) വഴി അയയ്ക്കേണ്ടതാണ്.

**6. മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് അവാർഡ്**

ഒന്നാം ക്ലാസ്സുമുതൽ എ സി സി ക്ലാസ്സുവരെ (15 വർഷം) മുടങ്ങാതെ വന്ന വിദ്യാർത്ഥികളുടെ പേരുവിവരങ്ങളും ഫോട്ടോയും ആഗസ്റ്റ് 31 നുള്ളിൽ ബഹു.യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന കത്തോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ E-mail (catechismtrichur @gmail.com) വഴി അയയ്ക്കേണ്ടതാണ്.

**7. സോഫ്റ്റ് വെയർ പ്രവർത്തനം**

എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക.

യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ സോഫ്റ്റ് വെയറിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ up-to-date ആയി പാലിക്കണം.

**പ്രത്യേകശ്രദ്ധയ്ക്ക്:**

വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, പ്രതിഭാപരിശീലനം, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ (ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ആവശ്യമുള്ള ഡാറ്റ ചേർക്കാതിരിക്കുകയോ, വരുന്ന മാറ്റങ്ങൾ അതാതുസമയത്ത് ചെയ്യാതിരിക്കുകയോ ചെയ്താൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും വിശ്വാസപരിശീലനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. എല്ലാം കൃത്യമായി ചെയ്യുന്നവർക്ക് എല്ലാം വളരെ എളുപ്പവുമായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല.

**8. CTC Cource -** ഒക്ടോബർ മാസത്തിൽ 5 ആഴ്ചകളിലായി സിടിസി കോഴ്സുകൾ നടത്തുന്നു. പങ്കെടുക്കാനുള്ളവർ നേരത്തെ തന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിയതികൾ ആനുവൽ പ്രോഗ്രാമിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

**9. Advanced CTC Cource -** നവംബർ മാസത്തിൽ മൂന്ന് ആഴ്ചകളിലായി നടത്തുന്നു. തിയതികൾ ആനുവൽ പ്രോഗ്രാമിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

**10. സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ**

സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ ഈ വർഷം സാധാരണ പോലെ നടക്കുന്നതാണ്. അർദ്ധവാർഷിക, വാർഷിക

പരീക്ഷകളും സ്കോളർഷിപ്പ് പരീക്ഷകളും ഉണ്ടായിരിക്കുന്നതാണ്. ടെക്സ്റ്റ് ബുക്കുകൾ വാങ്ങിക്കാത്ത സ്കൂളുകൾ എത്രയും വേഗം വാങ്ങിച്ചു കുട്ടികൾക്ക് കൊടുക്കുമല്ലോ.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies**
   (affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.

2021–2022 അദ്ധ്യായനവർഷത്തിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ വർഷം B.A. Theology കോഴ്സിന് 28 പേരാണ് റെജിസ്റ്റർ ചെയ്തിട്ടുള്ളത്. Introduction to Liturgy (Rev. Dr. Bilju Vazappilly), Introduction to Bible (Rev. Dr. Vincent Alappat) എന്നീ ക്ലാസ്സുകൾ കഴിഞ്ഞ മാസം നടന്നു.

2. **Certificate Course in Theology** (affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course -ൽ 70 പേരാണ് പങ്കെടുക്കുന്നത്. മതബോധനശാസ്ത്രം (Rev. Dr. Sajan Pindiyan), ക്രിസ്തുവിജ്ഞാനീയം (Rev. Fr. Leo Puthur), കൗദാശികദൈവശാസ്ത്രം (Rev. Dr. Jiphy Mekkattukulam), വി. കുർബ്ബാന (Rev. Dr. Bilju Vazappilly), എന്നീ ക്ലാസ്സുകൾ ജൂൺ, ജൂലായ് മാസങ്ങളിൽ നടന്നു.

**3. Advanced Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University): സന്യാസിനികൾക്കായി Theology Course, പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ ആരംഭിച്ചു.

- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

**4. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരീശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**5. Basic CTC**

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരീശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരീശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. ഒക്ടോബർ മാസത്തിൽ 5 ബാച്ചുകളായി നടത്തുന്നു.

**6. Advanced CTC**

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. നവംബർ മാസത്തിൽ നടത്തുന്നു.

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# മേരിമാത
# മേജർ സെമിനാരി

**1. ദുക്റാന തിരുന്നാൾ**

മാർ തോമാ ശ്ളീഹായുടെ ദുക്റാന തിരുന്നാൾ ഭാരതസഭയ്ക്കും ഭാരതത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് ആചരിച്ചു. തിരുന്നാ ളിനോടനുബന്ധിച്ച് സാന്തോം സദനിൽ (Residence of Theology Students) ജൂലൈ 1–ാം തിയ്യതി ദൈവശാസ്ത്രവിദ്യാർത്ഥികളുടെ നേതൃത്വ ത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. ജൂലൈ 2–ാം തിയ്യതി വൈകീട്ട് വേസ്പരയും ജൂലൈ 3–ാം തിയ്യതി രാവിലെ ആഘോഷമായ വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു.

**2. അഭിനന്ദനങ്ങൾ**

ബനാറസ് ഹിന്ദു സർവകലാശാലയിൽ നിന്ന് ഭാരതീയ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി ബഹു. ഫാ. ജിബിൻ താഴെക്കാടൻ ജൂലൈ 7–ാം തിയ്യതി സെമിനാരിയിൽ തിരിച്ചെത്തി. ബഹു. ജിബിനച്ചന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. മേരിമാതാ സെമിനാരിയുടെ പുതിയ ലൈബ്രേറിയൻ കൂടിയാണ് ബഹു. ജിബിനച്ചൻ.

**3. മാസധ്യാനം**

ജൂലൈയിലെ മാസധ്യാനം 16, 17 തിയ്യതികളിൽ നടന്നു. ബഹു. റോണി പുത്തൻവീട്ടിലച്ചനാണ് ധ്യാനചിന്തകൾ പങ്കുവച്ചത്. ഈശോയുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ ആഴപ്പെടേണ്ടതിന്റെ ആവശ്യകത അച്ചൻ ഊന്നിപ്പറഞ്ഞു.

**4. സിമ്പോസിയം**

Marymatha Encounters of Pastoral Challenges (MEPC) ന്റെ ആഭിമുഖ്യത്തിലുള്ള 14–ാമത് അന്തരാഷ്ട്ര സിമ്പോസിയം 2021 ആഗസ്റ്റ് 13, 14 തിയ്യതികളിൽ നടക്കും. "Until Christ is Formed in You" (Gal 4:19b): Prospects and Challenges of Faith Formation" എന്നതാണ് സിമ്പോസിയത്തിന്റെ വിഷയം. പങ്കെടുക്കാൻ താല്പര്യമുള്ളവർ ബഹു. ബിൽജു വാഴപ്പിള്ളിയച്ചനെയോ (99 47 18 85 29) ബഹു. സാജൻ പിണ്ടിയാനച്ചനെയോ (94 00 28 06 25) അറിയിക്കുക.

**5. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീ. സിനോജ് ആലപ്പാട്ട്, ആലപ്പാട്ട് ഹൗസ്, പേരാമംഗലം, തൃശൂർ.

**Benefactor Membership**

1. പ്രൊഫസർ സി. ടി. പോൾ, ചിരിയങ്കണ്ടത്ത് ഹൗസ്, ചേറൂർ, തൃശൂർ.
2. ശ്രീ. ബൈജു ജോസ് മഞ്ഞില, മഞ്ഞില ഹൗസ്, പള്ളിയങ്ങാടി, പറവട്ടാനി, തൃശൂർ.
3. ശ്രീമതി മീന പോൾ, വെള്ളറ ഹൗസ്, കാരയൂർ, താമരയൂർ, തൃശൂർ.

**Wellwisher Membership**

1. ഹെഡ്മിസ്ട്രസ്, എൽ. എഫ്. സി. യു. പി. സ്കൂൾ, മമ്മിയൂർ, തൃശൂർ.
2. ശ്രീ. ടി. കെ. ജോസഫ് & കെ. പി. ലില്ലി, തലക്കോട്ടൂർ ഹൗസ്, ചിറ്റാട്ടുകര, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**1. സെന്റ് പോൾ ഗുരുകുലം ബാച്ച്**

മൈനർ സെമിനാരി പരിശീലനത്തിന് ശേഷം 3 വർഷത്തെ ഡിഗ്രി പഠനം പൂർത്തിയാക്കിയ 9 പേരും ഡിപ്ലോമ പഠനം കഴിഞ്ഞ് മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം പൂർത്തിയാക്കിയ ഒരാളും ഉൾപ്പെടുന്ന ഈ വർഷത്തെ ബാച്ച് ഗുരുകുലത്തിൽ ആരംഭിച്ചു.

**2. നവാഗതർക്ക് സ്വീകരണം**

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ച 30 പേർ ജൂലൈ 6–ാം തീയതി ചൊവ്വാഴ്ച വൈദിക പരിശീലനം ആരംഭിക്കുന്നതിനായി ഇവിടെ എത്തിച്ചേർന്നു. അവരെയെല്ലാം സെമിനാരി കുടുംബം സസന്തോഷം സ്വീകരിച്ചു. അവർക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും 12, 13, 14 ദിവസങ്ങളിൽ Initiation Programme ഉണ്ടാ

യിരുന്നു.

**3. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

ജൂലൈ 11ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും ജൂലൈ 18ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും ദിവ്യബലി യർപ്പിച്ച് സന്ദേശം നല്കി. അഭിവന്ദ്യ ടോണി പിതാവിന്റെ നാമഹേതുക തിരുനാളിന്റെയും ജന്മദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും സെമിനാരി കുടുംബം നേർന്നു.

**4. മാസധ്യാനം**

ജൂലൈ മാസത്തിലെ മാസധ്യാനം 16, 17 തിയ്യതികളിൽ നടന്നു. ധ്യാനചിന്തകൾക്ക് ബഹു. ഡേവിസ് തെക്കേക്കരയച്ചൻ നേതൃത്വം നല്കി.

**5. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോർജ്ജ് പി. വി., പൂവത്തിങ്കൽ ഹൗസ്, ഒല്ലൂർ
2. ഫാ. വർഗ്ഗീസ് തരകൻ, തൃശ്ശൂർ അതിരൂപത
3. ശ്രീ. ജോസഫ് എം. പി., മണ്ടുംപാല ഹൗസ്. ചൊവ്വന്നൂർ
4. ശ്രീമതി ഫിലോ & ശ്രീ. വി. കെ. തൊമ്മൻ, വാഴപ്പിള്ളി ഹൗസ്, അരണാട്ടുകര
5. ശ്രീമതി റ്റിജി ജെയിംസ്, കാഞ്ഞിരത്തിങ്കൽ ഹൗസ്, പുല്ലഴി
6. ശ്രീ. ജെസ്വിൻ പോളി, കോപ്പുള്ളി ഹൗസ്, താഴേക്കാട്
7. ശ്രീമതി ആനി ടി. വി., തലക്കോട്ടൂർ ഹൗസ്, വൈലത്തൂർ
8. ശ്രീ. ഷൈൻ കെ. ജോസഫ്, കിടങ്ങൻ ഹൗസ്, ഒല്ലൂക്കര
9. ഫാ. ജോൺസൺ ഒലക്കേങ്കിൽ, തൃശ്ശൂർ അതിരൂപത
10. ഫാ. തോമസ് വടക്കേത്തല, തൃശ്ശൂർ അതിരൂപത, പൗരോഹിത്യ സ്വീകരണത്തിന്റെ ഗോൾഡൻ ജൂബിലി വർഷത്തിലെ കൃതജ്ഞ താസമർപ്പണം
11. ശ്രീ. ജിയോ വിൻസെന്റ്, പുളിക്കൽ ഹൗസ്, കല്ലൂർ
12. ശ്രീ. അരുൺ തോമസ്, അന്തിക്കാട്ട് ഹൗസ്, പോർക്കളങ്ങാട്
13. ശ്രീമതി ശോശക്കുട്ടി വിൻസെന്റ്, പുളിക്കൻ ഹൗസ്, കല്ലൂർ
14. ഫാ. ഫെബിൻ കൂത്തൂർ, തൃശ്ശൂർ അതിരൂപത
15. ശ്രീമതി നെൻസി & ശ്രീ. ഫെബിൻ ജേക്കബ്, പുല്ലോക്കാരൻ ഹൗസ്, പേരാമ്പ്ര
16. ശ്രീ. ഡേവിസ് കെ. ഒ., കണ്ണമ്പുഴ ഹൗസ്, പള്ളിക്കുന്ന്
17. ശ്രീ. പോൾ ജേക്കബ്, തെക്കിനിയത്ത് തെക്കുംപീടിക ഹൗസ്, മരത്താക്കര
18. ശ്രീ. കെ. കെ. ഫ്രാൻസിസ്, കമ്പക്കാരൻ ഹൗസ്, ഒല്ലൂർ
19. ഫാ. സിൻസൻ എടക്കളത്തൂരിന്റെ ഓർമ്മയ്ക്കായി ഫാ. ഡൊമി

നിക് തലക്കോടന്റെ സ്നേഹ സമർപ്പണം
20.ശ്രീ. ലിയോ ജോർജ്ജ്, പെരിഞ്ചേരി ഹൗസ്, മരത്താക്കര
21. ശ്രീ. മാർട്ടിൻ ജോർജ്ജ്, വെളിയംകുളത്ത് ഹൗസ്, നടത്തറ
22. ഡോ. ആന്റണി മൂക്കൻ, മൂക്കൻ ഹൗസ്, ഒല്ലൂക്കര

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ ഈ കോവിഡ് കാലത്തും മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി ജൂനിയർ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. വെന്റിലേറ്ററും യു.വി. ചേമ്പറും നൽകി**

ഇസാഫ് (ESAF) ഫൗണ്ടേഷന്റെ സി.എസ്.ആർ പ്രോഗ്രാമിന്റെ ഭാഗമായി ലോക ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കോവിഡ് വിഭാഗത്തിലെ രോഗികൾക്കായി വെന്റിലേറ്ററും യു.വി. ചേമ്പറും നൽകി. അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇസാഫ് ബാങ്ക് സി.ഇ.ഒ.-യും എം.ഡി.-യുമായ ശ്രീ. പോൾ കെ. തോമസ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജോർജ്ജ് വർഗ്ഗീസ്, ഇസാഫ് ഫൗണ്ടേഷൻ ഡയറക്ടർ ക്രിസ്തുദാസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, മെഡിക്കൽ

സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് എന്നിവർ ചടങ്ങിൽ സിഹിതരായിരുന്നു.

**2. ജൂബിലിയുടെ അഭിനന്ദനങ്ങൾ**

തീവ്ര സാമ്പത്തിക ബുദ്ധിമുട്ടുകളും, ജീവിതത്തിലെ കഷ്ടപ്പാടുകളും അതിജീവിച്ച് ആത്മവിശ്വാസത്തോടെ മുന്നേറി വിജയം കൈവരിച്ച നിഷയെയും ഗീതുവിനെയും ജൂബിലി കുടുംബം അഭിനന്ദിച്ചു. ഉണ്ണികൃഷ്ണൻ ശൈലജ ദമ്പതികളുടെ മക്കളായ നിഷക്കും ഗീതുവിനും ഒരു സഹോദരി കൂടിയുണ്ട്. അച്ഛൻ ഉണ്ണികൃഷ്ണൻ മരക്കമ്പനി തൊഴിലാളിയാണ്. ചെറിയ ക്ലാസുകൾ മുതൽ തക്കാളിപെട്ടികൾ ഉണ്ടാക്കി വിറ്റും മറ്റു പല ചെറിയ ജോലികൾ ചെയ്തും പഠിച്ച് വന്നവരായിരുന്നു ഇവർ. മഴവിൽമനോരമയിൽ നടന്ന ഉടൻപണം പരിപാടിയിൽ നിന്നും അഞ്ച് ലക്ഷം രൂപ സമ്മാനം നേടുകയും ഉണ്ടായി. ദുരിതപൂർണമായ ജീവിതസാഹചര്യങ്ങളിൽ വളർന്നുവന്ന ഇവരിൽ ഒരാൾ ജേർണലിസം ബിരുദധാരിയും മറ്റേയാൾ എം.ബി.എ. ബിരുദധാരിയുമാണ്. ഇവരെ അനുമോദിക്കാൻ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പാരിതോഷികം നൽകി. ജൂബിലി സ്റ്റാഫായ ശ്രീ. ജോൺ വെള്ളറ സ്നേഹോപഹാരം നൽകി. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് അസോ.ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ എന്നിവർ അഭിനന്ദനം അറിയിച്ചു.

**3. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ജോസ് എലുവത്തിങ്കൽ, ചേലക്കോട്ടുകര, തൃശ്ശൂർ (14 ഡയാലിസിസ്)
- റവ. സി. പ്രൊവിൻഷ്യൽ, SABS പ്രൊവിൻഷ്യൽ ഹൗസ്, നിർമ്മല ഭവൻ, തൊടുപുഴ (142 ഡയാലിസിസ്)
- മരിയ പ്രൊവിൻഷ്യൽ ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ (142 ഡയാലിസിസ്)
- ജോണി കെ. വി, എക്കോ സൗണ്ട് പന്തൽ, കണ്ടശ്ശാംകടവ്, തൃശ്ശൂർ (14 ഡയാലിസിസ്)

**4. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റോയ്സി റാഫേൽ, മേലേപ്പുറം ഹൗസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
- ആൻ വർഗ്ഗീസ്, അരിമ്പൂർ ചീരോത, പാലക്കൽ, തൃശ്ശൂർ
- സി. ആർ. പൗലോസ്, ചാഴൂർ ഹൗസ്, തൃശ്ശൂർ

- ഫാ. ഡേവിഡ് പുതുക്കാട്
- ലൂസി, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സണ്ണി, ചിറ്റിലപ്പിള്ളി ഹൗസ്, വില്ലടം, തൃശ്ശൂർ
- നിമ്മി ജോമോൻ, ചിറമ്മൽ പടിഞ്ഞാറേത്തല, കുട്ടനെല്ലൂർ, തൃശ്ശൂർ
- ചിഞ്ചു ജെയിംസ്, ചിറ്റടി

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പി.എച്ച്.ഡി നേടി**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ മിസ് ദീപ്തി കെ.എസ് ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. ചാക്കോ വി.എം ന്റെ കീഴിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് ബിരുദം നേടി.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപികയും ഗവേഷണ വിദ്യാർത്ഥിയുമായ സിസ്റ്റർ ജിഷ ജോസഫ് ഡോ. ജെൻസി തോമസിന്റെ കീഴിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് ബിരുദം നേടി.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ഡിനൂപ് ലാൽ ഡോ. സുനിൽ ജോസിന്റെ കീഴിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടി.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റലെ ഗവേഷണ വിദ്യാർഥിയായ രാഗി കെ. മുൻ എച്ച്.ഒ.ഡി. ഡോ. ജോബി തോമസ് കെ യുടെ കീഴിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടി.

**2. വെബിനാറുകൾ**

1. സെന്റ് തോമാസ് കോളേജും, പരിവാർ കേരളയുമായി സഹകരിച്ച് 'ആർ.പി.ഡി ആക്റ്റ് 21' എന്ന വിഷയത്തിൽ ബോധവത്ക്കരണ വെബിനാർ സംഘടിപ്പിച്ചു. സംസ്ഥാന ഹയർ എഡ്യൂക്കേഷൻ മന്ത്രി ഡോ. ആർ ബിന്ദു ഉത്ഘാടനം ചെയ്തു.

2. കോളേജിലെ ഐ.ക്യു.എ.സി റിസർച്ച് കൗൺസിൽ സ്റ്റാർട്ട്പ്പ് & ഇന്നൊവേഷൻ സെല്ലിന്റെ സംയുക്ത ആഭിമുഖ്യത്തിൽ 'റിസർച്ച് കൺസൽട്ടൻസി ആന്റ് സ്റ്റാർട്ടപ്പ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി സ്ഥാപനത്തിലെ ശാസ്ത്രജ്ഞനായ ഡോ. കുരുവിള ജോസഫ് ക്ലാസ്സ് നയിച്ചു.
3. കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'സിസ്റ്റംസ് തിങ്കിംങ് ആന്റ് മോഡലിംങ്' എന്ന വിഷയത്തിൽ ഇന്റർനാഷണൽ വെബിനാർ നടത്തി. ന്യൂസിലാന്റിലെ വില്ലിംങ്ടൺ യൂണിവേഴ്സിറ്റി അസോസിയേറ്റ് ഡീൻ ഡോ. അരുൺ ഏലിയാസ് വെബിനാർ നയിച്ചു.
4. മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വായനാവാരം ആഘോഷിച്ചു. ഗ്രന്ഥഅവലോകനം, നിരൂപണം, കവിതാലാപനം, ഇഷ്ടപ്പെട്ട എഴുത്തുകാരൻ, എഴുത്തുകാരനൊപ്പം, എന്തിനു വായിക്കണം എന്നീ ഏഴു വിഷയങ്ങൾ ഏഴു ദിവസങ്ങളിലായി സംഘടിപ്പിച്ച് വായന പ്രോത്സാഹന വെബിനാർ സംഘടിപ്പിച്ചു.
5. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഡേ ആചരിച്ചു. കെ.ഐ.എൽ.എ ഡയറക്ടർ ഡോ. ജോയ് ഇളമൺ വെബിനാർ ഉദ്ഘാടനം ചെയ്തു. 'സീറോ ഹങ്ങർ' എന്ന വിഷയത്തിൽ പോസ്റ്റർ ഡിസൈൻ മത്സരം സംഘടിപ്പിച്ചു.
6. ആന്റി നാർക്കോട്ടിക് സെല്ലിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധദിനത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡ്രഗ് കൺട്രോളർ ഓഫ് കേരള, ശ്രീ കെ.കെ. ജോൺ വെബിനാർ നയിച്ചു.
7. ബോട്ടണി ഡിപ്പാർട്ട്മെന്റും, ഐ.ക്യു.എ.സി സ്റ്റാർട്ടപ്പ് ആന്റ് ഇന്നൊവേഷൻ സെല്ലിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 'പെയ്റ്റന്റ് ആപ്ലിക്കേഷൻ ഓൺ ഇന്നൊവേറ്റീവ് അക്കാദമിക് റിസർച്ച്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മുംബൈ പാറ്റ്ലാക്സ് ബിസിനസ്സ് സൊലൂഷൻ ഡയറക്ടർ ശ്രീ വിജയ് കുമാർ ഷിവ്പുജ് വെബിനാർ നയിച്ചു.

### 3. 35 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു

കോളേജിൽ നിന്നും കോമേഴ്സ് വിഭാഗത്തിലെ 10 വിദ്യാർത്ഥികൾക്കും ഏണസ്റ്റ് ആന്റ് യംഗ് എന്ന കമ്പനിയിലും, സി.എസ്.ബിയിൽ 5 വിദ്യാർത്ഥികൾക്കും, ഫെഡറൽ ബാങ്ക് കോഗ്നൈസൻസ് നോർത്താപ്റ്റൺ, ടീം സൊലൂഷൻ എന്നിവയിൽ ഓരോ വിദ്യാർത്ഥിക്കും, ഫി

സിക്സിൽ നിന്ന് എം.ആർ.എഫിൽ 2, ഇൻഫോസിസിൽ 1 വിദ്യാർത്ഥിക്കും, കംപ്യൂട്ടർ സയൻസ് / കംപ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ നിന്ന് ഇൻഫോസിസിൽ 6 വിദ്യാർത്ഥികൾക്കും വിപ്രോ യിൽ 1 വിദ്യാർത്ഥിക്കും, ഇ.വൈ ജി.ഡി.എസിൽ 2 പേർക്കും, ഡി.എം.ഒ ഓഫീസിൽ ഡാറ്റാ സയൻസിലെ ഒരു വിദ്യാർത്ഥിക്കും, ഇ.വൈ ജി.ഡി.എസിൽ ഇലക്ട്രോണിക്സിലെ 1 വിദ്യാർത്ഥിക്കും, ഇംഗ്ലീഷ് വിഭാഗത്തിൽ നിന്ന് സി.എസ്.ബി, ഇംഗ്ലീഷ് പ്ലസ് അക്കാദമിയിൽ ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ നിന്ന് ഇൻഫോസിസിൽ 1 വിദ്യാർത്ഥിക്കും പ്ലെയ്സ്മെന്റ് ലഭിച്ചു. കഴിഞ്ഞ മാസം മൊത്തം 35 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.

**4. സെന്റ് തോമസ് ദിനാഘോഷം**

സെന്റ് തോമസ് ദിനാചരണം ജൂലൈ 3–ാം തീയതി ഓൺലൈൻ പ്രോഗ്രാമിലൂടെ കോളേജിൽ നടത്തി. രാവിലെ 8 മണിക്ക് എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ കോളേജ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ, ഡോ. ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ അനുദിന ജിവിതത്തിൽ തോമാസ്ളീഹായുടെ ജീവിത മാതൃക അനുകരിക്കേണ്ടതിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട സന്ദേശം നൽകി.

**5. എൻ. എസ്.എസ് പ്രവർത്തനങ്ങൾ**

കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡോക്ടേഴ്സ് ഡേ, 'ലേണിങ് റ്റുഗതർ ഈവൻ വെൻ വി ആർ അപാർട്ട്' എന്ന ടെലികാസ്റ്റ്, ബാലവേലയ്ക്ക് എതിരെയുള്ള ദിനം, ലോക രക്തദാന ദിനം, വായന ദിനം, ലോക റെഫ്യൂജി ഡെ, അന്താരാഷ്ട്ര യോഗാ ദിനം, ഫാദേഴ്സ് ഡേ, ലഹരിവിരുദ്ധ ദിനം, 'വൈഖരി' മാഗസിൻ പ്രകാശനം മുതലായ പ്രവർത്തനങ്ങൾ നടത്തി.

**6. അഭിനന്ദനങ്ങൾ**

പഞ്ചാബിൽ വെച്ച് നടക്കുന്ന 60–ാം മത് നാഷണൽ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലേക്ക് കോളേജ് വിദ്യാർത്ഥികളായ ആൻ റോസ് ടോമി, ആൻസി സോജൻ, അജ്ഞലി പി.ഡി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഈ ചാമ്പ്യൻഷിപ്പിൽ രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിയായ അജ്ഞലി പി.ഡി 200 മീറ്റർ ഓട്ടമത്സരത്തിൽ റെക്കോർഡ് സമയത്തിൽ ഗോൾഡ് മെഡൽ നേടി.

വായന ദിനത്തിന്റെ ഭാഗമായി ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട സംഘടിപ്പിച്ച 'ബൗണ്ട് റ്റു ബുക്ക്' എന്ന പ്രോഗ്രാമിന്റെ മുഖ്യ അതിഥി ആയ സെന്റ് തോമാസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ശ്യാം സുധാകറിന് അഭിനന്ദനങ്ങൾ.

ഹെഡ് അക്കൗണ്ടന്റായിരുന്ന ശ്രീ ബാബു സി.റ്റി വോളണ്ടറി റിട്ടയർമെന്റ് എടുത്ത് പോകുന്ന വേളയിൽ കോളേജിന്റെ പേരിൽ നന്ദിയും അഭിനന്ദനങ്ങളും രേഖപ്പെടുത്തി. പുതിയ ഹെഡ് അക്കൗണ്ടന്റായി നിയമിതനായ ശ്രീ ജെൻസൻ വി.ഡി ക്ക് അഭിനന്ദനങ്ങളും ആശംസകളും നേർന്നു.

**7. ചാരിറ്റി പ്രവർത്തനം**

തൃശൂർ റോട്ടറി ക്ലബും, കെ.പി.സി.റ്റി.എ സംഘടനയും കോളേജിലെ സാമ്പത്തിക അവശതയനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ പഠന സാമഗ്രിയായി നൽകി.

**ഫാ. ബിജു പാണേങ്ങാടൻ**
(എക്സിക്യൂട്ടീവ് മനേജർ)

**ഡോ. ആന്റോ പി വി**
(പി.ആർ.ഒ)

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ലോകരക്തദാതൃദിനം ആചരിച്ചു**

നാച്ചുറൽ സയൻസ് ഓപ്ഷണൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂൺ 14 ലോകരക്ത ദാതൃദിനത്തിന്റെ ഭാഗമായി ഡിജിറ്റൽ പോസ്റ്റർ നിർമാണവും ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വ്യക്തികൾ രക്തദാന മഹത്വത്തെ കുറിച്ച് സംസാരിച്ച വീഡിയോയും പങ്കുവച്ചു.

**2. ഇന്റേണൽ പരീക്ഷകൾ സമാപിച്ചു**

രണ്ടാം സെമെസ്റ്റർ, എം.എഡ്, ബി.എഡ് വിദ്യാർത്ഥികളുടെ ആദ്യ ഇന്റേണൽ പരീക്ഷകൾ സമാപിച്ചു. ജൂൺ 10, 15 തിയ്യതികളിൽ എം.എഡ് വിദ്യാർത്ഥികൾക്കും ജൂൺ 8, 13, 14 തിയ്യതികളിൽ ബി.എഡ് വിദ്യാർത്ഥികളുടെയും പരീക്ഷയാണ് സമാപിച്ചത്. രാവിലെ 9 മണി

മുതൽ 10 മണി വരെയായിരുന്നു പരീക്ഷാസമയം.

**3. ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു**

ഐ.സി.ഡി.എസ് വടക്കാഞ്ചേരി ഊർജ്ജിത വിളർച്ചാനിയന്ത്രണത്തിന്റെ ഭാഗമായി ജൂൺ 18ന് 'സമ്പുഷ്ട കേരളത്തിനായി വിളർച്ച തടയാം' എന്ന പേരിൽ അനീമിയ ബോധവൽക്കരണം സംഘടിപ്പിച്ചു. രാവിലെ 11.30 മുതൽ 12.30 വരെ നടന്ന പരിപാടിയിൽ ക്ലാസ് നയിച്ചത് ഐ.സി.ഡി.എസ് സൂപ്പർവൈസർ സിന്ധു.എ.കെ ആയിരുന്നു. പ്രിൻസിപ്പാൾ റവ. ഫാദർ ഡോ.ചാക്കോ ചിറമ്മൽ സ്വാഗത പ്രസംഗം നടത്തി. പരിപാടിയിൽ ശിശുവികസന പദ്ധതി ഓഫീസർ മിനി പി.കെ. സാന്നിധ്യം അറിയിച്ചു.

**4. വായനദിനം ആഘോഷിച്ചു**

ലിറ്ററി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൂൺ 19ന് 'ബിബ്ലിയോതീക്ക' എന്ന പേരിൽ വായനദിനം ആചരിച്ചു. ഗാനരചയിതാവ് നവീൻ മാരാർ മുഖ്യാതിഥിയായ ചടങ്ങിൽ വീഡിയോ പ്രസന്റേഷൻ, ഏകാന്ത സംഗീതം, കവിതാപാരായണം, വായനദിനസന്ദേശം എന്നിവ പങ്കുവെച്ചു. രാവിലെ 9 മണി മുതൽ 10.30 വരെയായിരുന്നു പരിപാടി. വായനദിനത്തോടനുബന്ധിച്ച് ജൂൺ 8 മുതൽ 11 വരെയുള്ള തീയതികളിൽ കഥാപാത്രനിരൂപണം, മലയാളം, ഇംഗ്ലീഷ് ആസ്വാദന കുറിപ്പുകൾ, പ്രസംഗമത്സരം, ക്വിസ്മത്സരം എന്നീ പരിപാടികൾ സംഘടിപ്പിച്ചു. ക്വിസ് മത്സരത്തിൽ പങ്കെടുത്തവർക്ക് ഇ-സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**5. വീഡിയോ പ്രദർശിപ്പിച്ചു**

നാച്ചുറൽ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂൺ 21 അന്താരാഷ്ട്ര യോഗദിനത്തിൽ വീഡിയോ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിവിധ യോഗ പോസ്റ്ററുകൾ ചേർത്തുകൊണ്ടാണ് വീഡിയോ തയ്യാറാക്കിയത്. ചടങ്ങിനോടനുബന്ധിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ പ്രാധാന്യം പങ്കുവയ്ക്കുന്ന നാടകം അവതരിപ്പിച്ചു.

**6. സിനർജി സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പത്താമത് സിനർജി സീരീസ് ജൂൺ 26 ന് രാവിലെ 9 മണി മുതൽ 10 മണി വരെ സംഘടിപ്പിച്ചു. 'സൂപ്പർസ്റ്റീഷ്യൻ എ ബ്ലൈൻഡ് മിസ്റ്ററി വിത്ത് ഫോൾസ് ബിലീഫ് റോൾ ഓഫ് എഡ്യുക്കേഷൻ' എന്ന വിഷയം അവതരിപ്പിച്ചത് നാച്ചുറൽ സയൻസ് ഓപ്ഷണൽ അസി. പ്രൊഫസർ അനൂപ്.വിപി

ആയിരുന്നു.

**7. വർക്ക്ഷോപ്പ് സമാപിച്ചു**

ബി.എഡ് കരിക്കുലത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ജൂൺ 28 മുതൽ ജൂലൈ 1 വരെ ‘‘ആർട്ട് ഏന്റ് ഡ്രാമ ഇൻ എഡ്യുക്കേഷൻ’’ എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. നാലു ദിവസങ്ങളിലും രാവിലെ 9 മണി മുതൽ 10 മണി വരെ ഉണ്ടായിരുന്ന വർക്ക്ഷോപ്പ് നയിച്ചത് കാലടി ശങ്കരാചര്യ യൂണിവേഴ്സിറ്റി, എം.എ തിയേറ്റർ ആർട്സ് ഫസ്റ്റ് റാങ്ക് ഹോൾഡർ ഫാ.ഫിജോ ആലപ്പാടൻ ആയിരുന്നു. നാടകം ഒരു ആമുഖം, അഭിനയം, കഥാപാത്രം, രംഗപടം എന്നിങ്ങനെയായിരുന്നു ക്ലാസ്സിലെ വിഷയങ്ങൾ.

**8. ഇന്റേൺഷിപ്പ് പരിസമാപ്തിയിലേക്ക്**

എം.എഡ് വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് അവസാന ഘട്ടത്തിൽ. ജൂൺ 28 മുതൽ ജൂലൈ 15 വരെയാണ് ഇന്റേൺഷിപ്പ് കാലാവധി.

**9. ക്വിസ് മത്സരം സംഘടിപ്പിച്ചു**

മാലാല ദിനത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഓപ്ഷണൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂലൈ 12ന് ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്വിസിൽ 50% ന്റെ മുകളിൽ മാർക്ക് ലഭിച്ചവർക്ക് ഇ–സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**10. അന്താരാഷ്ട്ര നീതിദിനം ആഘോഷിച്ചു**

നാലാം മാസ്റ്റർ ട്രയിനീ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നീതിദിനത്തിന്റെ ഭാഗമായി ജൂലൈ 17 ന് വീഡിയോ അവതരിപ്പിച്ചു. നീതിദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കി ചില പ്രമുഖ വ്യക്തികളുടെ സന്ദേശം ഉൾക്കൊള്ളിച്ചിട്ടുള്ള വീഡിയോ ആണ് പ്രദർശിപ്പിച്ചത്.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. പ്രിൻസിപ്പൽമാരുടെയും പ്രധാനാധ്യാപകരുടെയും യോഗം**

2021 -22 അധ്യായനവർഷ ആരംഭത്തോടനുബന്ധിച്ച് കോർപ്പറേറ്റ് ഏജൻസിയിലെ പ്രിൻസിപ്പൽമാരുടെയും എച്ച്. എസ്, യു. പി, എൽ. പി വിഭാഗങ്ങളിലെ പ്രധാനാധ്യാപകരുടെയും യോഗം ZOOM Meeting ലൂടെ നടത്തി. അതിരൂപതാ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി എല്ലാ യോഗങ്ങളിലും അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള വിദ്യാലങ്ങളിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. കോർപ്പറേറ്റ് അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതിനെ സംബന്ധിച്ച് പ്രധാനാദ്ധ്യാപകർ പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകളും അറിയിച്ചു. പ്രധാന അധ്യാപകരുടെ എല്ലാ സംശയങ്ങൾക്കും അദ്ദേഹം മറുപടി നൽകി.

**2. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ**

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെകുറിച്ചും കമ്മീഷനിൽ സമർപ്പിക്കേണ്ട നിവേദനത്തേക്കുറിച്ചും ചർച്ച ചെയ്യുന്നതിനുവേണ്ടി ജൂലൈ 17, 18 തീയതികളിലായി കോർപ്പറേറ്റ് പ്രിൻസിപ്പൽമാരുടെയും പ്രധാനാധ്യാപകരുടെയും യോഗം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സംഘടിപ്പിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന വിഷയാവതരണം നടത്തി. 'ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനും നമ്മുടെ പങ്കാളിത്തവും' എന്ന വിഷയത്തിന്റെ കാലിക പ്രാധാന്യത്തെക്കുറിച്ച് ഡോ. മേരി റെജീന വീഡിയോ പ്രോഗ്രാമിലൂടെ വിശദമാക്കി. കോർപ്പറേറ്റ് മാനേജർ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും പ്രധാനാധ്യാപകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. എച്ച്. എം. ഫോറം കൺവീനർ ശ്രീ എം. സി. ജോസഫ് മാസ്റ്റർ സ്വാഗതവും സെക്രട്ടറി ശ്രീ പി. ഡി. വിൻസന്റ് മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി.

| Sl. No.Name of school who and above in all subject | Students appeared | | No. of pupils got D+School percentage |
|---|---|---|---|
| 2020-2021 | | | |
| 1. C.J.M.A.H.S.S., Varandarappilly | 324 | 324 | 100 |
| 2. St. Sebastian's H.S., Chittattukara | 254 | 254 | 100 |
| 3. St. Thomas H.S.S., Mayannur | 214 | 214 | 100 |
| 4. St. Thomas H.S.S., Thiroor | 205 | 205 | 100 |
| 5. St. John's H.S.S., Parappur | 198 | 198 | 100 |
| 6. St. Antony's H.S.S., Ammadam | 189 | 189 | 100 |
| 7. St. Antony's H.S.S., Pazhuvil | 182 | 182 | 100 |
| 8. St. Mary's H.S., Chengaloor | 169 | 169 | 100 |
| 9. Matha H.S., Mannampetta | 158 | 158 | 100 |
| 10. St. Antony's H.S.S., Pudukad | 157 | 157 | 100 |
| 11. St. Sebastian's H.S., Mannamangalam | 155 | 155 | 100 |
| 12. St. Joseph's H.S.S., Velupadam | 147 | 147 | 100 |
| 13. St. Thomas C.H.S.S., Thrissur | 143 | 143 | 100 |
| 14. St. Thomas H.S.S., Thope, Thrissur | 96 | 96 | 100 |
| 15. St. Xavier's H.S., Chevoor | 78 | 78 | 100 |
| 16. St. Thomas H.S.S., Vallachira | 52 | 52 | 100 |
| 17. St. Joseph's H.S.S., Avinissery | 20 | 20 | 100 |
| 18. Tharakan's H.S., Aranattukara | 15 | 15 | 100 |
| 19. St. Antony's H.S.S., Puthenpeedika | 12 | 12 | 100 |
| 20. St. Thomas H.S.S., Engandiyur | 237 | 236 | 99.58 |
| 21. St. Joseph's H.S., Enamakkal | 154 | 153 | 99.35 |

SSLC പരീക്ഷയിൽ മികച്ചവിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അഭിനന്ദങ്ങൾ !

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പസ്തോലേറ്റ് സെന്റർ

## ദാമ്പത്യ ബന്ധം എങ്ങനെ ശക്തിപ്പെടുത്താം

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിവാഹിതരായവരും ഈ മാസങ്ങളിൽ പ്രീകാന കോഴിസിൽ സംബന്ധിച്ചവരുമായ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമായ ദാമ്പത്യബന്ധം എങ്ങനെ ശക്തിപ്പെടുത്താം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്തു. ദാമ്പത്യ ബന്ധം എങ്ങനെ ശക്തിപ്പെടുത്താം എന്ന വിഷയം അവതരിപ്പിച്ചത് റവ.ഫാ. പോൾ പൊട്ടക്കൽ സി.എം.ഐ അച്ചനാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർമാർ ഫാ ഷാന്റൊ തലക്കോട്ടൂർ, ഫാ. ജിന്റൊ ചൂണ്ടൽ എന്നിവർ നേതൃത്വം കൊടുത്തു.

## വിധവാ സംഗമം

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും അതിരൂപത മാതൃവേദിയുടെയും നേതൃത്വത്തിൽ വിധവാ സംഗമം നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഈ സംഗമം ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് സമ്മേളനത്തിന്റെ സമാപന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. ക്ലാസ് നയിച്ചത് ബഹു.ജസ്റ്റീസ് കുര്യൻ ജോസഫ് (റിട്ട. ജഡ്ജ് സുപ്രീം കോർട്ട് ഓഫ് ഇന്ത്യ) സാറാണ്. വിധവകൾക്കുവേണ്ടി നടത്തിയ ഈ സെമിനാർ ഏറെ ഊഷ്മളമായിരുന്നു. വിധവകൾക്ക് സാറിന്റെ ഈ സെമിനാർ വഴി ഉണർവും ഉത്തേജനവും ലഭിക്കുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർമാർ ഫാ. ഷാന്റൊ തലക്കോട്ടൂർ, ഫാ. ജിന്റൊ ചൂണ്ടൽ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**യു.പി സർക്കാരിന്റെ ജനസംഖ്യ നിയന്ത്രണ നിയമത്തിനെതിരെ പ്രതിഷേധിച്ചു.**

രണ്ടു കുട്ടികളിൽ കൂടുതലുള്ള കുടുംബങ്ങൾക്ക് സർക്കാർ ജോലിയും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കുന്ന നിയമ നിർമാണത്തിനെതിരെ തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതി പ്രതിഷേധിച്ചു.

ഭ്രൂണഹത്യയെന്ന കൊലപാതകത്തെ മഹത്വീകരിക്കുന്ന പ്രവണത കൂടി വരുന്നതായും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കൂടിയ പ്രോലൈഫ് നേതൃത്വയോഗം വിലയിരുത്തി. സമൂഹ നിർമിതിക്കും സാമൂഹ്യ നന്മയ്ക്കും ഉതകുന്ന മാധ്യമ സംസ്ക്കാരം രൂപപ്പെടുത്തേണ്ടവർ തന്നെ സമൂഹത്തെ ഉന്മൂലന നാശത്തിലെത്തിക്കുന്ന ചിന്താ ദാരകൾ മാധ്യമങ്ങളിലൂടെ കടത്തിവിടുന്നതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രസിഡണ്ട് ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ആനിമേറ്റർ ഇ.ഡി ജോർജ്ജ് മാസ്റ്റർ, സെക്രട്ടറി രാജൻ ആന്റണി, എം. എ വർഗ്ഗീസ്, റോസിലി മാത്യു, ഷീബ ബാബു, മാത്യു എൻ.ടി, നയോമി ടീച്ചർ, ബാബു തുടങ്ങിയവർ സംസാരിച്ചു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# CCWI

**വിദ്യാർത്ഥികൾക്കൊരു കൈതാങ്ങ്**

അതിരൂപത സംഘടനയായ സി.സി.ഡബ്ലിയു.ഐ യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ആറു മൊബൈലുകൾ നൽകുകയുണ്ടായി. പഠനത്തിന് സമർത്ഥരും എന്നാൽ പാവപ്പെട്ടവരുമായ വിദ്യാർത്ഥികൾക്കാണ് മൊബൈൽ സമ്മാനമായി നൽകിയത്. പ്രസിഡന്റ് ശ്രീമതി ടെസ്സി ജോസഫ്, സെക്രട്ടറി ശ്രീമതി എലിസബത്ത് ജോർജ്ജ്, ട്രഷറർ ശ്രീമതി മിനി മോഹൻ, ശ്രീമതി നിർമ്മല ആന്റോ എന്നിവർ നേതൃത്വം കൊടുത്തു.

**ശ്രീമതി ടെസ്സി ജോസഫ്**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**1. പരിസ്ഥിതിയെയും ജനവാസ കേന്ദ്രങ്ങളെയും തകർത്തു കൊണ്ടുള്ള ഒരു വികസനം വേണ്ട**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ നെൽപ്പാട വയലുകൾ നികത്തിയും, ആരാധനാലയങ്ങളെയും, ജനവാസ കേന്ദ്രങ്ങളെയും തകർത്തു കൊണ്ടും ഭൂമാഫിയയുടെ പദ്ധതിക്ക് അനുസരിച്ചു കൊണ്ടുള്ള ഒരു വികസന മുന്നേറ്റം ആവശ്യമില്ലെന്ന് തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ അഭിപ്രായപ്പെട്ടു. ഈ കോവിഡ് കാലഘട്ടത്തിൽ ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്ക് തള്ളിവിടാതെ അവരുമായി ഒരു സമവായം ഉണ്ടാക്കി പുതിയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സർക്കാരും, തൃശ്ശൂർ കോർപ്പറേഷനും തയ്യാറാകണമെന്നും ഇതിനാവശ്യമായ ഉചിതമായ നടപടികൾ അടിയന്തിരമായി കൈകൊള്ളണമെന്നും യോഗം ആവശ്യപ്പെട്ടു.

അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ ഷിന്റോ മാത്യു എന്നിവർ സംസാരിച്ചു. പ്രതിഷേധയോഗത്തിന് ട്രഷറർ ശ്രീ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ശ്രീ ജെയ്സൻ മാണി, കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ശ്രീ ഷെറിൻ ഡേവീസ്, ശ്രീമതി ഷൈനി ഫ്രാൻസീസ് കമ്മിറ്റി അംഗങ്ങളായ ശ്രീ ചാർളി കെ.എ., ശ്രീ സ്റ്റീഫൻ സി.ജെ., ശ്രീ എ.എൽ കുരിയാക്കോസ് എന്നിവർ നേതൃത്വം നൽകി.

**2. പാചകവാതക സബ്സിഡി ഉടൻ പുനരാരംഭിക്കുക**

കോവിഡ് മഹാമാരിയുടെ ഈ അതിരൂക്ഷമായ സാഹചര്യത്തിലും എല്ലാ കുടുംബങ്ങളേയും നടുവൊടുച്ചുകൊണ്ട് ഒന്നര വർഷം മുമ്പ് ഒരു മുന്നറിയിപ്പുമില്ലാതെ നിർത്തലാക്കിയ പാചക വാതക സബ്സിഡിയുടെ വിഷയത്തിൽ സർക്കാരുകൾ മൗനം ഭജിച്ചുകൊണ്ട് ജനദ്രോഹപരമായ നടപടിയുമായി മുന്നോട്ടു പോവുകയാണ്. ജീവിതം മുന്നോട്ട് തള്ളിനീക്കാൻ കഷ്ടപ്പെടുന്ന ഈ കാലഘട്ടത്തിൽ പാചകവാതകത്തിന്റെ സബ്സിഡി മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് കുടുംബങ്ങളെ ആകുലപ്പെടുത്തുന്ന മനസ്സാക്ഷിയില്ലാത്ത ഈ നടപടിയിൽ നിന്നും ഉചിതമായ ഒരു തീരുമാനം ഉടൻ കൈകൊള്ളണമെന്ന് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ യോഗത്തിൽ ജനറൽ കൺവീനർ ശ്രീ. പോൾ പാറക്കൽ പ്രമേയം അവതരിപ്പിക്കുകയും ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ജനറൽ സെക്രട്ടറി ഷിന്റോ മാത്യു എന്നിവർ സംസാരിക്കുകയും ചെയ്തു. ജിനീഷ് വടക്കുംഞ്ചേരി, ജെയ്സൻ മാണി, ഷെറിൻ ഡേവീസ്, കേണൽ റെജീന ജെയിംസ്, ഷൈനി ഫ്രാൻസീസ്, സ്റ്റീഫൻ സി.ജെ, കെ. എ ചാൽളി, എ.എൽ കുര്യാക്കോസ് എന്നിവർ പ്രതിഷേധ യോഗത്തിന് നേതൃത്വം നൽകി.

**3. EWS എന്ത്? എന്തിന്? എങ്ങനെ?**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ AFC യുടെ സഹകരണത്തോടുകൂടി EWS എന്ത്? എന്തിന്? എങ്ങനെ? എന്നതിനെക്കുറിച്ച് കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും മറ്റ് തലത്തിലുള്ളവർക്കും വേണ്ടി ജൂലായ് 11 ഞായറാഴ്ച്ച വൈകുന്നേരം 7 മുതൽ 8.30 വരെ ഓൺലൈനിൽ സെമിനാർ നടത്തി. സെമിനാറിന് ഡോ. മേരി റെജീന, ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ശ്രീ. ജോമി കെ.ജെ., ശ്രീ. റോണി അഗസ്റ്റിൻ എന്നിവർ ക്ലാസ്സ് നയിച്ചു.

അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച സെമിനാറിന് അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ ഷിന്റൊ മാത്യു ട്രഷറർ ശ്രീ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ശ്രീ ജെയ്സൻ മാണി, കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ശ്രീ ഷെറിൻ ഡേവീസ്, ശ്രീമതി ഷൈനി ഫ്രാൻസീസ് കമ്മിറ്റി അംഗങ്ങളായ ശ്രീ ചാർളി കെ.എ., ശ്രീ സ്റ്റീഫൻ സി.ജെ., ശ്രീ എ.എൽ കുരിയാക്കോസ് എന്നിവർ നേതൃത്വം നൽകി.

**4. അഗതി ഭവന സന്ദർശനം**

വി.യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പുല്ലഴി സെ.ജോസഫ് മെന്റൽ കെയർ ഹോം സന്ദർശിക്കുകയും അവരോടൊത്ത് ഏതാനും മണിക്കൂറുകൾ ചിലവഴിക്കുകയും ചെയ്തു. അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ഇതൊരു പുത്തൻ ഉണർവായിരുന്നു. അവിടത്തെ അന്തേവാസികൾക്ക് ആവശ്യമായ വസ്തുക്കൾ കൈമാറുകയും ചെയ്തു.

അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ ഷിന്റൊ മാത്യു എന്നിവർ സംസാരിച്ചു. ട്രഷറർ ശ്രീ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ശ്രീ ജെയ്സൻ മാണി, കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ശ്രീ ഷെറിൻ ഡേവീസ്, ശ്രീമതി ഷൈനി ഫ്രാൻസീസ് കമ്മിറ്റി അംഗങ്ങളായ ശ്രീ ചാർളി കെ.എ., ശ്രീ സ്റ്റീഫൻ സി.ജെ., ശ്രീ എ.എൽ കുരിയാക്കോസ് എന്നിവർ നേതൃത്വം നൽകി.

**5. ജസ്റ്റീസ് ജെ.ബി കോശി കമ്മീഷനും നമ്മുടെ പങ്കാളിത്തവും**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ജെ.ബി കോശി കമ്മീഷനും നമ്മുടെ പങ്കാളിത്തവും എന്ന വിഷയത്തെ ആസ്പദമാക്കി കുടുംബകൂട്ടായ്മ എല്ലാ ഭാരവാഹികൾക്കും വേണ്ടി ജൂലായ് 18 ഞായറാഴ്ച്ച വൈകുന്നേരം 7.00 മുതൽ 8.00 വരെ നടത്തപ്പെടുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഈ വെബിനാർ ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന സെമിനാർ നയിക്കുകയുണ്ടായി.

അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ,

ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ ഷിന്റോ മാത്യു എന്നിവർ സംസാരിച്ചു. ട്രഷറർ ശ്രീ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ശ്രീ ജെയ്സൻ മാണി, കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ശ്രീ ഷെറിൻ ഡേവീസ്, ശ്രീമതി ഷൈനി ഫ്രാൻസീസ് കമ്മിറ്റി അംഗങ്ങളായ ശ്രീ ചാർളി കെ.എ., ശ്രീ സ്റ്റീഫൻ സി.ജെ., ശ്രീ എ.എൽ കുരിയാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**EWS സംവരണം എങ്ങനെ പ്രയോജനപെടുത്താം**

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **EWS സംവരണം എങ്ങനെ പ്രയോജനപെടുത്താം** എന്ന വിഷയത്തെ ആസ്പദമാക്കി പ്ലസ് വൺ മുതലുള്ള എല്ലാ യുവതി യുവാക്കൾക്കും തൊഴിൽ അന്വേഷകർക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി 7 വെബിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ഏകദേശം 2000 ത്തോളം പേർ ഈ വെബിനാറുകളിൽ പങ്കെടുക്കുകയുണ്ടായി. ഈ വിഷയത്തെ ആസ്പദമാക്കി വെബിനാറുകൾ സംഘടനാ തലത്തിലോ, ഇടവക തലത്തിലോ നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഫെസിലിറ്റേഷൻ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**EXCEL ACADEMY**

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

excel ACADEMY
Archdiocese of Trichur
Institute for Career Formation

- സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ, അധ്യാപകർ നിർബന്ധമായും പാസ്സായിരിക്കേണ്ട KER/KSR പരീക്ഷക്കുള്ള കോച്ചിങ്ങ് ക്ലാസ്സുകൾ, എക്സൽ അക്കാദമിയിൽ ഉടനെ ആരംഭിക്കുന്നു.
- എക്സൽ അക്കാദമിയിൽ K-TET (4 കാറ്റഗറി) ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.
- PSC (3 Months), PSC (6 Months) ഓൺലൈൻ ക്ലാസ്സുകൾ ഉടനെ ആരംഭിക്കും. അഡ്മിഷൻ ആരംഭിച്ചു.
- എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള സിവിൽ സർവ്വീസ്, ഫൗണ്ടേഷൻ കോഴ്സുകൾ ഉടനെ ആരംഭിക്കും. രണ്ടാം ശനിയാഴ്ചയും പൊതുഅവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് – 9744941585 / 9847276657 / 0487-2333245

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ


# KCYM

**1. അഗതികളോടൊപ്പം തോമസ് മൂർ ദിനം**

കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥൻ വി. തോമസ് മൂർ ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. തൃശൂർ അതിരൂപത കാര്യാലയത്തിൽവെച്ച് പുഷ്പാർച്ചന നടത്തി. വിശുദ്ധ കുർബാനയോടുകൂടി സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ ദിനാചരണമാരംഭിച്ചു. തുടർന്ന് അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം പറഞ്ഞ ദിനാചരണത്തിന് തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു. വി. തോമസ് മൂറിന്റെ മാതൃക പിൻചെന്ന് യേശുവിന്റെ ശക്തരായ പോരാളികളാകാൻ ആമുഖപ്രഭാഷണത്തിൽ കെ.സി.വൈ.എം.

അതിരൂപത ഡയറക്ടർ റവ. ഫാ. ലിൻസൺ തട്ടിൽ ആഹ്വാനം ചെയ്തു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ. ടോണി നീലങ്കാവിൽ പിതാവ് പുഷ്പാർച്ചന നടത്തി ദിനാചരണം ഉദ്ഘാടനം ചെയ്തു. ക്രൈസ്തവമൂല്യങ്ങളെ ഉൾക്കൊണ്ട് സഭയ്ക്കും സമൂഹത്തിനും മാതൃകകളായി പ്രവർത്തന നിരതരാകുന്ന കെ.സി.വൈ.എം. പ്രസ്ഥാനത്തെ പിതാവ് അഭിനന്ദിച്ചു. ക്രൈസ്തവരുടേത് എന്ന പേരിൽ മുളപൊട്ടുന്ന വിദ്വേഷം പടർത്തുന്ന പ്രസ്താവനകൾ ഭയക്കേണ്ടതില്ലെന്നും ധീരമായി മുന്നോട്ടു പോകണമെന്നും പിതാവ് അഭിപ്രായപ്പെട്ടു. അതിരൂപത ട്രഷറർ ജിഷാദ് ജോസ് നന്ദി പറഞ്ഞു.

കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂർ ദിനാചരണത്തിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപത നാലു മേഖലകളിലെ അഗതിമന്ദിരത്തിലേക്ക് സഹായം എത്തിച്ചു. ലൂർദ്ദ് മേഖലയിൽ പട്ടിക്കാട് ഫൊറോനയിലെ ആകാശ പറവ ഭവനത്തിലും, ഡോളേഴ്സ് മേഖലയിൽ ഒല്ലൂർ ഫൊറോന SD കോൺവെന്റ്, വടക്കാഞ്ചേരി മേഖലയിൽ എരുമപ്പെട്ടി, പാലയൂർ മേഖലയിൽ മറ്റം ഫൊറോനയിലെ എളവള്ളി കോൺവെന്റിലും സഹായഹസ്തവുമായി എത്തിച്ചേർന്നു.

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഡോക്ടർമാരെ ആദരിച്ചു. മെഡിസിനിൽ ഡോക്ടറേറ്റ് എടുത്ത തൃശൂർ അതിരൂപതയിലെ ഏക വൈദീകനും, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സ്ഥാപക ഡയറക്ടറും കൂടിയായ കൊളങ്ങാട്ടുകര ഇടവക വികാരിയായി സേവനം ചെയ്യുന്ന വെരി. റവ. ഡോ. ഫാ. ഫ്രാൻസിസ് ആലപ്പാട്ടിനെ ആദരിച്ചു. കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ച് സ്നേഹോപഹാരം കൈമാറി. കെ.സി.വൈ.എം. കൊട്ടേക്കാട് ഫൊറോന ഡയറക്ടർ റവ. ഫാ. ജോസഫ് വൈക്കാടൻ പൊന്നാട അണിയിച്ചു. രക്തദാന ബന്ധുക്കളാകുക എന്ന ലക്ഷ്യത്തോടെ അച്ചൻ ആരംഭിച്ച ബ്ലഡ് ഡോണേഴ്സ് ഫോറം ചരിത്രമാണെന്ന് വൈക്കാടൻ അച്ചൻ കൂട്ടിചേർത്തു. കാലഘട്ടത്തിന്റെ പ്രവാചകന്മാരാകുന്ന ദൗത്യം കെ.സി.വൈ.എം. ഏറ്റെടുത്ത് മുന്നേറുന്നതിൽ അഭിമാനമുണ്ടെന്ന് മറുപടി പ്രസംഗത്തിൽ ആലപ്പാട്ടച്ചൻ കൂട്ടിച്ചേർത്തു. കൊട്ടേക്കാട് ഫൊറോന പ്രസിഡന്റ് സാന്റോ ജേക്കബ്ബ്, യൂണിറ്റ് പ്രസിഡന്റ് ഫെബിൻ ജോൺസൻ, ഇടവക ട്രസ്റ്റി അന്തോണി എന്നിവർ ഡോക്ടേഴ്സ് ദിനാശംസകൾ നേർന്ന് സംസാരിച്ചു.

**2. ജൂലൈ 3 കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ പതാകദിനം**

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിലുള്ള പതാകദിനാഘോഷം തൃശൂർ അതിരൂപത സമിതിയുടെയും, ചേലക്കര ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ മുള്ളൂർക്കര സെന്റ് ആന്റണീസ് പള്ളിയിൽവെച്ചു നടന്നു. തൃശൂർ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ലിൻസൺ തട്ടിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യത വഹിച്ച യോഗത്തിൽ ചേലക്കര ഫൊറോന ഡയറക്ടർ ഫാ. സിജോ ചെറുവത്തൂർ ആമുഖപ്രഭാഷണം നടത്തി. മുള്ളൂർക്കര ഇടവക വികാരി ഫാ. ഷിജു ചിറ്റിലപ്പിള്ളി അനുഗ്രഹപ്രഭാഷണം നടത്തി. കത്തോലിക്ക യുവജനപ്രസ്ഥാനത്തിലൂടെ യുവജനങ്ങൾ ആത്മീയമായും, ഭൗതികമായും അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരണമെന്നും ക്രിസ്തുവിന്റെ ധീരസാക്ഷികളാകണമെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ ഡയറക്ടർ ഓർമ്മിപ്പിച്ചു. തുടർന്ന് കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ പതാകയിൽ ആലേഖിതമായിരിക്കുന്ന മൂവർണ്ണം സ്വന്തം ജീവിതത്തിലേക്ക് പകർത്തണമെന്ന് മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. തൃശൂർ അതിരൂപത തല മെമ്പർഷിപ്പ് വിതരണം ചെയ്തു. തൃശൂർ അതിരൂപത സമിതിയുടെ ആഹ്വാനപ്രകാരം അതിരൂപതയിലെ നൂറോളം യൂണിറ്റുകളിൽ പതാകദിനം കോവിഡ് – 19 മാനദണ്ഡങ്ങൾ അനുസരിച്ചുകൊണ്ട് സംഘടിപ്പിക്കുകയുണ്ടായി.

**3. ഭരണകൂട ഭീകരതയുടെ ഇര ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ അനുശോചനയോഗം**

വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് നീണ്ട ഒരു വർഷമായി ഭരണകൂടം വേട്ടയാടിയ ജെസ്യൂട്ട് വൈദികനും, മനുഷ്യാവകാശപ്രവർത്തകനുമായ ഫാ. സ്റ്റാൻ സ്വാമിക്ക് അനുശോചനയോഗം സംഘടിപ്പിച്ചു. കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ, അച്ചൻ പാവങ്ങൾക്കുവേണ്ടി ഉയർത്തിയ സ്വരം ഭാരതത്തിൽ അലയടിക്കും എന്നു അദ്ധ്യക്ഷത വഹിച്ചുകൊണ്ടു സംസാരിച്ചു. വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് നീണ്ട ഒരു വർഷമായി ഭരണകൂടം വേട്ടയാടിയ വൈദീകന് അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ആമുഖപ്രഭാഷണത്തിൽ ആദരാഞ്ജലികൾ നേർന്നു. തടവിൽ കഴിയുന്നതിനിടെ നിരവധി തവണ മനുഷ്യാവകാശലംഘനത്തിന് അച്ചൻ ഇരയായിരുന്നതും, കേന്ദ്രഗവൺമെന്റിന്റെ കൊലപാതക കുറ്റമായി ഇതിനെ കാണ

ണമെന്നും പ്രൊഫ. കെ.എം. ഫ്രാൻസിസ് മാസ്റ്റർ യോഗ ഉദ്ഘാടനവേളയിൽ കൂട്ടിച്ചേർത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മരിയ റെജീന പ്രാർത്ഥനായജ്ഞം നടത്തി. അനൂപ് പുന്നപ്പുഴ മുഖ്യപ്രഭാഷണം നടത്തി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി. എൽ. സി.

**1. സിഎൽസി ജനറൽബോഡി ഓൺലൈൻ സംഗമം**

അതിരൂപത സിഎൽസിയുടെ ഈ വർഷത്തെ അതിരൂപത–ഫൊറോന–ഇടവകതല ഭാരവാഹികളുടെ ഓൺലൈൻ സംഗമം നടത്തി. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ അധ്യക്ഷത വഹിച്ചു. അതിരൂപത പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണം നടത്തി. പുതുതായി സി എൽ സി ഏറ്റെടുത്തു നടത്താൻ പോകുന്ന ചാരിറ്റി ഫണ്ട് രൂപീകരണത്തെക്കുറിച്ച് അസി. പ്രമോട്ടർ ഫാ. സിജു പുളിക്കൻ വിശദീകരിച്ചു.

**2. വെബിനാർ നടത്തി**

ഉപരിപഠനത്തിനും സർക്കാർ അർദ്ധ സർക്കാർ ജോലികൾക്കും തയ്യാറെടുക്കുന്നവർക്കായി അതിരൂപത സിഎൽസിയുടെ ആഭിമുഖ്യത്തിൽ അതിരൂപത ഫെലിസിറ്റേഷൻ സെന്ററുമായി സഹകരിച്ച് വെബിനാർ നടത്തി. തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ചാർജ് വഹിക്കുന്ന ഫാ. ഡെന്നി താണിക്കൽ, കൺവീനർമാരായ ജോമി ജോൺസൺ, റോണി അഗസ്റ്റിൻ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**3. മതന്യൂനപക്ഷങ്ങളെ നേരിടുന്ന പുതിയ ബാബറി മോഡെലിനെതിരെ പ്രതിഷേധ ജ്വാല**

ഡൽഹി അന്ധേരിയമോഡിലുള്ള സീറോ മലബാർ സഭയുടെ ലിറ്റിൽ ഫ്ളവർ ദേവാലയം തകർത്തതിൽ പ്രതിഷേധിച്ച് അതിരൂപത

സി. എൽ. സി. തൃശ്ശൂർ ബസിലിക്ക ദേവാലയ അങ്കണത്തിൽ വച്ച് പ്രതിഷേധ ജ്വാല സങ്കടിപ്പിച്ചു. നാഷണൽ സൗത്ത് സോൺ പ്രസിഡന്റ് ശ്രീ വിനേഷ് കോളെങ്ങാടൻ ഉദ്ഘാടനം ചെയ്തു. ബസിലിക്ക ഫൊറോന വികാരി റെക്ടർ റവ.ഫാ. നോബി അമ്പൂക്കൻ പ്രതിഷേധ ജ്വാല അതിരൂപത പ്രസിഡന്റ് ശ്രീ.ഡോംസൺ സൈമണിന് പകർന്നു നൽകി. സംസ്ഥാന സി എൽ സി ട്രഷറർ ശ്രീ. ബിജിൽ സി ജോസഫ് പ്രതിഷേധ സദസ്സിനെ സംബോധന ചെയ്തത് സംസാരിച്ചു. മതന്യൂനപക്ഷങ്ങളുടെ വികാരങ്ങളെ വൃണപ്പെടുത്തി കൊണ്ട് അവരെ മാനസികമായി തകർക്കുന്നതിനുള്ള ഭരണകൂട സ്തുതിപാടകരുടെ നീക്കങ്ങളുടെ ഭാഗമാണ് ഈ ആക്രമണം എന്ന് അതിരൂപത പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ഭരണഘടന അനുശാസിക്കുന്ന ന്യൂനപക്ഷ അവകാശനങ്ങളുടുള്ള ബാബറിയൻ മോഡൽ ആക്രമണം ആണ് ഇതിലൂടെ അധികാര കേന്ദ്രങ്ങളിലെ മതകിങ്കരങ്കരൻമാർ നടപ്പിലാക്കുന്നത് എന്ന് അതിരൂപത പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് കൂട്ടി ചേർത്തു. മതന്യൂനപക്ഷങ്ങളോടുള്ള ഇത്തരം കിരാത നടപടികളെ എന്ത് വിലകൊടുത്തും ചെറുക്കുമെന്നും ഭരണകൂട ഫാസിസത്തിന്റെ ഈ പുതിയ രീതികൾക്കെതിരെ അതിരൂപതയിലെ യുവജനങ്ങൾ ശക്തമായി അണിനിരക്കുമെന്നും യോഗം താക്കീത് നൽകി. സെക്രട്ടറി ഫെസിൻ മാത്യു സ്വാഗതവും ജനറൽ കോർഡിനേറ്റർ ജോമി ജോൺസൺ നന്ദിയും അറിയിച്ചു.

**4. 'ഓക്സില' എല്ലാം ഉപരിമഹത്വത്തിന് 50 രൂപ ചലഞ്ച്**

ക്രിസ്തീയ യുവത്വത്തിന്റെ മുഖമായ സി.എൽ.സി, അതിരൂപതയിലെ ഫൊറോനകളെ ഒന്നിച്ച് ചേർത്ത് **'ഓക്സില' – എല്ലാം ഉപരിമഹത്വത്തിന് എന്ന പേരിൽ അതിരൂപതയിലെ വിവിധ ഓൾഡ് ഏജ് ഹോം, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കഴിയുന്ന അശരണരർക്കായി 50 രൂപ ചലഞ്ച്** വഴിയായി ജീവകാരുണ്യ ഫണ്ട് സമാഹരണം നടത്തുന്നു. ഈ മഹാമാരി കാലഘട്ടത്തിലും അനാഥർക്കും അശരണർക്കും താങ്ങാവുന്ന നമ്മുടെ ജീവകാരുണ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിലക്കാതിരിക്കാൻ നമ്മൾ ഏവരുടെയും വിലയേറിയ സഹകരണം ആവശ്യം ആണെന്നത് ഏവരെയും ഓർമ്മിപ്പിക്കുകയാണ്.

നമ്മുടെ പല സ്ഥാപനങ്ങളും നാളെയെ കുറിച്ചുള്ള ആകുലതയിലാണ് മുന്നോട്ട് പോകുന്നത് എന്ന വസ്തുത നിങ്ങൾക്കും അറിയാമല്ലോ. കോവിഡ് നിയന്ത്രണങ്ങൾ നില നിൽക്കുന്നതിനാൽ നമ്മുടെ ഇടയിൽ തന്നെ ഉള്ള സുമനസ്സുകൾക്ക് ഇവിടങ്ങളിൽ സന്ദർശിച്ചു സഹായിക്കാനുള്ള അവസരങ്ങൾ കുറവാണ്. അതി നാലാണ് അ

തിരൂപത സി.എൽ.സി, നമ്മുടെ ഫൊറോനകളിലെ ഇടവകകളെ കോർത്തിണക്കികൊണ്ട് ഇത്തരം ഒരു ജീവകാരുണ്യ പ്രവർത്തനത്തിന് രൂപം നൽകുന്നത്.

ഇടവക തലത്തിൽ നിന്നും ഫൊറോന തലത്തിൽ നിന്നും ശേഖരിക്കുന്ന തുക മേഖല തിരിച്ച് അതിരൂപതയിലെ ജീവകാരുണ്യ സ്ഥാപങ്ങനങ്ങൾക്കായി ജൂലൈ 31 ശനിയാഴ്ച്ച വി. ഇഗ്നേഷ്യസ് ലയോളയുടെ ഓർമ്മ ദിനത്തിൽ ഫൊറോന പ്രാമോട്ടറച്ചന്റെയും മറ്റു ഭാരവാഹികളുടെയും സാനിധ്യത്തിൽ നൽകുന്നതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

തൃശൂർ അതിരൂപതാ സെന്റ് വിൻസെന്റ് ഡി പോൾ സംഘടന കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രൂപതയിലെ ജാതി-മത ഭേതമന്യേ കഷ്ടത അനുഭവിക്കുന്നവർക്ക് വൈദ്യ സഹായം, ഭക്ഷ്യ സഹായം എന്നിവ നൽകുന്നതിനായുള്ള 33,30,000 രൂപയുടെ വിതരണോദ്ഘാടനം അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. സെൻട്രൽ കൗൺസിലിനു വേണ്ടി പ്രസിഡന്റ് – ബ്ര. ജോസ് ജെ. മഞ്ഞളി, സെക്രട്ടറി – ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി എന്നിവർ ചേർന്ന് തുക കൈമാറി. അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജോസ് വല്ലൂരാൻ സന്നിഹിതനായിരുന്നു. തുക മൂന്ന് ഘട്ടങ്ങളിലായി തൃശൂർ രൂപതയിലെ എല്ലാ ഇടവകകളിലേയും കോൺഫറൻസുകൾക്ക് വിതരണം ചെയ്തു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി



**1. അൾത്താരസംഘം**

അൾത്താരസംഘം കുട്ടികൾ അവരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ആഗസ്റ്റ് 13 ന് ആചരിക്കുന്നു. അനുകൂലമായ സാഹചര്യങ്ങളിൽ ഇടവകതലത്തിൽ മധ്യസ്ഥന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുമല്ലോ? കുർബാന മദ്ധ്യേ കാഴ്ച്ചസമർപ്പണം നടത്തുന്നതും, മീറ്റിങ്ങ് കൂടുന്നതും, പതാക ഉയർത്തുന്നതും ഉചിതമായിരിക്കും.

**2. ബൈബിൾ പൂക്കളേഴ്സ്**

ആഗസ്റ്റ് മാസത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിരുന്ന ബൈബിൾ പൂക്കളേഴ് സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ നടത്തുന്നില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

**3. പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

*തിരുവചനം:* മേഘത്തിൽ നിന്ന് ഒരു സ്വരമുണ്ടായി: ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ. (മത്തായി 17: 5)

*സുകൃതജപം:* എന്റെ ഈശോയെ ജീവിതത്തിൽ അങ്ങയുടെ ഇടപ്പെടൽ മനസ്സിലാക്കുവാനുള്ള അനുഗ്രഹം നല്കണമേ.

*പ്രാർത്ഥനാനിയോഗം:* ഈ കോവിഡ് മഹാമാരിയിൽ നിന്നും ലോകത്തെ രക്ഷിക്കുന്നതിനായി പ്രാർത്ഥിക്കാം.

*പരിചയപ്പെടുന്ന വിശുദ്ധൻ:* ദൈവമാതൃഭക്തനായ വി. ബെർണാർദ് (ആഗസ്റ്റ് 20)

*പ്രവർത്തനം:* എത്രയും ദയയുള്ള മാതാവേ എന്ന ജപം കൂടെ കൂടെ ചൊല്ലി കോവിഡ് മഹാമാരിമൂലം ആശുപത്രിയിൽ കഴിയുന്നവർക്കു വേണ്ടി കാഴ്ച്ച വെയ്ക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. ഓക്സി മീറ്റർ വിതരണം തുടരുന്നു**

അതിരൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സൗജന്യ ഓക്സി മീറ്റർ വിതരണ പദ്ധതി തുടരുന്നു. അഗതി മന്ദിരങ്ങളിലേയ്ക്കും സമർപ്പിത മേഖലകളിലേയ്ക്കുമാണ് ആദ്യഘട്ട വിതരണം നടത്തി വരുന്നത്.

**2. പെട്രോൾ പാചക വാതക വിലവർദ്ധനക്കെതിരെ പ്രതിഷേധം**

കുത്തനെ ഉയരുന്ന പെട്രോൾ വിലവർദ്ധനയിലും സബ്സിഡി നിർത്തലാക്കി പാചക വാതക വില വർദ്ധനവ് തുടരുന്നതിനെതിരെയും രൂപത, ഫൊറൊന സമിതികളുടെ നേതൃത്വത്തിൽ നിൽപ്പ് സമരം സംഘടിപ്പിച്ചു

**3. ഞായറാഴ്ചകളിൽ നടത്തുന്ന സ്ക്കൂൾ പഠന ക്ലാസ്സുകളിൽ ഉത്ക്കണ്ഠ രേഖപ്പെടുത്തി**

വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിൽ ഓൺലൈൻ വഴിക്കുള്ള ക്ലാസ്സുകളും പരീക്ഷകളും സിമ്പോസിയങ്ങളും നടത്തി വിദ്യാർത്ഥികളുടെ വിശ്വാസസംബന്ധമായ കാര്യങ്ങൾക്കുള്ള സമയം കണ്ടെത്താൻ സാധിക്കാത്ത അവസ്ഥയിലുള്ള ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

**4. ഭരണഭീകരതയ്ക്കെതിരെ പ്രതിഷേധം**

ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ഭാരതത്തിൽ തുടരുന്ന അന്യായ തടങ്കലിനും, ഭരണഭീകരതയ്ക്കുമെതിരെ ശക്തമായ പ്രതിഷേധവും ദു:ഖവും രൂപത-ഫൊറോന സമിതികളുടെ നേതൃത്വത്തിൽ രേഖപ്പെടുത്തി. ഭരണകേന്ദ്രങ്ങൾക്കു മുന്നിൽ പ്രതിഷേധിച്ചുകൊണ്ടാണ് പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചത്.

**5. കോർപ്പറേഷന്റെ മാസ്റ്റർപ്ലാനിൽ അസംതൃപ്തി രേഖപ്പെടുത്തി**

റോഡ് വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തൃശൂർ കോർപ്പറേഷന്റെ മാസ്റ്റർ പ്ലാനിലെ അപാകതകൾ പരിഹരിച്ച് ജനങ്ങളുടെ ഉത്ക്കണ്ഠ പരിഹരിക്കണമെന്ന് ഭരണാധികാരികളോട് ആവശ്യപ്പെട്ടു.

**6. ഡൽഹിയിലെ ദൈവാലയം തകർത്തതിൽ പ്രതിഷേധം**

ഡൽഹിയിലെ ദൈവാലയം തകർക്കപ്പെട്ടതിൽ അതിരൂപത ഫൊറോന സമിതികളുടെ നേതൃത്വത്തിൽ നടുക്കവും, പ്രതിഷേധവും രേഖപ്പെടുത്തുകയും ക്രൈസ്തവരോടുമാത്രം കാണിക്കുന്ന ഇത്തരം നടപടികൾക്കെതിരെ ശക്തമായ വിയോജിപ്പും ഭരണാധികാരികളോട് അറിയിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

Santhwanam
ARCHDIOCESE OF TRICHUR

**1. സാന്ത്വനം ടാസ്ക് ഫോഴ്സിന് അതിരൂപതയുടെ ആദരം**

കോവിഡ് മഹാമാരികാലത്ത് ജീവൻ പണയം വെച്ച് ജീവൻ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തൃശൂർ അതിരൂപതയുടെ സാമൂഹ്യ ക്ഷേമവിഭാഗമായ സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാന്ത്വനം ടാസ്ക് ഫോഴ്സ് അതിരൂപതയുടെ ആദരവിന് അർഹമായി. അതിരൂപതയുടെ 134–ാം സ്ഥാപനദിനത്തിൽ അതിരൂപതാ മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്തിൽ നിന്നും സാന്ത്വനത്തിനു വേണ്ടി ഡയറക്ടർ ഫാ.ജോയ് മൂക്കൻ , അസി.ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് എന്നിവർ ചേർന്ന് അവാർഡും മംഗളപത്രവും ഏറ്റുവാങ്ങി. കോവിഡി ന്റെ പ്രത്യേകസാഹചര്യത്തിൽ രൂപം കൊടുത്ത സന്നദ്ധസംഘടനയാണ് സാന്ത്വനം ടാസ്ക് ഫോഴ്സ്. അതിരൂപതയിലെ വൈദികർ, യുവജന സംഘടനാംഗങ്ങൾ, സന്യസ്തർ എന്നിവർ അംഗങ്ങളായുള്ള സന്നദ്ധസംഘടന ഈ കാലയളവിൽ പ്രതിസന്ധിയിൽ ഉൾപ്പെട്ടവർക്ക് താങ്ങും തണലുമായി പ്രവർത്തിച്ചു. കോവിഡ് മൂലം മരണമടഞ്ഞ 420 വിശ്വാസികൾക്ക് കത്തോലിക്കാ വിശ്വാസമനുസരിച്ചുള്ള സംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി.വീടുകളിലും സർക്കാർ സ്വകാര്യആശുപത്രികളിലും മരണമടയുന്ന വിശ്വാസികളുടെ മൃതശരീരം ശാസ്ത്രീയമായ രീതിയിൽ ശുദ്ധി ചെയ്ത് യഥാവിധി ആവരണം ചെയ്യുന്നത് ഉൾപ്പ

ടെയുള്ള പ്രവർത്തനങ്ങൾ മരണഭയമില്ലാതെ സാന്ത്വനം ടാസ്ക് ഫോഴ്സ് അംഗങ്ങൾ നിർവ്വഹിച്ചു. ഇപ്രകാരം ഹൃദയപൂർവ്വമായ കരുതൽ സമൂഹത്തിന് നല്കിക്കൊണ്ട് നല്ല സമറിയാക്കാരായി മാറിയ സാന്ത്വനം ടാസ്ക് ഫോഴ്സിന്റെ സേവനങ്ങളെയാണ് തൃശൂർ അതിരൂപത അഭിനന്ദിച്ചത്.

**2. കാരിത്താസ് ഇന്ത്യയുടെ ഓക്സിജൻ കോൺസെന്ട്രേറ്റർ**

കാരിത്താസ് ജർമ്മനിയുടെ സഹായത്തോടെ കാരിത്താസ് ഇന്ത്യ രാജ്യത്തുടനീളം നടപ്പാക്കുന്ന പദ്ധതിയാണിത്. കോവീഡിന്റെ കൂടുതൽ ഗൗരവമായ തരംഗങ്ങൾ വരാനിരിക്കുന്നുവെന്ന ആരോഗ്യരംഗത്തെ വിദഗ്ദ്ധരുടെ പ്രവചനം കണക്കിലെടുത്ത് രാജ്യത്തെ എല്ലാ രൂപതകളിലേക്കും ഓക്സിജൻ കോൺസെന്ട്രേറ്റർ നല്കുക എന്നതാണ് കാരിത്താസിന്റെ ഈ പദ്ധതി. തൃശൂർ അതിരൂപതയുടെ സാമൂഹ്യസേവനകേന്ദ്രമായ സാന്ത്വനത്തിനും ഈ പദ്ധതി വഴി ഓക്സിജൻ കോൺസെന്ട്രേറ്റർ ലഭ്യമായി. വീട്ടിൽ കഴിയുന്ന കോവീഡ് രോഗികൾക്ക് ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന നവജീവൻ പദ്ധതി ചാഴൂർ പഞ്ചായത്തിൽ പുരോഗമിക്കുന്നു.

**3. സുധീർ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയും ക്രിസ്റ്റ്യൻ റിലീഫ് സർവ്വീസസും ചേർന്ന് കേരള സോഷ്യൽ സർവ്വീസസ് ഫോറം (KSSF)വഴി നടപ്പിലാക്കുന്ന Covid 19 Awareness Programme ആണ് സുധീർ പ്രോജക്റ്റ്. കോവിഡ് 19 നെ ക്കുറിച്ചുള്ള ബോധവൽക്കരണം നല്കി ആരോഗ്യമുള്ള കമ്മ്യൂണിറ്റികളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി. ഈ പ്രോജക്റ്റിന്റെ ആദ്യത്തെ മീറ്റിങ്ങ് KSSF എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജെയ്ക്കബ് മാവുങ്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. മീറ്റിങ്ങിൽ കേരളത്തിലെ 32 രൂപതകളിൽനിന്നായി 6 റീജിയണൽ കോർഡിനേറ്റർമാരെ തിരഞ്ഞെടുത്തു. അതിൽ തൃശൂർ അതിരൂപതയുടെറീജിയണൽ കോർഡിനേറ്ററായി ശ്രീ. തോമസ് എലുവത്തിങ്കലിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ഓരോ രൂപതയിൽ നിന്നും 30 വളണ്ടിയേഴ്സിനെ തിരഞ്ഞടുക്കുകയും അവർ ഓരോരുത്തരും 500 കുടുബങ്ങളിൽ കോവിഡ് 19 നെ ക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അങ്ങനെ ആകെ 5 ലക്ഷത്തോളം കുടുംബങ്ങളെ ഇതേക്കുറിച്ച് ബോധവാൻമാരാക്കി പൂർവ്വസ്ഥിതിയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരാൻ സഹായിക്കുകയും ചെയ്യുക എന്ന

താണ് ഈ പദ്ധതിയുടെ ലക്ഷ്യം. റീജിയണൽ കോ–ഓർഡിനേറ്റേഴ്സ് ഇതിനായി വളണ്ടിയേഴ്സിനെ ട്രെയിനിങ്ങ് നല്കി ഒരുക്കേണ്ടതാണ്. എല്ലാ രൂപതകളിലും ഈ പ്രോജ ക്റ്റിന്റെ മേൽനോട്ടം വഹിക്കാനായി സാമൂഹ്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു അച്ചനെ നിയോഗിച്ചിട്ടുണ്ട്. തൃശൂർ അതിരൂപതയിൽനിന്ന് സാന്ത്വനം അസോ. ഡയറക്ടർ റവ.ഡോ. ജോസ് വട്ടക്കുഴിയച്ചനെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

കണ്ണൂർ രൂപത, തിരുവനന്തപുരം മലങ്കര അതിരൂപത, മാവേലി ക്കര രൂപത, വരാപ്പുഴ രൂപത, സുൽത്താൻപേട്ട് രൂപത എന്നിവിടങ്ങളിലെ വളണ്ടിയേഴ്സിന് ശ്രീ. തോമസ് എലുവത്തിങ്കൽ ട്രെയിനിങ്ങ് പ്രോഗ്രാം നടത്തുകയുണ്ടായി.

**4. ഫാമിലി മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ Swift Mart ലൂടെ 10,000 മെഡിക്കൽ കിറ്റുകൾ എല്ലാ ഇടവകകളിലേക്കുമായി മിതമായ നിരക്കിൽ വിതരണം ചെയ്തു. പൾസ് ഓക്സീമീറ്റർ, വേപ്പറൈസർ, ഡിജിറ്റൽ തെർമോമീറ്റർ, സാനിറ്റൈസർ 500 ml , N 95 മാസ്ക് 5 എണ്ണം എന്നിവ അടങ്ങിയതാണ് മെഡിക്കൽ കിറ്റ്.

**5. പൈനാപ്പിൾ കർഷകർക്ക് സാന്ത്വനമേകി**

കോവിഡ് 19 ടിപ്പിൾ ലോക്ഡൗൺ മൂലം വൻ നാശനഷ്ടം അനുഭവിച്ച പൈനാപ്പിൾ കർഷകരിൽനിന്നും പുതുക്കാട് കൃഷി ഓഫീസർ ശ്രീമതി. അമൃതയുടെ നിർദ്ദേശപ്രകാരം സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കന്റെ നേതൃത്വത്തിൽ **1.5** ടൺ പൈനാപ്പിൾ ഏറ്റെടുത്തുകൊണ്ട് പൈനാപ്പിൾ കർഷകർക്ക് സാന്ത്വനമേകുകയുണ്ടായി.

**6. വൈദികർക്ക് കിറ്റുകൾ നല്കി**

അതിരൂപതയിലെ വൈദികർക്ക് കിറ്റുകൾ നല്കി. ഓക്സിജൻ 12 litre, 3 ലെയർ സർജിക്കൽ മാസ്ക് 50nos, Anti Microbial surface spray (Disinfect vapour) 600 ml എന്നിവയടങ്ങിയ 384 കിറ്റുകളാണ് വൈദികർക്കായി വിതരണം ചെയ്തത്.

**7. പലവ്യഞ്ജനകിറ്റുകളും പച്ചക്കറി കിറ്റുകളും തയ്യാറാക്കി**

ലോക്ഡൗൺ മൂലം കടകൾ സ്ഥിരമായി തുറക്കുവാനോ ആളുകൾക്ക് പോയി വാങ്ങുവാനോ സാധിക്കാത്ത സാഹചര്യത്തിൽ വിവിധ ഇടവകകളുടെ ആവശ്യപ്രകാരം 750 രൂപയും 500 രൂപയും വിലവരുന്ന പലവ്യഞ്ജനകിറ്റുകൾ സാന്ത്വനം സ്വിഫ്റ്റ് മാർട്ട് വഴി തയ്യാറാക്കിക്കൊടുത്തു. പരിപ്പ്, കടല, പയറ്, ഉഴുന്ന് പരിപ്പ്, മുതിര,

വറുത്ത റവ, പുട്ടുപൊടി, ചായപ്പൊടി, മുളക് പൊടി, മല്ലിപ്പൊടി, മീറ്റ് മസാല, വെളിച്ചെണ്ണ, ഉലുവ, കടുക് , സോപ്പ് എന്നീ അവശ്യസാധനങ്ങളാണ് കിറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. 5000 പലവ്യഞ്ജനകിറ്റുകളും 1000 പച്ചക്കറി കിറ്റുകളുമാണ് ഇടവകകൾക്കു വേണ്ടി തയ്യാറാക്കിക്കൊടുത്തത്. മുല്ലക്കര പാപ്പാനഗറിലേക്ക് 225 കുടുംബങ്ങൾക്കായി 1500 കിലോ അരിയുടെ കിറ്റുകളും തയ്യാറാക്കിക്കൊടുത്തു.

**8. ലോകപരിസ്ഥിതി ദിനത്തിൽ സിൻസനച്ചന്റെ ഓർമ്മക്കായ്**

ലോകപരിസ്ഥിതി ദിനത്തിൽ അതിരൂപത സാമൂഹ്യസേവനവിഭാഗമായ സാന്ത്വനം മൺമറഞ്ഞ സിൻസനച്ചന്റെ ഓർമ്മക്കായി മുല്ലശ്ശേരി ഇടവകയിൽ 500 വൃക്ഷത്തൈകൾ എല്ലാ വീട്ടുകാർക്കുമായി വിതരണം ചെയ്തു.

**9. ഗോഡ്സ് ഓൺ ഫാമിലി പദ്ധതി**

കോവിഡ് മൂലം ഗൃഹനാഥൻ മരണമടഞ്ഞ പൂച്ചുന്നിപ്പാടം ഇടവകയിലെ ഒരു കുടുംബത്തിനെ ഗോഡ്സ് ഓൺ ഫാമിലി പദ്ധതി വഴി സഹായിക്കുന്നു. മാസം തോറും 2000 രൂപക്ക് അവശ്യസാധനങ്ങൾ സാന്ത്വനം സ്വിഫ്റ്റ് മാർട്ട് വഴി വീട്ടിലേക്ക് എത്തിക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതി വഴി സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

ചുവന്നമണ്ണ്–Rs.10,000/–, കുറ്റൂർ–Rs.15,000/–, നടത്തറ– Rs.30,000/–, വെട്ടുകാട്–Rs.10,000/–, അടാട്ട് –Rs.80,000/–, കല്ലൂർ Rs.60,000/–, ചേലക്കര– Rs.8,000/–, ഒല്ലൂർ–Rs.10,000/–.

**10. പഠനോപകരണങ്ങൾ വിതരണം ചെയ്തു**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. 64 വിദ്യാർത്ഥികൾക്കാണ് ബാഗ്, കുട, പൗച്ച്, പുസ്തകങ്ങൾ തുടങ്ങിയ പഠനോപകരണങ്ങൾ വിതരണം ചെയ്തത്.

**11. ആശാകിരണം**

കാരിത്താസ് ഇന്ത്യ മുഖേന സാന്ത്വനം നടത്തിവരുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ജൂൺമാസത്തെ ലെയ്സൺ ഓഫീസർമാരുടെ മീറ്റിങ്ങിൽ ലെയ്സൺ ഓഫീസർ നെൽസൺ സി.ടി. പങ്കെടുക്കുകയുണ്ടായി.

**12. സ്വയം സഹായസംഘങ്ങൾ**

സാന്ത്വനത്തിന്റെ കീഴിലുള്ള സ്വയം സഹായസംഘങ്ങൾക്ക് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വീട്ടിലിരുന്ന് തൊഴിൽ ചെയ്യുന്നതിനായി തിരഞ്ഞെടുത്ത സംഘങ്ങൾക്ക് വാളൻ പുളി നല്കുകയുണ്ടായി. ക്ലീൻ ചെയ്ത് പാക്കറ്റുകളാക്കി തരുന്നതിനാണ് അരണാട്ടുകരയിലെ സമ്പന്ന, ചേറ്റുപുഴയിലെ നിർമ്മലമാത, പനമുക്കിലെ പാവന, പെരുവാംകുളങ്ങരയിലെ ആവെമരിയ, പെരിഞ്ചേരിയിലെ സമറിയൻ, ഷാരോൺ, ആമ്പക്കാടിലെ കരുണ, മുക്കാട്ടുകരയിലെ ശ്രേയസ് എന്നീ സംഘങ്ങൾക്ക് 1568 kg പുളി എത്തിച്ചു നല്കിയത്. അതിനായി സംഘാംഗങ്ങൾക്ക് 33000 രൂപയും നല്കുകയുണ്ടായി. അതുപോലെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ വിവിധതരം വറവുല്പന്നങ്ങൾ (ചക്ക, കൊള്ളി, കായ),ചക്ക അലുവ, പച്ച ചക്ക ഉണക്കിയത്, അച്ചാറുകൾ തുടങ്ങിയവ ഉണ്ടാക്കിയും ജ്യൂട്ട് ഉല്പന്നങ്ങൾ, നൈറ്റികൾ തുടങ്ങിയവയും സംഘാംഗങ്ങൾ സ്വിഫ്റ്റ് മാർട്ടിലേക്ക് വില്പനക്കായി എത്തിക്കുന്നുണ്ട്. കൂടാതെ സംഘാംഗങ്ങൾ തയ്ച്ച നൈറ്റികൾ ഡൽഹിയിലേക്ക് വ്യാപാരത്തിനായി വാങ്ങുകയുണ്ടായി.

**13. JESP II**

ജൂബിലി എഡ്യൂക്കേഷൻ സ്പോൺസർഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെട്ട 138 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായ ബാഗ്, പുസ്തകങ്ങൾ, പൗച്ച്, കുട തുടങ്ങിയവ വിതരണം ചെയ്തു. സാന്ത്വനം അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ.സിന്റോ തൊറയൻ, ഫാ.പോൾ മാളിയമ്മാവ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വരടിയം, മരോട്ടിച്ചാൽ, എറവ്, ആർത്താറ്റ്, മമ്മിയൂർ, പാലുവായ്, ആളൂർ, മമ്മിയൂർ (നസ്രത്ത്), ചെമ്പൂക്കാവ്, പടവരാട്, പെരിങ്ങോട്ടുകര, ചാഴൂര്, തിരുവില്വാമല അടുപ്പൂട്ടി, കൊട്ടേക്കാട്, കുരിയച്ചിറ എന്നീ സെന്ററുകളിൽ എത്തിച്ചാണ് ഇവ വിതരണം നടത്തിയത്.

**14. സാമൂഹ്യ ക്ഷേമ സമിതി**

സാമൂഹ്യ ക്ഷേമ സമിതിയുടെ ഒരു യോഗം സാന്ത്വനം ഹാളിൽവെച്ച് ഡയറക്ടർ റവ.ഫാ. ജോയ് മൂക്കൻ, അസോ. ഡയറക്ടർ റവ.ഡോ. ജോസ് വട്ടക്കുഴി എന്നിവരുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ സാഹചര്യത്തിൽ ഇടവകകളിൽ സാമൂഹ്യ ക്ഷേമപ്രവർത്തകരിലൂടെ സാന്ത്വനമായി സഹകരിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**15. സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ കോവിഡ് സെൽഫ് കെയർ കിറ്റും മൺസൂൺ കിറ്റും**

കോവീഡിനെ അതിജീവിക്കുവാൻ ഒരു വീട്ടിലേക്ക് അത്യാവശ്യം വേണ്ട സാധനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുളളത്. 3 ലെയർ സർജിക്കൽ മാസ്ക് 25 Nos, സാനിറ്റൈസർ ജെൽ 100 ml, സാനി റ്റൈസർ വൈപ് 25Nos, ഹാൻഡ് വാഷ് 100ml എന്നിവ ഒരു ഹാൻഡി ബോക്സിൽ ഉൾപ്പെടുത്തിയതാണ് കോവിഡ് സെൽഫ് കെയർ കിറ്റ്. മൺസൂൺ കിറ്റിൽ ഈ മഴക്കാലത്തേക്കനുയോജ്യമായ ഭക്ഷ ണസാധനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രീമിയം ക്വാളിറ്റി ഉല്പ ന്നങ്ങളാണ് കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നത്. ഉല്പാദനവിതരണ മേഖലയിൽ സ്വാശ്രയസംഘങ്ങളെയും മറ്റും പങ്കാളികളാക്കി അനേകം വ്യക്തികൾക്ക് ജീവനോപാധിയേകുക, കാർഷിക വിഭവ ങ്ങൾക്കും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ സഹായിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യം വക്കുന്നത്.

**16. ഫൊറോനപ്രമോട്ടർമാരെ നിയോഗിച്ചു.**

അതിരൂപത കാര്യാലയത്തിൽനിന്ന് സാന്ത്വനത്തിന്റെ പ്രവർത്തന ങ്ങൾക്കായി എല്ലാ ഫൊറോനകളിൽനിന്നും പ്രമോട്ടർമാരെ നിയോ ഗിച്ചു. താഴെപറയുന്നവരെയാണ് ഫൊറോന പ്രമോട്ടർമാരായി അംഗീ കരിച്ചത്. 1. ചേലക്കര – ഫാ.പ്രിൻസ് പിണ്ടിയാൻ 2. എരുമപ്പെട്ടി – ഫാ.ജിയോ ചിരിയങ്കണ്ടത്ത്, 3. വടക്കാഞ്ചേരി – ഫാ. ടെൻസ് കുന്ന പ്പിള്ളി, 4. കണ്ടശ്ശാംകടവ് – ഫാ.ഡിറ്റോ കൂള, 5. മറ്റം – ഫാ.പ്രിന്റോ കുളങ്ങര, 6. ഒല്ലൂർ – ഫാ. ജെയ്സൺ പുലിക്കോട്ടിൽ, 7. പാലയൂർ – ഫാ.ജിയോ ചെരടായി, 8. പറപ്പൂർ – ഫാ.ടോണി കാക്കശ്ശേരി, 9. പട്ടി ക്കാട് – ഫാ.റോയ്സൺ കൊള്ളന്നൂർ 10. പഴുവിൽ – ഫാ.സാജൻ വടക്കൻ 11. പുതുക്കാട് – ഫാ.സാജൻ മാറോക്കി 12. പുത്തൂർ – ഫാ. ഫ്രജോ വാഴപ്പിള്ളി, 13. ലൂർദ്ദ് – ഫാ.നവീൻ മുരിങ്ങാത്തേരി, 14. ബസി ലിക്ക –ഫാ. ജിയോ തെക്കിനിയത്ത്, 15. വേലൂർ – ഫാ. ജോഫി ചിറ്റി ലപ്പിള്ളി 16. കൊട്ടേക്കാട് – ഫാ. ജോസഫ് വൈക്കാടൻ.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ
**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ
**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# തൃശ്ശൂർ അതിരൂപത കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷൻ

അതിരൂപതയിലെ വൈദികരുടെ നേതൃത്വത്തിൽ ഭാരതത്തിനകത്തും പുറത്തുമുള്ള വിവിധസ്ഥലങ്ങളിൽ മിഷൻ പ്രവർത്തനം നടക്കുന്നുണ്ടല്ലോ. ഈ വർഷം ഛാന്ദാ രൂപതയിലെ കുർക്കേട ഇടവകയിൽ ഫാ. അനീഷ് കൂത്തൂർ വികാരിയായി ചാർജ്ജെടുത്തു. വിശാഖപട്ടണം മിഷ്യനിൽപോയ ഫാ. അജിത്ത് കൊള്ളന്നൂർ, ഫാ. ഫെബിൻ ചിറയത്ത്, ഫാ. ജീൻ ചിറയത്ത്, ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ എന്നിവർ അഭിവന്ദ്യ പ്രിൻസ് പിതാവിന്റെ ഒപ്പം അദിലാബാദിൽ നടത്തിയ മിഷ്യൻ–ഭാഷാ പരിശീലനത്തിനു ശേഷം ജൂൺ 12 ന് ഒറീസയുടെ അതിർത്തി പ്രദേശത്ത് ഷംഷാബാദ് രൂപതയുടെ ഭാഗമായ പാർവ്വതീപുരം പ്രദേശത്തെ ഗ്രാമങ്ങളിലേയ്ക്ക് സുവിശേഷവേലയ്ക്കായി യാത്ര തിരിച്ചു. അതിരൂപതയിലെ വൈദികകൂട്ടായ്മ സൂം ഫ്ളാറ്റ് ഫോമിൽ ജൂൺ 11 ന് മിഷ്യനുപോയവൈദികർക്കൊപ്പം ഒന്നിച്ചുചേർന്നു പ്രാർത്ഥിച്ചു ആശംസകൾ നേർന്നു. മിഷ്യനുപോയ വൈദികർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചത് ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവും, ടോണി പിതാവും, തട്ടിൽ പിതാവും, പ്രിൻസ് പിതാവും മീറ്റിംഗിൽ പങ്കെടുത്തിരുന്നു.

ബഹുമാനപ്പെട്ട ജോയ്സൺ ചെറുവത്തൂർ അച്ചൻ രാമനാഥപുരം രൂപതയിലെ സുളൂർ ഇടവകയിൽ ജൂൺ 15 ന് വികാരിയായി ചാർജ്ജെടുത്തു. കൂടാതെ ബഹുമാനപ്പെട്ട ജോൺസൻ അച്ചാണ്ടിയച്ചൻ ഷംഷാബാദ് രൂപതയുടെ ഫോർത്ത് ഇയർ മൈനർ സെമിനാരിയുടെ റെക്ടർ ആയി ചാർജ്ജ് എടുത്തു. ബഹുമാനപ്പെട്ട ജെയ്സൺ വടക്കേത്തല അച്ചൻ ജെർമ്മനിയിലെ സ്റ്റുഡ്ഗാർട്ട് രൂപതയിൽ സേവനത്തിനായി പോയിരിക്കുന്നു.

മിഷ്യൻ വേലയ്ക്കായി അതിരൂപതയ്ക്ക് പുറത്ത് പോയിരിക്കുന്ന എല്ലാവൈദികർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം ഇനിയും സഭയുടെ സുവിശേഷപ്രഘോഷണം എത്തിച്ചേർന്നിട്ടില്ലാത്ത ഭാരതത്തിലെ ഗ്രാമങ്ങളിലെ മിഷൻ പ്രവർത്തനങ്ങളെ പ്രാർത്ഥനവഴിയും സാധിക്കുന്ന വിധത്തിൽ സാമ്പത്തികമായും സഹായിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

**ഫാ. ജിന്റോ ചൂണ്ടൽ**
സെക്രട്ടറി

# ജീസസ് യൂത്ത്

### 1. പുതിയ നേതൃത്വങ്ങൾ

2021 ജൂൺ 3 ാം തിയ്യതി നടന്ന ഓൺലൈൻ ഹൌ ഈസ് ഹോൾഡ് കൂട്ടായ്മകളിൽ വച്ചു സോണൽ ഹൌസ് ഹോൾഡിനേയും 9 ഹാസ്ഹോൾഡുകളിലെ കോർടീമുകളെയും പുനരേകീകരണ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കുകയുണ്ടായി. കൂടാതെ തൃശ്ശൂർ സോണിനു പ്രത്യേകമായി നല്ല അയൽക്കാരൻ ടീം, കെയ്റോസ് ടീം, ഫോർമേഷൻ സപോർട്ടിംഗ് ടീം എന്നിവ പിന്നീടുള്ള ദിവസങ്ങളിലായി രൂപീകരിക്കുകയും ചെയ്തു. പുതിയ നേതൃത്വങ്ങളേറ്റെടുക്കുന്നവരെ പ്രത്യേകമാം വിധം സമർപ്പിച്ച് ജൂൺ 25 ന് ബഹു.ഫാ.ബാസ്ത്യൻ പുന്നോലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ സൂം ആപ്പിലൂടെ രാത്രി 7.30 മുതൽ 8.30 വരെ അനുഗ്രഹ പ്രാർത്ഥന നടത്തുകയും പുതിയ ടീമുകൾക്ക് എല്ലാ വിധ ഭാവുകങ്ങൾ നേരുകയും ചെയ്തു.

### 2. നിശബ്ദനായ കൊലയാളി

കേരള ജീസസ് യൂത്ത് കെയ്റോസിന്റെ ആഭിമുഖ്യത്തിൽ ജൂൺ 5 ന് നടന്ന പോണോഗ്രാഫിയുടെ അപകടങ്ങളെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്ന നിശബ്ദനായ കൊലയാളി എന്ന ഓൺലൈൻ വെബിനാറിൽ തൃശ്ശൂരിലെ അനേകം യുവജനങ്ങൾ പങ്കാളികാളായി. നല്ല ബോദ്ധ്യങ്ങൾ ലഭിക്കുവാനും, അതനുസരിച്ച് ജീവിതത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരുവാനും പ്രചോദനമാകുന്നതായിരുന്നു പ്രസ്തുത വെബിനാർ.

### 3. ചൊവാഴ്ച കൂട്ടായ്മ

തൃശ്ശൂർ സോണിലെ എല്ലാ ജീസസ് യുത്തും ഒരുമിച്ചുവരുവാനും ഒന്നിച്ചു പ്രാർത്ഥിക്കുന്നതിനുമായി എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 7.30 മുതൽ 8.30 വരെ ഓൺലൈൻ ആയി ചൊവ്വാഴ്ച കൂട്ടായ്മ മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

### 4. തിരുഹൃദയ മാസാചരണം

തിരുഹൃദയ മാസത്തോടനുബന്ധിച്ച് വിവിധ സബ്സോണുകളിലും മിനിസ്ട്രികളിലുമായി വിപുല മായ രീതിയിൽ തന്നെ തിരുഹൃദയ മാസാചരണം ഭക്തിപൂർവ്വം ആഘോഷിച്ചു. നവ മാധ്യമങ്ങളിലൂടെ ദിവ

സവും ഒത്തുകൂടി വണക്കമാസ ജപം ചൊല്ലൽ, തിരുഹൃദയജപമാല ചൊല്ലി കാഴ്ചവെക്കൽ, സുകൃതജപം ശേഖരണം, തിരുഹൃദയത്തെ പ്പറ്റിയുള്ള വീഡിയോകൾ, പോസ്റ്ററുകൾ തുടങ്ങിയവയിലൂടെ അനേക രിലേക്ക് തിരുഹൃദയ ഭക്തി പകർന്ന് നൽകാൻ ജീസസ് യൂത്ത് കൂട്ടായ്മ നേതൃത്വം നൽകുകയുണ്ടായി. കൂടാതെ ജൂൺ 11 ന് തിരുഹൃദയ തിരുനാ ളിനോടുബന്ധിച്ച് എല്ലാവരും ഒത്തുകൂടി ദിവ്യാകാരുണ്യസാന്നിധ്യ ത്തിൽ കരുണയുടെ ജപമാല ചൊല്ലി കാഴ്ചവെക്കുകയും, ആരാധന യുടെ ഭാഗമാകുകയും ചെയ്തത് അനേകരെ ക്രിസ്തുവിലേക്ക് അടുക്കു വാൻ ഇടയാക്കി.

**5. നല്ല അയൽക്കാരൻ**

നന്മയ്ക്കൊപ്പം നല്ല അയൽക്കാരൻ എന്ന ആശയത്തിന്റെ ഭാഗ മായുള്ള ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഇപ്പോഴും വിവിധ സബ്സോ ണുകളിലും മിനിസ്ട്രികളിലും തുടർന്നുപോരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ഫുഡ് കിറ്റ്, മരുന്ന്, ഒഴിച്ചുകൂടാൻ കഴി യാത്ത രോഗി കൾക്കായി ഒരു മാസത്തേക്കുവേണ്ട മെഡിസിൻ കിറ്റ്, വിവിധ ആശുപ്രതികളിലേക്കായി ബ്ലഡ് ഡൊണേഷൻ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി സ്റ്റഡി കിറ്റ്, മൊബൈൽ ഫോൺ, ഫ്രീ റീചാർ ജ്ജ് തുടങ്ങിയ സേവനങ്ങൾ കഴിയും വിധം ചെയ്തുവരുന്നു. കൂടാതെ വേലൂർ സബ്സോണിലെ ആറംപ്പിള്ളി ഇടവകയിലെ സെന്റ് മരിയ ദേ മാരിതാസ് കോൺഗ്രിഗേഷൻസിലെ സിറ്റേഴ്സിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തിരുന്ന കൊള്ളി ജീസസ് യൂത്ത് സുഹൃത്തുക്കൾ ഏറ്റെടു ക്കുകയും, തനി നാടൻ ചലഞ്ച് എന്നപേരിൽ പരമാവധി പണം ലഭിക്ക ത്ത രീതിയിൽ വിൽക്കുകയും നേടിയ പണം ആറംപ്പിള്ളി ജീവദാനിൽ താമസിക്കുന്ന അമ്മമാർക്കു കൈമാറുകയും ചെയ്തത് വേറിട്ട് മാതൃക യായി.

**6. അഭിനന്ദനങ്ങൾ**

പൊങ്ങണംകാട് ഇടവകാംഗവും ജീസസ് യൂത്ത് ലൂർദ് സബ്സോൺ സർവീസ് ടീം മെമ്പറും കൂടി യായ ഗോഡ്സൺ പയ്യക്കാട്ട നന്മ നിറഞ്ഞ മറിയമേ എന്ന് തുടങ്ങുന്ന പരി.അമ്മയോടുള്ള പ്രാർത്ഥന പരമാവധി ഭാഷകളിൽ ബോട്ടിൽ ആർട്ട് ആയി അവതരിപ്പിച്ചത് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സിലും ഇടം നേടി.

നടത്തറ ഇടവകാംഗവും നടത്തറ ജീസസ് യൂത്ത് പാരിഷ് പ്രയർ ഗ്രൂപ്പ് അംഗവും ആയ ടോം വർഗ്ഗീ സ്, തിയോളജി ആർട്ട് ടെക്നി

ക്ക് ഉപയോഗിച്ച് വരച്ച പോർട്രെയിന്റിന് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ സ്ഥാനം പിടിച്ചു.

നടത്തറ ഇടവകാംഗവും നടത്തറ ജീസസ് യൂത്ത് പാരിഷ് പ്രയർ ഗ്രൂപ്പ് അംഗവും ആയ ശിൽപ ഇ. ആർ വി.മത്തായിയുടെ സുവിശേഷം മിറർ റൈറ്റിംഗ് ടെക്നിക് ഉപയോഗിച്ച് അവതരിപ്പിച്ചത് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി.

നമുക്കും നാടിനും ഏറെ അഭിമാനിക്കാവുന്ന നേട്ടം കൈവരിച്ച ഗോഡ്സൺ പയ്യക്കാട്ടിനും, ടോം വർഗ്ഗീസിനും, ശിൽപ ഇ.ആർ നും ജീസസ് യൂത്ത് കുടുംബത്തിന്റെ പ്രത്യേകം അഭിനന്ദനങ്ങൾ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

# KCSL

KCSL തൃശൂർ അതിരൂപത പുതിയ പ്രവർത്തനവർഷത്തേക്ക് പ്രവേശിക്കുന്നു. കോവിഡ് ഭീതി നിലനിൽക്കുന്നതിനാൽ ഈ വർഷവും ഒത്തുചേരലുകൾ പരമാവധി ഒഴിവാക്കി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഈ വർഷവും മെമ്പർഷിപ്പ് ഫീ, കൂപ്പൺ ഫണ്ട് ശേഖരണം, ബൊക്കെ വിതരണം, ക്യാമ്പുകൾ, സ്കോളർഷിപ്പ് വിതരണം, മെറിറ്റ് ഡെ എന്നിവ ഉണ്ടായിരിക്കുകയില്ല.

- **ഈ വർഷത്തെ പഠന വിഷയങ്ങൾ**
  1. ഭൂമി നമ്മുടെ ഭവനം. പരിസ്ഥിതി സംരക്ഷണം
  2. കാർഡിനൽ ന്യൂമാൻ നിത്യശാന്തിയുടെ പ്രവാചകൻ
- **2021–2022 വർഷത്തെ കെസിഎസ്സ്എൽ അതിരൂപതാതല പ്രവർത്തനങ്ങൾ**

28–8–2021 ശനി അതിരൂപത ആനിമേറ്റേഴ്സ് സംഗമം – പ്രവർത്ത

നോദ്ഘാടനം കാലത്ത് 10 ന്

11–9–2021 ശനി മദർതെരേസ ദിനം ശില്പശാല – കാലത്ത് 10.30 ന്

2–10–2021 ശനി കലാസാഹിത്യോത്സവം

3–12–2021 വെള്ളി KCSL ദിനം അതിരൂപതാ വാർഷികം

■ **കലാ സാഹിത്യ മത്സരങ്ങൾ**

2021 ഒക്ടോബർ 2ന് ഓൺലൈനായി മത്സരം നടക്കുന്നു. സെപ്തംബർ 15 ന് മുൻപ് നിശ്ചിത ഫോമിൽ പേരുകൾ നൽകേണ്ടതാണ്.

**വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.**

**മത്സര ഇനങ്ങൾ**

1. ഉപന്യാസം (1 മണിക്കൂർ) മത്സരദിവസം കാലത്ത് 10ന്. മത്സരവിഷയം തരും. എഴുതാൻ 1 മണിക്കൂർ, ഓൺലൈനായി തന്നെ നിർദ്ദേശമനുസരിച്ച് Submit ചെയ്യണം.
2. ഡിജിറ്റൽ പെയിന്റിംഗ് (1 മണിക്കൂർ) മത്സര ദിവസം ഉച്ചയ്ക്ക് 12.30ന് മത്സരവിഷയം നൽകും. മത്സരസമയം കഴിഞ്ഞാൽ ഓൺലൈനായി Submit ചെയ്യണം.
3. പ്രസംഗം മലയാളം മത്സര ദിവസം ഉച്ചയ്ക്ക് 2.00 ന് വിഷയം നൽകും. 5 മിനിട്ടിൽ കവിയാത്ത പ്രസംഗം വീഡിയോ എടുത്ത് നിശ്ചിത സമയത്തിനകം Submit ചെയ്യണം.
4. ഭക്തിഗാനം (ആൺകുട്ടികൾ – 5 മിനിട്ട്) ക്രൈസ്തവ ഭക്തി ഗാനമാണ് പാടേണ്ടത്. 5 മിനിട്ടിൽ കവിയരുത്. ഗൂഗിൾ മീറ്റിൽ കയറി ജഡ്ജസിന്റെ സാന്നിധ്യത്തിൽ ഓൺലൈനായാണ് പാടേണ്ടത്. മത്സരസമയം ഓരോ മത്സരാർത്ഥിയേയും മുൻകൂട്ടി അറിയിക്കും.
5. ഭക്തിഗാനം (പെൺകുട്ടികൾ – 5 മിനിട്ട്) ക്രൈസ്തവ ഭക്തി ഗാനമാണ്പാടേണ്ടത്. 5 മിനിട്ടിൽ കവിയരുത്. ഗൂഗിൾ മീറ്റിൽ കയറി ജഡ്ജസിന്റെ സാന്നിധ്യത്തിൽ ഓൺലൈനായാണ് പാടേണ്ടത്. മത്സരസമയം ഓരോ മത്സരാർത്ഥിയേയും മുൻകൂട്ടി അറിയിക്കും.
6. KCSL ഗാനം (ഗ്രൂപ്പ് ഇനം 7 പേർ) ഏഴു പേരടങ്ങുന്ന ഒരു ഗ്രൂപ്പായാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. 64 സെക്കന്റാണ് അവതരണ സമയം. ഉപകരണങ്ങൾ ഉപയോഗിക്കാനാവില്ല. വീഡിയോ നിർദ്ദേശാനുസരണം upload ചെയ്യേണ്ടതാണ്.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# കരുണ ട്രസ്റ്റ്

**വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു**

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ.ടി.സി., പാരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2021 സെപ്തംബർ 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2021 ആഗസ്റ്റ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വെബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. നൈസൺ ഏലന്താനത്ത്, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ


# തിരുനാൾ
# ആശംസകൾ



**പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണം**
ആഗസ്റ്റ് 15



**വി. ജോൺ മരിയ വിയാനി**
ആഗസ്റ്റ് 4



**വി. എവുപ്രാസ്യമ്മ**
ആഗസ്റ്റ് 29

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2021
**August - 2021**



# ഇന്ത്യൻ സ്വാതന്ത്ര്യദിനാശംസകൾ

**ആഗസ്റ്റ് 15**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor